# ഒമ്പതാം പദ്ധതി
# നമ്മുടെ പദ്ധതി

## ജനകീയാസൂത്രണ പ്രസ്ഥാനം

## വികസന റിപ്പോർട്ട്

# വരവൂർ
# ഗ്രാമപഞ്ചായത്ത്

**1996**

K. C. Printers, Erumapetty.

83-7

# ഒമ്പതാം പദ്ധതി-നമ്മുടെ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

## വികസന റിപ്പോർട്ട്

# വരവൂർ

# ഗ്രാമപഞ്ചായത്ത്

**1996**

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1 ഇ. ഗോപിനാഥൻമാസ്റ്റർ
2 എം. ജി. അരവിന്ദാക്ഷൻമാസ്റ്റർ
3 വി. സോമശേഖരൻമാസ്റ്റർ
4 കെ. എം. മുഹമ്മദലിമാസ്റ്റർ
5 എ. എസ്. അച്ചുതൻമാസ്റ്റർ
6 നീന മേനോൻ – കൃഷി ആഫീസർ
7 ഡി. കെ. നാഗേഷ് – മെഡിക്കൽ ആഫീസർ
8 സത്യൻ – V. E. O. വരവൂർ
9 ശങ്കരൻകുട്ടി – കൃഷിഭവൻ, വരവൂർ
10 ഡി. നാരായണൻനായർ
11 എം. കെ ദാമോദരൻ
12 പാസ്കൽ ഡിസിൽവ - സെക്രട്ടറി
13 കെ. സുഭാസ്
14 സി. ഉണ്ണികൃഷ്ണൻ
15 എം. എ. ഗോപിനാഥൻ
16 കെ. എൻ. രാജൻ
17 വി. എ. രാധാകൃഷ്ണൻ
18 എം. പി. നാരായണൻ
19 എ. ബി. ശങ്കരൻ
20 സീമ ബാബു
21 സി. വാസുദേവൻനായർ
22 സി. കെ. യൂസഫ്
23 ടി. കെ. ഉണ്ണികൃഷ്ണൻ
24 പി. എ. അബൂബക്കർ
25 എം. ജി. ധനലക്ഷ്മി
26 പി. എം. കമ്മുട്ടി
27 കെ. കെ. മല്ലിക
28 വി. കെ. കൃഷ്ണൻകുട്ടി
29 കെ. വി. നബീസ
30 കെ. സി. ഫ്രാൻസിസ്മാസ്റ്റർ

# വരവൂർ ഗ്രാമപഞ്ചായത്ത്
## വികസനസമിതി പഠനയാത്രയിൽ കണ്ടെത്തിയ വിഭവസ്രോതസ്സുകൾ

N
W E
S



# ആമുഖം

ഇന്ത്യയിൽ ആസൂത്രണ പദ്ധതികൾ ആരംഭിച്ചത് അമ്പതുകളിലാണ്, പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ജനങ്ങൾക്ക് പങ്കുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ ഈ പദ്ധതികളൊന്നും വേണ്ടത്ര വിജയിച്ചില്ല.

അധികാരം ജനങ്ങളിലേക്ക് പകരാൻ സഹായകമായ നിയമ നിർമ്മാണമായിരുന്നു ഭരണഘടനയുടെ 73, 74 വകുപ്പുകളുടെ ഭേദഗതി. പഞ്ചായത്ത് രാജ് നിയമം നടപ്പിലായതോടെ, ത്രിതല പഞ്ചായത്തുകൾ നടപ്പിൽ വരികയും, ഏററവും അടിത്തട്ടിലെ ആവശ്യങ്ങൾ അറിയുന്നതിനും, പരിഹരിക്കുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഗ്രാമസഭാ സംവിധാനം സഹായകമായി. 1997 ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന ഒമ്പതാംപദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുന്നതിന് സർക്കാർ തീരുമാനമെടുത്തു പദ്ധതിച്ചെലവിന്റെ 35_40 ശതമാനം പഞ്ചായത്തുകൾക്ക് കൈമാറാനുള്ള തീരുമാനവും സർക്കാർ തലത്തിലുണ്ടായി ഇതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള അവസരം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചു.

ആസൂത്രണം താഴെത്തട്ടിൽ നിന്നും ആരംഭിക്കുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ഗ്രാമസഭകൾ ചേർന്ന് അതാത് മേഖലകളിലെ വികസന പ്രശ്നങ്ങളും, പരിഹാര മാർഗ്ഗങ്ങളും ചർച്ച ചെയ്തു. ഇത് ഒരു പുതിയ അനുഭവവും ആവേശവുമായി മാറുകയും ജനങ്ങളുടെ കൂട്ടായ്മയിലൂടെ പദ്ധതികൾ വിജയിപ്പിക്കേണ്ടത് ആവശ്യമാണെന്ന ബോധം ജനങ്ങളിൽ ഉണ്ടാവുകയും ചെയ്തു.

ഇതിനായി ഈ പഞ്ചായത്തിലെ ഒമ്പത് വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുചേർത്തു. ശരാശരി 150 പേർ ഈ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭകൾ വിജയപ്രദമായി സംഘടിപ്പിക്കുന്നതിനും, വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി ജില്ലാ തലത്തിലും, പ്രാദേശിക തലത്തിലും പരിശീലന ക്ലാസ്സുകൾ നടന്നു. ജനപ്രതിനിധികളും, തെരഞ്ഞെടുത്ത മററു പ്രതിനിധികളും ഈ പരിശീലന ക്ലാസ്സുകളിൽ പങ്കെടുത്തു. തുടർന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഏകദിന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുകയും, വിവിധ വിഷയങ്ങളെക്കുറിച്ച് ജില്ലാ പരിശീലനം നേടിയവർ ക്ലാസ്സെടുക്കുകയും ചെയ്തു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിവിധ മേഖലകൾക്ക് പ്രത്യേകം കോർഗ്രൂപ്പുകൾ രൂപീകരിക്കുകയും, അടുത്ത ദിവസങ്ങളിൽ പഞ്ചായത്തിൽ പഠന പര്യടനം നടത്തുകയും ചെയ്തു. ദ്വിതീയ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും, വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ അവലോകനം ചെയ്യുകയും, പുതിയ പ്രശ്നങ്ങളും നിർദ്ദേശങ്ങളും സമാഹരിക്കുകയും ചെയ്തു.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും, പരിഹാര മാർഗ്ഗങ്ങളും, ദ്വിതീയ സ്ഥിതി വിവരക്കണക്കിൽ നിന്നും കിട്ടിയ വിവരങ്ങളും, വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച വിവരങ്ങളും, പഠന പര്യടനത്തിൽ നിന്നും ദൃശ്യമായ അറിവും ക്രോഡീകരിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. ഈ രംഗങ്ങളിലെല്ലാം ജനപങ്കാളിത്തം വളരെ സജീവമായിരുന്നു.



എം. വി. ഗോപാലൻനായർ
മുൻപഞ്ചായത്ത് പ്രസിഡൻറ്



സി. ജി. മേനോൻ
മുൻപഞ്ചായത്ത് പ്രസിഡൻറ്



ഒ. പി. മേനോൻ
മുൻപഞ്ചായത്ത് പ്രസിഡൻറ്



വി. ബി. സീമാ ബാബു
പ്രസിഡൻറ്



സി. വാസുദേവൻ നായർ
വൈസ് പ്രസിഡൻറ്



പാസ്കൽ ഡിസിൽവ
സെക്രട്ടറി



സി. കെ. യൂസഫ്
സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | വരവൂർ ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് | - | വരവൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | വരവൂർ, പിലക്കാട്, തിച്ചൂർ |
| ബ്ലോക്ക് പഞ്ചായത്ത് | - | വടക്കാഞ്ചേരി |
| താലൂക്ക് | - | തലപ്പിള്ളി |
| ജില്ല | - | തൃശൂർ |
| നിയമസഭാ മണ്ഡലം | - | ചേലക്കര |
| ലോകസഭാ മണ്ഡലം | - | ഒററപ്പാലം |
| വിസ്തീർണ്ണം | - | 29.76 ച. കി. മീററർ. |

അതിരുകൾ:-

| | | |
|---|---|---|
| വടക്ക് | - | ദേശമംഗലം പഞ്ചായത്ത് |
| തെക്ക് | - | എരുമപ്പെട്ടി പഞ്ചായത്ത് |
| കിഴക്ക് | - | മുള്ളൂർക്കര പഞ്ചായത്ത്, വള്ളത്തോൾനഗർ പഞ്ചായത്ത് |
| പടിഞ്ഞാറ് | - | തിരുമിററക്കോട് പഞ്ചായത്ത്, എരുമപ്പെട്ടി പഞ്ചായത്ത് |

| | | |
|---|---|---|
| ജനസംഖ്യ | - | 18710<br>പുരുഷൻമാർ - 8826<br>സ്ത്രീകൾ - 9884 |
| പട്ടികജാതി ജനസംഖ്യ | - | 2997 |
| ഹരിജൻ കോളനികൾ | - | 33 |
| സാക്ഷരതാനിരക്ക് | - | 93.5 |
| വാർഡുകളുടെ എണ്ണം | - | 9 |
| പ്രസിഡൻറ് | - | ശ്രീമതി. സീമ ബാബു |
| വൈസ് പ്രസിഡൻറ് | - | ശ്രീ. സി. വാസുദേവൻനായർ |
| സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ | - | ശ്രീ സി. കെ. യൂസഫ് |

മററ് വാർഡ് മെമ്പർമാർ:-

ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ
ശ്രീ. പി. എ. അബൂബക്കർ
ശ്രീമതി. എം. ജി. ധനലക്ഷ്മി
ശ്രീ. പി. എം. കമ്മുട്ടി
ശ്രീമതി. കെ. കെ. മല്ലിക
ശ്രീ. വി. കെ. കൃഷ്ണൻകുട്ടി



ടി. കെ. ഉണ്ണികൃഷ്ണൻ
മെമ്പർ



പി. എ അബൂബക്കർ
മെമ്പർ



ധനലക്ഷ്മി ശങ്കു
മെമ്പർ



പി. എം. കമ്മുട്ടി
മെമ്പർ



കെ. കെ. മല്ലിക
മെമ്പർ



വി. കെ. കൃഷ്ണൻകുട്ടി
മെമ്പർ

## പഠനപര്യടനത്തിൽ പങ്കെടുത്തവർ

1. എം. ജി. അരവിന്ദാക്ഷൻമാസ്റ്റർ
2. വി. സോമശേഖരൻമാസ്റ്റർ
3. സി. വാസുദേവൻനായർ
4. എം. ജി ധനലക്ഷ്മി
5. കെ. കെ. മല്ലിക
6. പി. എം. കമ്മുട്ടി
7. വി. കെ. കൃഷ്ണൻകുട്ടി
8. കെ. വി. നബീസ
9. ലീല
10. കെ. കെ. ബാബു
11. എ. ബി. ശങ്കരൻ
12. ബാലകൃഷ്ണൻ
13. അയ്യപ്പൻ
14. അനന്തകൃഷ്ണൻ
15. കെ സുഭാഷ്
16. കെ. എം. മുഹമ്മദലിമാസ്റ്റർ
17. പി. എ. അബൂബക്കർ
18. വി. കെ. രാഘവൻ
19. കെ. വാസു
20. വി. കെ. രവീന്ദ്രനാഥൻ
21. വി. എ രാധാകൃഷ്ണൻ
22. എം. പി. നാരായണൻ
23. ടി. കെ. ഉണ്ണികൃഷ്ണൻ
24. എം. കെ. കാർത്തികേയൻ
25. കെ. ദിനേശൻ

# വരവൂർ ഗ്രാമപഞ്ചായത്ത്

## ചരിത്രപശ്ചാത്തലം

തൃശൂർ ജില്ലയിൽ, തലപ്പിള്ളി താലൂക്കിൽ ചേലക്കര അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതും, വടക്കാഞ്ചേരി ബ്ലോക്ക് അതിർത്തിയിൽപ്പെടുന്നതുമായ വരവൂർ ഗ്രാമപഞ്ചായത്ത് കിഴക്കു പടിഞ്ഞാറായി ദീർഘചതുരാകൃതിയിൽ 29.76 ചകിലോമീററർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി തൃശൂർ-ദേശമംഗലം റോഡരികിൽ ഇന്നത്തെ വരവൂർ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്ത് കെട്ടിടത്തിന് 18-3-1972ൽ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ സി. ജി. മേനോൻ തറക്കല്ലിടുകയും, 18-3-1973ൽ അന്നത്തെ വകുപ്പ് മന്ത്രിയായിരുന്ന ബഹു: ശ്രീ. അവുക്കാദർ കുട്ടിനഹ ഉൽഘാടനം ചെയ്യുകയും ചെയ്തു. ഈ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. ഒ പി. മേനോൻ ആയിരുന്നു. 1964 മുതൽ 1978 വരെ നിലവിലുണ്ടായിരുന്ന ഏഴംഗ ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. സി. ജി. മേനോൻ ആയിരുന്നു 1979 മുതൽ 1984 വരേയും, 1988 മുതൽ 1995 വരേയും ശ്രീ. എം. വി. ഗോപാലൻ നായരായിരുന്നു പഞ്ചായത്ത് പ്രസിഡണ്ട്. അതിനുശേഷം ഇപ്പോൾ നിലവിലുള്ള ഒമ്പതംഗ ഭരണസമിതി നിലവിൽ വന്നു. ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സീമാ ബാബുവും, വൈസ്പ്രസിഡണ്ട് ശ്രീ. സി. വാസുദേവൻ നായരുമാണ്.

### ഭൂപ്രകൃതി:

ഈ പഞ്ചായത്ത് ദേശമംഗലം, തിരുമിററക്കോട്, വള്ളത്തോൾ നഗർ, എരുമപ്പെട്ടി, മുള്ളൂർക്കര എന്നീ പഞ്ചായത്തുകൾക്കിടയിലായി കിടക്കുന്നു. വടക്ക് കോട്ടക്കുന്നും തെക്ക് നെടുനീളെ നീണ്ടുകിടക്കുന്ന തേക്കിൻകാടുകളും വടക്ക് പടിഞ്ഞാറ് കൊട്ടകമഴ്ത്തിക്കുന്നും, കിഴക്ക് ചെമ്പിക്കുന്നും നാലതിരുകളാണ്. ഈ പഞ്ചായത്തിൽ എവിടെ നോക്കിയാലും ചെറിയ കുന്നുകളും, കുന്നിൻചെരിവുകളും, സമതലപ്രദേശങ്ങളും, പച്ചപുതച്ച നെൽപ്പാടങ്ങളും കാണാവുന്നതാണ്. ഈ പഞ്ചായത്തിന്റെ തെക്ക്, കിഴക്ക്, ഭാഗങ്ങളിൽ നിന്നും തുടങ്ങി കുമരപ്പനാൽ ഭാഗത്ത് സന്ധിച്ച് പഞ്ചായത്ത് ഓഫീസിനെ തൊട്ടുരുമ്മി പടിഞ്ഞാറോട്ടൊഴുകി തിരുമിററക്കോട് പഞ്ചായത്തിൽ കൂടി ഭാരതപ്പുഴയിൽ ചെന്നുചേരുന്ന ഒരു തോടും, ഏകദേശം ഇരുപത്തിമൂന്ന് കുളങ്ങളുമാണ് പ്രധാന ജലസ്രോതസ്സുകൾ.

### കാലാവസ്ഥ:

തലപ്പിള്ളി താലൂക്കിന്റെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് മഴയുടെ ലഭ്യത കുറവാണ്. പ്രധാനമായും ഇടവപ്പാതിയും, തുലാവർഷവും ലഭിക്കുന്നു. ചില വർഷങ്ങളിൽ ഇടമഴ കിട്ടാറുണ്ട്. പാലക്കാട് ചുരംവഴി വരുന്ന കാററ് നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ ഈ പഞ്ചായത്തിനെ പൂർണ്ണമായും വരണ്ടതാക്കുന്നു. ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണ് ഇത്. കഠിനമായ ചൂടും, നല്ല തണുപ്പും അനുഭവപ്പെടാറുണ്ട്. കഴിഞ്ഞ രണ്ടുകൊല്ലമായി നൂറിലേറെ പ്രാവശ്യം ഭൂചലനങ്ങൾ അനുഭവപ്പെടുകയും നിരവധി കെടുതികൾ അനുഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പ്രദേശമാണ്.

### മണ്ണ്:

ഭൂമിയിൽ നല്ലൊരുഭാഗം കരിങ്കൽപ്പാറകളും, വെട്ടുകല്ലും മററുപ്രദേശങ്ങളിൽ ചരൽകലർന്ന പശിമരാശി മണ്ണുമാണ്.

### ഭൂവിനിയോഗം:

ജന്മി-കുടിയാൻ ബന്ധം നിലനിന്നിരുന്ന പ്രദേശമാണ് വരവൂർ ഗ്രാമപഞ്ചായത്ത്. ജന്മികളിൽ പ്രധാനികൾ കപ്പിങ്ങാട്ട്മനയും, ദേശമംഗലംമനയും പുല്ലങ്ങാട്ടുമഠം, നാറേരിമന, വടക്കുന്നാഥൻദേവസ്വം, പാലിയംദേവസ്വം എന്നിവയും ആയിരുന്നു. കാർഷികബന്ധബില്ലും, തുടർന്നുവന്ന ഭൂപരിഷ്ക്കരണ നിയമവും ജന്മി - കുടിയാൻ ബന്ധത്തിൽ കാര്യമായ മാററങ്ങൾ വരുത്തി. പാട്ടഭൂമിയിൽ പണിയെടുത്തിരുന്ന കർഷകർ ഭൂഉടമകളായി മാറി. ജന്മികളിൽ മിക്കവരും ഗ്രാമംവിട്ട് അയൽജില്ലകളിലേക്കും മദ്രാസ്, ബോംബെ തുടങ്ങിയ നഗരങ്ങളിലേക്കും താമസം മാററി. ചിലർ ഇപ്പോഴും ഇവിടെത്തന്നെ തങ്ങളുടെ കൈവശമുള്ള ഭൂമിയിൽ കൃഷിചെയ്തും മററു തൊഴിലുകളിൽ ഏർപ്പെട്ടും ജീവിക്കുന്നു. ഭൂപരിഷ്ക്കരണത്തെ തുടർന്ന് ജന്മികളിൽ നിന്നും മിച്ചഭൂമിയായി സർക്കാരിൽ നിക്ഷിപ്തമായസ്ഥലം ഭൂരഹിതർക്ക് പതിച്ചുകൊടുത്തിട്ടുണ്ട്.

1983-84 കാലഘട്ടങ്ങളിൽ ഭൂരഹിത വിഭാഗത്തിന് ഒന്ന്, നാല് വാർഡുകളിൽ 40 പേർക്ക് ഒരേക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ട്. 1972 - 73

കാലത്ത് ലക്ഷംവീട് പദ്ധതിയുടെ ഭാഗമായി 86 കുടുംബങ്ങൾക്ക് തിച്ചൂർ, തളി, പിലക്കാട്, വരവൂർ ആറാം വാർഡ്, എട്ടാം വാർഡ് എന്നീ സ്ഥലങ്ങളിൽ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ ഭൂമിയിൽ പകുതിയോളം നെൽപാടങ്ങളാണ്. ജല ദൗർലഭ്യം കാരണം പുഞ്ചകൃഷി വളരെ കുറവാണ്. റബ്ബർ, തെങ്ങ്, കമുക്, കുരുമുളക്, പച്ചക്കറികൾ, ഇഞ്ചി, നേന്ത്രവാഴ, മററു വാഴകൾ, മരച്ചീനി എന്നിവയാണ് പ്രധാന കൃഷികൾ. മുമ്പ് വൻതോതിൽ മരച്ചീനിയും, മധുരക്കിഴങ്ങും കൃഷി ചെയ്തിരുന്ന പ്രദേശങ്ങൾ ഇപ്പോൾ റബ്ബർ തോട്ടങ്ങളായി മാറിക്കഴിഞ്ഞു.

## വനം:

പഞ്ചായത്തിൻെറ വടക്ക്, കിഴക്ക്, തെക്ക് ഭാഗങ്ങൾ വനപ്രദേശമാണ്. ഒരു കാലത്ത് വന്യമൃഗ മേഖലയായി പ്രഖ്യാപിക്കപ്പെട്ടിരുന്ന ഇവിടെ പുലി, കാട്ടുപന്നി മുതലായ വന്യജീവികളുടെ വിഹാര കേന്ദ്രമായിരുന്നു. അതിൻെറ അവശിഷ്ടമായി പുലിമടപ്പറമ്പ് എന്നു പറയുന്ന സ്ഥലത്ത് 'നരിമട' (ഗുഹ) കാണാവുന്നതാണ്. ഈ നരിമടപറമ്പിൻെറ പടിഞ്ഞാറ് ഭാഗത്ത് ഉദ്ദേശം രണ്ട് ച. കി. മീററർ വിസ്തൃതിയിൽ കിടക്കുന്ന മൈതാനം ആകർഷണീയം തന്നെയാണ്. ഇപ്പോഴും വരവൂരിലെ കാടുകളിൽ മയിൽ, കാട്ടുപന്നി, കേഴമാൻ, കുരങ്ങ് എന്നീ ജീവികളെ കാണാം. പൂങ്ങോട് ഭാഗത്ത് P. W. D റോഡിൻെറ കിഴക്കുവശത്തുള്ള തേക്കിൻ കാട്ടിൽ ഒരു വലിയ ശില നിവർന്നുനിൽക്കുന്നത് ആകർഷകമായ കാഴ്ചയാണ്. തെക്കുഭാഗത്തുള്ള വനപ്രദേശത്ത് കണ്ടൻ ചിറയിലുള്ള ഒലിച്ചി വെള്ളച്ചാട്ടം വളരെ മനോഹരമാണ്.

## ജനങ്ങൾ:

1996ലെ ജനസംഖ്യ ദ്വിതീയ സ്ഥിതി വിവരകണക്കനുസരിച്ച് 18710 ആണ്. ഇതിൽ 8826 പുരുഷൻമാരും, 9884 സ്ത്രീകളുമാണ്. ഇതിൽ കുട്ടികളുടെ എണ്ണം 1545 ആണ്. പഞ്ചായത്തിലെ മൂന്ന് വിദ്യാലയങ്ങളായ ഗവ: ഹൈസ്ക്കൂൾ, ഗവ: എൽ. പി. സ്ക്കൂൾ, എ. എൻ. എം. എം. യു. പി. സ്ക്കൂൾ തളി എന്നിവിടങ്ങളിലായി 3225 വിദ്യാർത്ഥികൾ പഠിക്കുന്നു. ജനസംഖ്യയിൽ ഭൂരിഭാഗം ഹിന്ദുമത വിശ്വാസികളാണ്. ഏകദേശം മൂന്നിലൊന്ന് വീട്ടുകാർ ഇസ്ലാംമത വിശ്വാസികളാണ്. ക്രിസ്ത്യൻമത വിഭാഗക്കാർ താരതമ്യേന വളരെ വിരളമാണ്.

ജനങ്ങളിൽ കൂടുതലും കൃഷിക്കാരും, കർഷകത്തൊഴിലാളികളുമാണ്. കാർഷികരംഗത്തുണ്ടായ നിയമങ്ങൾക്കനുസരിച്ച് ഭൂരിപക്ഷം കുടുംബങ്ങളും വിസ്തൃതിയിൽ ഏററക്കുറച്ചിലുകളുണ്ടെങ്കിലും സ്വന്തമായി ഭൂമിയുള്ളവരാണ്. മിച്ചഭൂമി ലഭ്യമായവരിൽ പകുതിയിലധികം പേരും ഭൂമി കൈമാററം നടത്തിയവരാണ് എന്നതാണ് അനുഭവം.

കഴിഞ്ഞ 50 വർഷങ്ങൾക്കിടയിൽ ജനങ്ങളുടെ ജീവിതരീതിയിൽ പ്രകടമായ വ്യത്യാസം വന്നിട്ടുണ്ട്. വളരെ കൂടുതൽപേർ ജീവിതനിലവാരം മെച്ചപ്പെട്ടവരാണ്. ജാതി വ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിന് അയവ് വന്നിരിക്കുന്നു. ആചാരാനുഷ്ഠാനങ്ങൾ ഓരോ മതക്കാരും അവരവരുടെ മതവിശ്വാസങ്ങൾക്കനുസരിച്ച് നടത്തിവരുന്നു. ജനങ്ങൾ മതസൗഹാർദ്ദത്തോടെ കഴിയുന്നു. മാററങ്ങൾക്കനുസരിച്ചും, വിദ്യാഭ്യാസപുരോഗതിയുടെ ഫലമായും എല്ലാവിഭാഗത്തിലും കുടുംബാസൂത്രണ മാർഗങ്ങൾ സ്വീകരിച്ചവരുണ്ട്. മിശ്രവിവാഹം അപൂർവ്വം ചിലർ നടത്തുന്നുണ്ട്. വിവാഹം മുതലായ സാമൂഹ്യചടങ്ങുകൾ പ്രായേണ കഴിവിന്നതീതമായി ആഡംബരപൂർവ്വമാണ് നടത്തുന്നത്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണെങ്കിലും.

പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യത്തിൽ വരവൂർ കപ്പിങ്ങാട്ട് മനയുടെ സംഭാവന എടുത്തുപറയേണ്ടതുതന്നെയാണ്. മനയുടെ വിറകുപുരയിൽ ആരംഭിച്ച പ്രൈമറി സ്ക്കൂളാണ് ഇന്നത്തെ ഗവ: ഹൈസ്ക്കൂളായി മാറിയത്. ഹൈസ്ക്കൂളിൽനിന്നും എൽ. പി. സ്ക്കൂളിനെ പിന്നീട് വേർതിരിക്കുകയായിരുന്നു. തളിയിലെ ഏഴിക്കരഇല്ലം നാരായണൻ മൂസ്സത് മെമ്മോറിയൽ യു. പി. സ്ക്കൂളും പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് കാര്യമായ സംഭാവന നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജസ്വലമായി നടന്നതാണ്. സാക്ഷരതാ പ്രവർത്തന സമയത്ത് എഴുത്തും, വായനയും അഭ്യസിച്ചവരെ തുടർന്നും പ്രോത്സാഹിപ്പിക്കാൻ കഴിയാഞ്ഞ സാഹചര്യത്തിൽ അവരിൽ പലരും ഇപ്പോഴും നിരക്ഷരരായി കണക്കാക്കപ്പെടേണ്ടവരാണ്. യുവജനങ്ങളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പരക്കെയുണ്ട്. ബിരുദധാരികളും, കുറഞ്ഞ തോതിൽ ബിരുദാനന്തരബിരുദധാരികളും, അഭിഭാഷകർ, കോളേജ് ലക്ചറർമാർ, എഞ്ചിനീയർമാർ, ഡോക്ടർമാർ എന്നിവരും പഞ്ചായത്തിലുണ്ട്.

കാർഷികമേഖലയിൽ തൊഴിലാളികളുടെ ലഭ്യത പ്രതിദിനം കുറഞ്ഞുവരുന്നു. കെട്ടിട നിർമ്മാണം, ക്ഷേത്രവാദ്യകല, പാചകകല, ചെങ്കല്ല് വെട്ട്, റബ്ബർ ടാപ്പിങ്ങ് എന്നീ മേഖലയിൽ ജോലിചെയ്യുന്ന കുറെ പേരുണ്ട്. സ്ത്രീകളിലധികവും കാർഷികമേഖല,

ബീഡിനിർമ്മാണം, ഖാദി എന്നീ രംഗങ്ങളിലാണ് ജോലി ചെയ്യുന്നത്.

സ്ത്രീകളിൽ ഭൂരിഭാഗവും ഗാർഹിക ജോലിയിൽ മാത്രം ഏർപ്പെടുന്നവരാണ്. കുന്നംകുളം, പട്ടാമ്പി, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ നിന്നും മത്സ്യം കൊണ്ടുവന്ന് സൈക്കിളിൽ കച്ചവടം നടത്തുന്ന ഏതാനും ആളുകളുണ്ട്. സ്വകാര്യ വ്യക്തികളുടെ കീഴിൽ കുട്ടനിർമ്മാണം നടത്തുന്ന നൂറിൽ താഴെ വീട്ടുകാർ വിവിധ കോളനികളിലായി താമസിക്കുന്നു. ഇതിൽ ഏർപ്പെട്ടവരെല്ലാം തന്നെ സാംബവ വിഭാഗത്തിൽ പെട്ടവരാണ്. വ്യവസായങ്ങളൊന്നും നിലവിലില്ലാത്തതിനാൽ വ്യാവസായിക തൊഴിലാളികൾ ഇല്ലെന്ന് പറയാം.

ചുമട്ടുതൊഴിലാളി രംഗത്ത് ട്രേഡ് യൂണിയനുകൾ പ്രവർത്തിക്കുന്നുണ്ട് മരമില്ല്, നെല്ലുകുത്തുമില്ലുകൾ, ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകൾ. എണ്ണയാട്ടുന്ന മില്ലുകൾ. എന്നിവയുണ്ടെങ്കിലും ഇവയൊന്നും പറയത്തക്ക തൊഴിൽദായക സംരംഭങ്ങളല്ല. പഞ്ചായത്തിൽ സമൃദ്ധിയായി ഉണ്ടാകുന്ന മാങ്ങ, അടക്ക, നേന്ത്രക്കായ, കായ, നാളികേരം, ഇഞ്ചി, പുളി എന്നിവ കരാർ അടിസ്ഥാനത്തിൽ എടുത്ത് പുറത്തുകൊണ്ടുപോയി വിൽക്കുന്ന ചില കച്ചവടക്കാർ ഇവിടെയുണ്ട്.

ഗ്രാമത്തിലെ ജനങ്ങൾ സമാധാനപ്രിയരും, ആതിഥ്യമര്യാദ കാണിക്കുന്നവരുമാണ്. ഗ്രാമീണരിൽ പുതിയൊരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കാനും, തൊഴിലിന്റെ മാന്യത അംഗീകരിക്കാനും യുവജനങ്ങൾ ഇനിയും മുന്നോട്ട് വരേണ്ടതാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരും, അതിന്റെ പേരിൽ പെൻഷൻ ലഭിച്ചവരുമായ മൂന്നുപേർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ശ്രീ. എൻ. പി. മേനോൻ ഇപ്പോഴും ഇവിടെ താമസിക്കുന്നുണ്ട്. മററുള്ളവർ ശ്രീ. ചരുവള്ളി നാരായണൻനായർ, ശ്രീ. കുററുപ്പത്ത് കൃഷ്ണൻകുട്ടിനായർ എന്നിവർ ആയിരുന്നു. പ്രസിദ്ധ ജ്യോതിഷ പണ്ഡിതൻമാരായിരുന്ന ശ്രീ. കുപ്പിങ്ങാട്ട് മനക്കൽ നീലകണ്ഠൻ ഭട്ടതിരിപ്പാട്. വരവൂർ കളരിക്കൽ മാധവപണിക്കർ, വരവൂരിൽ നിന്നുള്ള ആദ്യത്തെ നിയമസഭാംഗം ശ്രീ. വി. കെ. അച്ചുതമേനോൻ, തിച്ചൂർ അയ്യപ്പസ്വാമി ക്ഷേത്രത്തിലെ തന്ത്രിയായിരുന്ന കക്കാട്ട് പരമേശ്വരൻ നമ്പൂതിരി, കഥകളി രംഗത്ത് പ്രസിദ്ധരായ ശ്രീ. കാവുങ്ങൽ ശങ്കരപണിക്കർ, ശ്രീ. ചാത്തുണ്ണിപണിക്കർ, പ്രസിദ്ധ മദ്ദളവിദഗ്ദ്ധനായിരുന്ന ശ്രീ. തിച്ചൂർ മണിയൻ പണിക്കർ, ഇപ്പോഴും രംഗത്ത് നിലകൊള്ളുന്ന മദ്ദളവിദഗ്ദ്ധൻ ശ്രീ. തിച്ചൂർ വാസുവാരിയർ പ്രശസ്ത അനസ്തേഷ്യാ വിദഗ്ദ്ധനും ഇപ്പോൾ അയർലണ്ടിൽ ജോലിചെയ്യുന്ന ആളുമായ ഡോ. വി കെ. നാരായണനുണ്ണി, പാരമ്പര്യ ബാലചികിത്സാ വിദഗ്ദ്ധരായ പള്ളിപ്പാടം ശങ്കരൻ വൈദ്യർ, അയ്യപ്പൻ വൈദ്യർ, കൈയാം കളിയിൽ പ്രസിദ്ധരായിരുന്ന മുണ്ടക്കപ്പറമ്പിൽ കുഞ്ഞുമുഹമ്മദ് പടലക്കാട്ടിൽ സെയ്താലി, അക്ഷരശ്ലോകരംഗത്ത് പ്രസിദ്ധനായിരുന്ന ആവശ്ശേരി രാമൻ മകൻ അച്ചുതൻ, പ്രസിദ്ധ ചെണ്ടവിദഗ്ദ്ധരായിരുന്ന തിയ്യാടി നാണുനമ്പ്യാർ, നായരുവീട്ടിൽ രാമനുണ്ണിനായർ, കൊങ്ങത്ത് കുട്ടികൃഷ്ണൻനായർ, ഇപ്പോഴും ജീവിച്ചിരിക്കുന്ന കയ്പംപുലാക്കൽ കുട്ടൻനായർ, ഓട്ടൻതുള്ളൽ വിദഗ്ദ്ധനായിരുന്ന ചെമ്പത്ത് അച്ചുതൻനായർ തുടങ്ങി വളരെപേർ ഈ പഞ്ചായത്തിന്റെ പ്രസിദ്ധിക്ക് കാരണക്കാരായിട്ടുണ്ട്.

# 1. കൃഷി, ജലസേചനം

ജന്മി-കുടിയാൻ ബന്ധം നില നിന്നിരുന്ന പ്രദേശമാണ് വരവൂർ ഗ്രാമപഞ്ചായത്ത്. ജന്മികളിൽ പ്രധാനികൾ കപ്പിങ്ങാട്ട് മനയും, മററു ബ്രാഹ്മണ കുടുംബങ്ങളും, ദേവസ്വങ്ങളുമായിരുന്നു. കാർഷികബന്ധബില്ലും തുടർന്നുവന്ന ഭൂപരിഷ്ക്കരണ നിയമവും ഈ ബന്ധത്തിൽ കാര്യമായ മാററങ്ങൾ വരുത്തി ബ്രാഹ്മണ കുടുംബങ്ങൾ പലതും അവർക്ക് അവകാശപ്പെട്ടതും, കാലാകാലങ്ങളായി കുടിയാൻമാരുടെ കൈവശമായിരുന്നതുമായ ഭൂമികൾ വിട്ടൊഴിഞ്ഞും, താമസസ്ഥലങ്ങൾ വിററും മക്കളും ബന്ധുക്കളും സ്ഥിരതാമസമാക്കിയിരുന്ന തൃശൂർ, മദ്രാസ്, ബോംബെ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് മാറി. ചില കുടുംബങ്ങൾ ഇവിടെത്തന്നെ താമസിക്കുന്നു.

പ്രാചീന കൃഷി സമ്പ്രദായം ഇന്നത്തെ തലമുറക്ക് പരിചിതമല്ല കന്നുകാലികളെ ഉപയോഗിച്ച് നിലം ഉഴുതും, ജലസേചനത്തിന് തുലാം, കാളത്തേക്ക്, കയററുകൊട്ട, ചക്രം എന്നിവഉപയോഗിച്ചും അവർ കൃഷി ചെയ്തു. അന്ന് സുലഭമായി ലഭിച്ചിരുന്ന പച്ചിലവളവും, കന്നുകാലി വളവും, വനപ്രദേശങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളത്തിലെ വളക്കൂറും ഉള്ള ഫലപുഷ്ടിയുള്ള മണ്ണിൽ നടത്തിയ കൃഷിയിൽ കർഷകർക്ക് നല്ല വിളവും ലഭിച്ചിരുന്നു. ഇന്നത്തെ കീടനാശിനികളൊന്നും ഇല്ലാത്ത അന്ന് ഓലപ്പുഴുവിനെ അകററാൻ അവർ മുറംകൊണ്ട് വീശുകയും, ഓലചുരുട്ടിപ്പുഴുവിനെ അകററാൻ തൊരടിമുള്ളിട്ട് വലിക്കുകയും ചെയ്തിരുന്നു. തവളക്കണ്ണൻ, കട്ടമോടൻ, ആര്യൻ, വെള്ളക്കഴമ, മുണ്ടകൻകുട്ടി, കോലി തുടങ്ങിയ നാടൻ വിത്തുകൾ ഉപയോഗിച്ച് ലാഭകരമായി കൃഷി നടത്തിയിരുന്നു. ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുന്നു മണ്ണിൻെറ നൈസർഗ്ഗിക ഗുണം നഷ്ടപ്പെട്ടു. അശാസ്ത്രീയമായ രാസവളപ്രയോഗവും, കീടനാശിനികളുടെ ഉപയോഗവും ഇതിന് കാരണമായിട്ടുണ്ട്.

കന്നുകാലികളുടെ സ്ഥാനത്ത് ട്രാക്ററുകളും, പവ്വർ ടില്ലറുകളും സ്ഥാനം പിടിച്ചു. മെതിക്കാൻ മെതിയന്ത്രം ആയി. ഓലപ്പുഴുവിനേയും, മററു കീടങ്ങളേയും അകററാൻ ശക്തിയേറിയ കീടനാശിനികൾ അടിക്കുന്ന കുററിപ്പമ്പുകളും, പുതിയ സങ്കരയിനം നെൽവിത്തുകളും രംഗത്ത് വന്നു.

വെള്ളം തേവുന്ന സമയത്തും, ഞാറ് നടുമ്പോഴുമൊക്കെ കേൾക്കാമായിരുന്ന താളാത്മകമായ നാടൻ പാട്ടുകൾ കേൾക്കാതായി.

പഞ്ചായത്തിലെ പ്രധാന കൃഷികളായിരുന്ന മരച്ചീനി, ചക്കരക്കിഴങ്ങ് എന്നിവ കാട്ടുപന്നികളുടേയും, എലികളുടേയും ഉപദ്രവം, ഉല്പാദനച്ചിലവിൻെറ വർദ്ധന, വിപണിയുടെ സാധ്യതക്കുറവ് എന്നീ കാരണങ്ങളാൽ അപ്രത്യക്ഷമായി. മിക്കവാറും ആ സ്ഥലങ്ങളിൽ ഇന്ന് റബ്ബർ സ്ഥാനം പിടിച്ചിരിക്കുന്നു.

നെല്ല്, തെങ്ങ്, കമുക്, കശുമാവ്, പച്ചക്കറികൾ, നേന്ത്രവാഴ, മററുവാഴകൾ, റബ്ബർ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ, കുരുമുളക് എന്നിവ ഇവിടെ കൃഷി ചെയ്യുന്നുണ്ട്. പ്രധാന കൃഷികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

മഴയെ ആശ്രയിച്ചാണ് ഇവിടെ നെൽകൃഷി ചെയ്യുന്നത്. ജലസേചന സൗകര്യങ്ങൾ വളരെ കുറവായതിനാൽ പുഞ്ചക്കൃഷി താരതമ്യേന വളരെ കുറവാണ്. പഞ്ചായത്തിനകത്ത് ഉല്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ തീരെ ഇല്ലെന്ന് തന്നെ പറയാം. വരവൂർ സർവ്വീസ് സഹകരണ സംഘം, കുത്തകസംഭരണം നിലവിലുള്ള കാലങ്ങളിൽ പഞ്ചായത്തിലെ കശുവണ്ടി സംഭരിക്കാറുണ്ട് മററുള്ള എല്ലാ വിളകൾക്കും കൃഷിക്കാരന് ന്യായമായി ലഭിക്കേണ്ട വില കിട്ടാറില്ല. വിലയിൽ ഒരു ഭാഗം ഇടത്തട്ടുകാർക്ക് ലഭിക്കുന്നു.

രാസവളങ്ങൾക്കും, കീടനാശിനികൾക്കും വില വർദ്ധിച്ചതിനാൽ ഇപ്പോൾ നെൽകൃഷി ലാഭകരമല്ലാതായി, കാർഷിക തൊഴിലാളികളെ ആവശ്യത്തിന് കിട്ടാതിരിക്കലും, തൊഴിലാളികളുടെ കൂലിക്കൂടുതലും എല്ലാം കൂടിയായപ്പോൾ പലരും രണ്ടുതവണ കൃഷിയിറക്കിയിരുന്നത് ഒരു തവണയായി കുറച്ചു. പഠനപര്യടനം കഴിഞ്ഞപ്പോൾ ഒരു കാര്യംകൂടി വ്യക്തമായി. പഞ്ചായത്തിൽ കുറെ സ്ഥലങ്ങൾ യാതൊരു കൃഷിയും ചെയ്യാതെ തരിശായി കിടക്കുന്നുണ്ട്. റബ്ബർ കൃഷിചെയ്യാൻ പററിയ സ്ഥലങ്ങളും ഇവയിലുണ്ട്. കശുമാവ്, മാവ് തുടങ്ങിയ മററു കൃഷികളും ചെയ്യാൻ അനുയോജ്യമാണ്. ഇത്തരം തരിശുഭൂമികളിൽ കൃഷി ആരംഭിക്കുന്നതിന് അവയുടെ ഉടമസ്ഥർ തയ്യാറാകേണ്ടതും, വേണ്ട സഹായങ്ങൾ പഞ്ചായത്തും, കൃഷിഭവനും ചെയ്തുകൊടുക്കേണ്ടതുമാണ്. ഈ പഞ്ചായത്തിലെ കാർഷിക രംഗത്തെ തൊഴിലാളികളുടെ കൂലി നിരക്ക് ഇനി പറയുന്നു. പുരുഷന് 100 രൂപയും, ഞാറ് നടുന്ന സ്ത്രീതൊഴിലാളിക്ക് 65 രൂപയും, കന്നുകാലികളെ

ഉപയോഗിച്ചുള്ള ഉഴവുകൂലി 150 രൂപയും, കളപറിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് 50 രൂപയും ആണ് ഇപ്പോഴത്തെ നിരക്ക്. നാളികേരം ഇടുന്നതിന് തെങ്ങൊന്നിന് മൂന്നുരൂപയാണ് കൂലി

വരവൂർ ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത് 1987-88ൽ ആണ് കൃഷിഭവനിലൂടെ നടപ്പാക്കുന്ന പദ്ധതികൾ.

പുതിയതരം വിത്തുകൾ ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾക്ക് സൗജന്യമായി നൽകുന്നു. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി പാടശേഖര സമിതികൾ മുഖേന 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, പവർടില്ലർ, മെതിയന്ത്രം എന്നിവ വാങ്ങാൻ സഹായം നൽകുന്നു. ഹെക്ടറിന് 250 രൂപ എന്ന നിരക്കിൽ ഓരോ പൂവിലും നെൽകൃഷി ചെയ്യുന്നവർക്ക് പാടശേഖര സമിതി വഴി ഉല്പാദന ബോണസ് നൽകുന്നു.

കേരവികസന സമിതി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 30 സെൻറ് സ്ഥലം ഉള്ള കേരകർഷകന് ഗ്രൂപ്പ് മാനേജ്മെൻറ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും. കിണറുകൾ കുഴിക്കുന്നതിനും, പമ്പ്സെററ് വാങ്ങുന്നതിനും സബ്സിഡി നൽകുന്നു. മരുന്ന് തളിക്കാനുള്ള ചവിട്ടുപമ്പ്, തെങ്ങ് കയററ യന്ത്രം എന്നിവ വാങ്ങാനും സഹായങ്ങളുണ്ട്. നല്ലയിനം തെങ്ങിൻ തൈകൾ കൃഷിഭവൻ വിതരണം ചെയ്യാറുണ്ട്.

വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ, മംഗള കവുങ്ങിൻ തൈകൾ, ഒട്ടുമാവിൻ തൈകൾ, മററു ഫലവൃക്ഷത്തൈകൾ എന്നിവയും വിതരണം ചെയ്യാറുണ്ട്. പഞ്ചായത്തിലെ സ്ക്കൂളുകളിൽ പച്ചക്കറി വിത്തു പാക്കററുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് കൊടുക്കാറുണ്ട്. ഏററവും നന്നായി കൃഷി നടത്തി വിളവെടുക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകാറുണ്ട്. മണ്ണ് പരിശോധന സൗജന്യമായി ചെയ്തുകൊടുക്കുന്നു.

# വരവൂർ ഗ്രാമപഞ്ചായത്ത് കൃഷി-അടിസ്ഥാന വിവരങ്ങൾ

## പട്ടിക 1.

| നമ്പർ | വിള | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | നെല്ല് | 360 ഹെ. | ബേസിക് ഡാററാ രജിസ്റ്റർ |
| | ,, ഒന്നാംവിള | 265 . 57 ഹെ. | ലിസ്റ്റ് ഓഫ് പ്രൊഡക്ഷൻ ബോണസ് |
| | ,, രണ്ടാംവിള | 340 ഹെ | പാടശേഖര കമ്മിററി ലിസ്റ്റ് |
| | ,, മൂന്നാംവിള | 10 ഹെ. | |
| 2 | തെങ്ങ് | 450 ഹെ. | സർവ്വെ 1996 |
| | ,, കായ്ക്കുന്നത് | 42637 എണ്ണം | ,, |
| | ,, കായ്ക്കാത്തത് | 47196 എണ്ണം | ,, |
| | ,, കാററുവീഴ്ചരോഗമുള്ളത് | 7 | ,, |
| 3 | കമുക് | 160 ഹെ. | ബേസിക് ഡാററാ രജിസ്റ്റർ |
| 4 | കശുമാവ് | 35 ഹെ. | ,, |
| 5 | പച്ചക്കറികൾ | 62 ഹെ. | ,, |
| 6 | നേന്ത്രവാഴ | 72 ഹെ. | ,, |
| 7 | റബ്ബർ | 162 ഹെ | ,, |

# വരവൂർ പഞ്ചായത്ത് നടീൽവസ്തു വിവരണം

പട്ടിക 2.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 500 | 615 | 400 |
| കശുമാവ് | — | — | 160 |
| കൊക്കോ | — | 27 | |
| കുരുമുളക് | | 2500 | 2500 |
| മാവിൻതൈകൾ | | | |
| ഫലവൃക്ഷത്തൈകൾ | | | |
| | | | |
| | | | |

# പഞ്ചായത്തിലെ കാർഷികോപകരണങ്ങൾ

പട്ടിക 3.

| | | | |
|---|---|---|---|
| 1 | ട്രാക്ടർ | 1 | വിവിധ സ്കീമുകൾ |
| 2 | പവ്വർട്രില്ലർ | 2 | |
| 3 | മെതിയന്ത്രം | 1 | |
| 4 | റോക്കർ സ്പ്രെയർ | 7 | |
| 5 | നേപ്സേക് സ്പ്രെയർ | 49 | |
| 6 | തെങ്ങുകയററ യന്ത്രം | 1 | |

# വരവൂർ ഗ്രാമപഞ്ചായത്തിലെ പാടശേഖരസമിതികളുടെ വിവരം

പട്ടിക 4

| ക്രമനമ്പർ | വാർഡ് | പാടശേഖരത്തിൻെറ പേര് |
|---|---|---|
| 1 | I | വാത്തിയാം കുളം, തിച്ചൂർ |
| 2 | II | ചേലൂർ നെല്ലുൽപാദന സമിതി |
| 3 | III | തളി പാടശേഖരം |
| 4 | IV | രാമൻകുളം പാടശേഖരം |
| 5 | V | ചേരിക്കുണ്ട് പാടം പാടശേഖര സമിതി |
| 6 | VI | വരവൂർ പടിഞ്ഞാററുമുറി പാടശേഖരം |
| 7 | VII VIII | വരവൂർ തെക്കുംഭാഗം പാടശേഖരം |
| 8 | VIII IX | കുമരപ്പനാൽ പാടശേഖരം |

# കൃഷി ഗ്രാമസഭ നിർദ്ദേശങ്ങൾ

പ്രശ്നങ്ങൾ:

1 നെല്ല് സംസ്ക്കരണ സംഭരണ യൂണിററുകൾ ഇല്ല.

2 പച്ചക്കറി കൃഷിക്ക് വേണ്ടത്ര പ്രോത്സാഹനമില്ല.

3 കൃഷിക്ക് കിട്ടുന്ന സബ്സിഡികൾ യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല.

4 വിള ഇൻഷുറൻസുകൾ കൃത്യമായി നടപ്പിലാക്കുന്നില്ല.

5 നാളികേരം, അടയ്ക്ക എന്നിവയ്ക്ക് സംഭരണ യൂണിററുകൾ ഇല്ല.

6 തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ ഇല്ല.

7 കൃഷിക്ക് ആവശ്യമായ വൈദ്യുതി കണക്ഷനുകൾ യഥാസമയം ലഭിക്കുന്നില്ല.

8 കൃഷികാർക്ക് വേണ്ട വിത്തുകളും നടീൽ വസ്തുക്കളും വേണ്ട സമയത്ത് വിതരണം ചെയ്യുന്നില്ല

9 ഗ്രൂപ്പ് ഫാമിങ്ങ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല

10 ശാസ്ത്രീയ കൃഷിരീതികളെ കുറിച്ച് യഥാസമയം കൃഷി വിദഗ്ധരിൽ നിന്നും ഉപദേശങ്ങൾ ലഭിക്കുന്നില്ല.

11 പച്ചിലവള കൃഷി പ്രോത്സാഹിപ്പിക്കുന്നില്ല.

12 ജൈവവളം നിർമ്മിക്കുന്നതിനുള്ള പരിശീലനവും പ്രോത്സാഹനവും കൃഷികാർക്ക് കുറവാണ്.

13 മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

14 കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന സബ്സിഡികൾ വളരെ കുറവാണ്.

15 പാടശേഖരങ്ങളിൽ വെള്ളം കെട്ടിനിർത്താനുള്ള സൗകര്യം ഇല്ല. നിലവിലുള്ള തോടുകളുടെ ഇരുവശവും ഭിത്തികൾ ഇല്ല.

16 കൃഷിക്കുള്ള വൈദ്യുത കണക്ഷൻ എല്ലാതരം വിളകൾക്കും സൗജന്യമാക്കിയിട്ടില്ല.

17 ഒന്നാം വാർഡിലെ കൊർളാതോട്, കാവുങ്ങൽ തോട് എന്നിവയ്ക്ക് ബണ്ടുകൾ ഇല്ല.

18 രണ്ടാം വാർഡിൽ ദേവിച്ചിറയിൽ വെള്ളം കെട്ടിനിറുത്താനുള്ള സൗകര്യം ഇല്ല. ടി. ചിറയുടെ കിഴക്കും പടിഞ്ഞാറുമുള്ള ചാലുകളുടെ സൈഡ് കെട്ടി സംരക്ഷിച്ചിട്ടില്ല.

19 വിരുട്ടാണം ഭാഗത്ത് മുക്കൂട്ട്ച്ചിറയുടെ അററകുററപണികൾ ചെയ്യാത്തതുകൊണ്ട് ഈ ചിറയിൽ വെള്ളം കെട്ടി നിർത്താനുള്ള സൗകര്യം ഇല്ല ഈ ചിറയിൽ നിന്ന് പടിഞ്ഞാറുഭാഗത്തുള്ള കൃഷികാർക്ക് വെള്ളം ലഭിക്കാനുള്ള സൗകര്യം ഇല്ല.

20 ഇരട്ടകുളത്തിൽ നിന്നും കൃഷിക്ക് വെള്ളം എടുക്കുവാനുള്ള സൗകര്യം ഇല്ല.

21 മൂന്നാം വാർഡിലെ കൃഷിക്കാരുടെ അഭിപ്രായത്തിൽ കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമമല്ല.

22 നാലാം വാർഡിലെ രാമൻച്ചിറ, വാലിച്ചിറ, പഴംതോട്ചിറ എന്നീ ചിറകൾ ദുർബ്ബലമായ രീതിയിൽ ജലസേചനം നടത്താൻ അപര്യപ്തമാണ്.

23 രാമൻകുളം, കോതറകുളം, പനംകുററികുളം, ആര്യംപാടംചിറ എന്നിവയുടെ അററകുററ പണികഠം ചെയ്തിട്ടില്ല.

24 അഞ്ചാം വാർഡിലെ ഒലിച്ചി വെള്ളച്ചാട്ടവും, വല്ലവാറ നീരുറവകളിൽനിന്നും പാഴായി പോകുന്ന ജലസ്രോതസ്സുകഠം കെട്ടിനിർത്തി ഉപയോഗപ്രദമാക്കാനുള്ള സൗകര്യം ചെയ്തിട്ടില്ല.

25 കോഴിക്കോട്ടുകുളത്തിലെ ജലം കൃഷികാർക്ക് ജലസേചനം നടത്തുന്നതിന് ചെറുകിട ജലസേചന പദ്ധതിയിൽപെടുത്തി ജലസേചന സൗകര്യം ഏർപ്പെടുത്തുക.

26 ചെല്ലാരം തോട്, വാലിച്ചിറതോട്, പഴംതോട് എന്നീ ചിറകഠം പുതുക്കി പണിതിട്ടില്ല.

27 ഉത്തരംകുളം ആഴംകൂട്ടി ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

28 കോഴിക്കോട്ടുകുളം മുതൽ വാലിച്ചിറ വരെ ജലസേചന സൗകര്യമുള്ള കൈച്ചാലുകഠം സംരക്ഷണഭിത്തി കെട്ടിയിട്ടില്ല

29 ഉത്തരംകുളത്തിന് സമീപമുള്ള ജലസേചന തോടുകഠം സംരക്ഷണ ഭിത്തി കെട്ടിയിട്ടില്ല.

30 ചെല്ലാരംതോട്, വാലിച്ചിറതോട്, പഴംതോട്, പിണ്ണംപ്പാറതോട് എന്നീ തോടുകളുടെ സംരക്ഷണ ഭിത്തികഠം കെട്ടിയിട്ടില്ല,

31 ചുണ്ടയിൽ റോഡിൻെറ കീഴ്പ്പാടം വരെയുള്ള റോഡിൻെറ (കൈചാൽ) സംരക്ഷണ ഭിത്തികഠം കെട്ടിയിട്ടില്ല.

32 മഞ്ഞച്ചിറകുളം, പുത്തൻകുളം എന്നിവയുടെ അററകുററ പണികഠം ചെയ്തിട്ടില്ല.

33 പാപ്പാൻ തോടിൽ വെള്ളം കെട്ടി നിർത്താൻ സൗകര്യമില്ല.

34 കുമരപ്പനാലിൽ നിന്നും പഞ്ചായത്ത് ഓഫീസ് വരെയുള്ള തോട്ടിൽ വെള്ളം കെട്ടിനിർത്താനുള്ള സൗകര്യമില്ല.

35 ഏഴാം വാർഡിലെ വെട്ടാംഞ്ചേരി മുതൽ രാമൻച്ചിറ വരെ വെള്ളം കെട്ടി നിർത്താനുള്ള സൗകര്യമില്ല.

36 എട്ടാം വാർഡിൻെറ കിഴക്കുഭാഗത്ത് കമ്മുള്ളിമുക്ക് പ്രദേശത്ത് മൂന്ന് മലകളിൽ നിന്ന് ഒഴുകി വരുന്ന വെള്ളം സംരക്ഷിച്ച് നിർത്തുവാൻ സൗകര്യമില്ല. ഈ വാർഡിലെ കൈതകുളം, മാമ്പറകുളം, പുത്തൻകുളം റിപ്പയർ ചെയ്തിട്ടില്ല

37 സ്വകാര്യവ്യക്തിയുടെ കീഴിലുള്ള വാടാംകുളം ഏറെറടുത്ത് ആഴംകൂട്ടി സൈഡ്കെട്ടി സംരക്ഷിക്കേണ്ടതാണ്.

38 പുതുശേരികുളം മാങ്ങോട്ടുകുളം എന്നിവയിൽ വെള്ളം കെട്ടിനിർത്താനുള്ള സൗകര്യമില്ല. മാങ്ങോട് ഡാംകെട്ടി ജലം സംഭരിച്ച് കൃഷിക്ക് ഉപയോഗിക്കാൻ പദ്ധതിയുണ്ടാക്കണം.

39 പുളിക്കലാംകുണ്ട് തോടിൽനിന്നുള്ള നീരൊഴുക്ക് കെട്ടി നിർത്താനുള്ള സൗകര്യം ഇല്ല.

40 തേനീച്ച വളർത്തൽ പഞ്ചായത്തിൽ വളരെ സാധ്യതകളുള്ള മേഖലയാണ്. തേനീച്ച കൃഷി വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

41 6-ാം വാർഡിലെ കരുവാൻ കൃഷ്ണൻെറ വീടിന് സമീപത്തുകൂടി പോകുന്ന വെള്ളച്ചാലിൻെറ ഇരുവശവും ഇടിഞ്ഞ് കൃഷിയിടങ്ങളിലെ മണ്ണൊലിച്ച് പോകുന്നതിന് വെള്ളച്ചാലിൻെറ സൈഡ് കെട്ടി സംരക്ഷിച്ചിട്ടില്ല.

# സാധ്യതകളും പരിഹാര മാർഗങ്ങളും

1 നെല്ല്, തെങ്ങ്, അടയ്ക്ക, പച്ചകറി എന്നിവ സംഭരിക്കുന്നതിനുള്ള യൂണിററുകഠം തുടങ്ങുകയാണെങ്കിൽ അത് കർഷകർക്ക് ഏറെ ഗുണം ചെയ്യും.

2 പച്ചകറി കൃഷി എല്ലാ വീടുകളിലും പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അത് ഇപ്പോഠം പച്ചകറിക്ക് നേരിടുന്ന ക്ഷാമവും ഭീമമായ വിലയും തടയാം. കൃഷികാർക്ക് ഒരു വരുമാന മാർഗവും ആകും. നല്ലയിനം പച്ചകറിവിത്തുകഠം എല്ലാ കൃഷികാർക്കും ലഭിക്കാനുള്ള സൗകര്യങ്ങഠം ഉണ്ടാക്കേണ്ടതാണ്.

3 വിള ഇൻഷുറൻസ് കൃത്യമായി എല്ലാ കർഷകരും നടത്തുവാൻ ആവശ്യമായ ബോധവൽക്കരണം നടപ്പിലാക്കണം. അവർക്ക് കൃഷിനാശം സംഭവിച്ചാൽ അർഹമായ തുക ഒരു മാസത്തിനുള്ളിൽ എത്തിച്ചുകൊടുക്കേണ്ടതാണ്. യഥാസമയം പ്രോത്സാഹന തുക ലഭിച്ചാൽ കൂടുതൽ കർഷകരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കാൻ കഴിയും.

4 തൊഴിലാളി ക്ഷാമം പരിഹരിക്കാൻ എല്ലാ പാടശേഖര സമിതികളുടെയും കീഴിൽ ട്രാക്ടർ, ട്രില്ലർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം എന്നിവ ലഭ്യമാക്കാനുള്ള നടപടികഠം നടപ്പാക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യമായ തുക ലഭിക്കുന്നതിനുവേണ്ടി ഗ്രൂപ്പ്ഫാമിങ്ങ് സമിതി അടിസ്ഥാനത്തിൽ ലോണുകഠം ബാങ്കിൽ നി

ന്നും ലഭിക്കാനുള്ള സൗകര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

5 കൃഷിക്ക് ആവശ്യമായ വൈദ്യുത കണക്ഷൻ യഥാസമയം ലഭിക്കുവാൻ വേണ്ട നടപടികൾ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ഉണ്ടാകേണ്ടതാണ്.

6 കൃഷിഭവനിൽ നിന്നും വിതരണം ചെയ്യുന്ന വിത്തുകളും നടീൽ വസ്തുക്കളും വേണ്ട സമയത്ത് വിതരണം ചെയ്യേണ്ടതാണ്. പുതിയ ഇനം വിത്തുകളെകുറിച്ചുള്ള വിവരങ്ങൾ ശാസ്ത്രജ്ഞൻമാർ വഴി കൃഷികാർക്ക് ലഭ്യമാക്കേണ്ടതാണ്.

7 ഗ്രൂപ്പ്ഫാമിങ്ങ് മെച്ചപ്പെടുത്തുവാൻ എല്ലാ പാടശേഖരങ്ങളിലും ഒരേ മൂപ്പുള്ള വിത്തുകൾ കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കേണ്ടതും എല്ലാ കൃഷികാർക്കും ആവശ്യമായ വിത്തുകൾ ലഭ്യമാക്കേണ്ടതുമാണ്.

8 ശാസ്ത്രീയ കൃഷിരീതികൾ, രോഗനിയന്ത്രണം, പുതിയ ഇനം വിത്തുകൾ എന്നിവയെ കുറിച്ച് കർഷകർക്ക് വേണ്ടത്ര ബോധവൽക്കരണം നൽകുകയാണെങ്കിൽ അത് കൃഷിയിൽ നിന്നുള്ള ലാഭം വർദ്ധിപ്പിക്കും. ശാസ്ത്രീയമായ കൃഷിരീതികൾ ചെയ്യുകയാണെങ്കിൽ മണ്ണൊലിപ്പ് തടയാൻ സാധിക്കും.

9 പച്ചിലവളകൃഷിക്കും ജൈവവളം നിർമ്മിക്കുന്നതിനും വേണ്ടത്ര പ്രോത്സാഹനം കൊടുത്താൽ മണ്ണിലെ ജൈവാംശം കൂട്ടുന്നതിനും ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. ഇന്ന് രാസവളങ്ങൾക്ക് ചിലവഴിക്കുന്ന ഭാരിച്ച തുകയിൽനിന്നും കർഷകരെ രക്ഷിക്കുവാനും കഴിയും.

10 കുത്തി ഒലിച്ചുവരുന്ന വെള്ളം ബണ്ട് കെട്ടി നിർത്തുവാനുള്ള സൗകര്യങ്ങൾ ചെയ്യുകയാണെങ്കിൽ മണ്ണൊലിപ്പു തടയുകയും കൃഷിക്ക് കൂടുതൽ ഉപയുക്തവുമാകും.

11 നിലവിലുള്ള പദ്ധതികളുടെ സൗജന്യനിരക്ക് കൂട്ടുകയും യഥാസമയം വിതരണം ചെയ്യുകയാണെങ്കിൽ കൂടുതൽ കർഷകരെ ഈ പദ്ധതികളിലേക്ക് ആകർഷിക്കുവാൻ കഴിയും.

## സാധ്യതകൾ:

1 ഒന്നാം വാർഡിലെ കൊറളാറതോട്, കാവുങ്ങൽ തോട് എന്നിവ വീതിയും, ആഴവും കൂട്ടി ഇരുഭാഗത്തെ സംരക്ഷണ ഭിത്തിയും കെട്ടി സംരക്ഷിച്ച് വെള്ളംകെട്ടിനിർത്തുവാനുള്ള സൗകര്യം ചെയ്യുകയാണെങ്കിൽ തിച്ചൂർ പാടശേഖരത്തിലെ പടിഞ്ഞാറുഭാഗത്തെ കൃഷി വരൾച്ചയിൽ നിന്നും രക്ഷിക്കുവാൻ കഴിയും.

2 രണ്ടാം വാർഡിലെ ദേവിചിറ മണ്ണെടുത്ത് താഴ്ത്തി ജലം സംഭരിക്കുകയും ഈ ചിറയുടെ കിഴക്കു പടിഞ്ഞാറു ഭാഗങ്ങളിലുള്ള ചാലുകൾ സൈഡ് കെട്ടി സംരക്ഷിക്കുകയും ചെയ്താൽ കൃഷി ഉല്പാദന വർദ്ധനവ് ഉണ്ടാകും.

3 വിരുട്ടാണം ഭാഗത്ത് മുക്കൂട്ടചിറയുടെ ഇരു സൈഡ് കെട്ടി സംരക്ഷിച്ചു നിർത്തിയാൽ ആ ഭാഗത്തെ രണ്ടാംവിള സംരക്ഷിക്കുകയും പച്ചക്കറി കൃഷി കൂടുതലായി ചെയ്യാനും കഴിയും.

4 കൃഷിഭവന്റെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കുകയാണെങ്കിൽ കൃഷിക്കാർക്ക് കൂടുതൽ പ്രോത്സാഹനം നൽകും.

5 നാലാം വാർഡിലെ രാമൻചിറ, വാലിച്ചിറ സംരക്ഷണഭിത്തികൾ കെട്ടി ചിറകൾ റിപ്പയർ ചെയ്ത് ചീർപ്പിടുകയും ചെയ്ത് വെള്ളം സംഭരിക്കുകയാണെങ്കിൽ രണ്ടാംവിള വരൾച്ചയിൽ നിന്നും രക്ഷിക്കാം. രാമൻകുളം, പനങ്കുററി കുളം, കോതറകുളം ഇവ സൈഡ് കെട്ടി ജലം സംഭരിക്കുക

6 അഞ്ചാംവാർഡിലെ ചേരികുണ്ടുപാടം പാടശേഖരത്തിലെ ഒലിച്ചിവെള്ളച്ചാട്ടവും, വലുപാറ നീരുറവയും കൈതോടുകൾ നിർമ്മിച്ച് കോഴിക്കോട്ടുകുളത്തിൽ എത്തിച്ച് കുളത്തിന്റെ സംരക്ഷണ ഭിത്തികൾ ബലപ്പെടുത്തി ചെറുകിട ജലസേചന പദ്ധതിയിൽ ഒരു ഡാം പണിയുക.

7 കോഴിക്കോട്ടുകുളം മുതൽ വാലിചിറ വരെയുള്ള കൈച്ചാൽ ഇരുഭാഗങ്ങളും സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കുക.

8 ചെല്ലാറംതോട്, വാലിചിറതോട്, പഴംതോട് ചിറ, പിണ്ണംപാറതോട്, എന്നീ തോടുകളുടെ സംരക്ഷണഭിത്തി കെട്ടി കൃഷിക്കാരെ സഹായിക്കുക.

9 ചുണ്ടയിൽറോഡ് മുതൽ കീഴ്പാടം വരെയുള്ള ജലസേചനതോട് (കൈച്ചാൽ) സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുക.

10 ഉത്തരംകുളത്തിന് സമീപം പോകുന്ന ജലസേചന തോടുകൾ സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കുക.

11 ചെല്ലാറംതോട്, വാലിചിറ എന്നീ ചിറകളിൽ നിന്നും ജലസേചനം നടത്തുന്നതിന് പാടശേഖരങ്ങളിലേക്ക് നീർചാലുകൾ നിർമ്മിക്കുക.

12 ആറാം വാർഡിലെ കരുവാൻ കൃഷ്ണന്റെ വീടിന് സമീപത്തുകൂടി പോകുന്ന വെള്ളച്ചാല് ഇരുവശവും കെട്ടി സംരക്ഷിച്ച് ഇടകെട്ടുകൾ കെട്ടി മണ്ണൊലിപ്പ് തടഞ്ഞു നിർത്തേണ്ടതാണ്.

13 കുമരപ്പനാൽ തിരുമിററക്കോട് വരെയുള്ള തോട്ടിലെ (ചെല്ലാറംതോട്, വാലിചിറ, പഴംതോട്) എന്നിവിടങ്ങളിൽ മൈനർ ഇറിഗേഷൻകാർ മുമ്പ് ചെയ്തിരുന്നതും ഇപ്പോൾ നശിച്ചുകിടക്കുന്നതുമായ ചിറകൾ ക്ലാസ്സ് II പദ്ധതിയിൽ ഉൾപ്പെടുത്തി സ്ളൂയിസ് കം ട്രാക്ടർ ബ്രിഡ്ജുകൾ പുതുക്കി പണിയുകയാണെങ്കിൽ 4, 5 വാർഡുകളിൽ ഇപ്പോൾ അനുഭവപ്പെടുന്ന ജലസേചന പ്രശ്നം ഒഴിവാക്കാം.

14 ഈ വാർഡിലെ ഉത്തരംകുളം ആഴം കൂട്ടി ചുററും സംരക്ഷണഭിത്തി കെട്ടിയാൽ ചേരികുണ്ടം പാടത്തിലെ മുണ്ടകൻകൃഷി, പച്ചകറി, നേന്ത്രവാഴ, തെങ്ങ്, കവുങ്ങ് എന്നീ കൃഷികൾ മെച്ചപ്പെടുത്തി ഉത്പ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും.

15 ചേരികുണ്ട്പാടം പാടശേഖരത്തിലെ 6 ഏക്കറോളം വരുന്ന കോഴികോട്ട്കുളം മൂന്ന്ഭാഗവും ഒരേ സമനിലയിലാക്കി മണ്ണിട്ട് ഉയർത്തി സംരക്ഷണ ഭിത്തികൾ ബലപ്പെടുത്തി വെള്ളം കെട്ടിനിർത്തുകയും മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പിങ്ങിനുള്ള സൗകര്യം ഉണ്ടാക്കുകയാണെങ്കിൽ ഇപ്പോൾ തരിശായി കിടക്കുന്ന ഭൂമിയിൽ നെൽകൃഷി ചെയ്യുകയും ഇപ്പോഴുള്ള ഇരിപ്പൂ കൃഷി മുപ്പൂകൃഷി ആക്കുകയും ഉത്പ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാം.

16 VI ാം വാർഡിലെ മഞ്ഞചിറകുളം താഴ്ത്തി നാലുഭാഗവും കെട്ടി സംരക്ഷിച്ച് പമ്പ്ചെയ്ത് കൃഷിക്ക് വെള്ളം എത്തിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്യുകയും പുത്തൻകുളം സംരക്ഷണ ഭിത്തികൾ ഇല്ലാത്തഭാഗം കെട്ടി സംരക്ഷിക്കുകയും ചെയ്യണം. ഇപ്രകാരം വെള്ളം കെട്ടിനിർത്താൻ സാധിച്ചാൽ പടിഞ്ഞാററൻ പാടശേഖര സമിതിയുടെ കീഴിലുള്ള ഇരിപ്പൂ ചെയ്തുവരുന്ന കൃഷികാർക്ക് മുപ്പൂകൃഷി ചെയ്ത് ഉത്പ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും.

17 കുമരപ്പനാലിൽ നിന്നും പഞ്ചായത്ത് ഓഫീസ് വരെയുള്ള തോടിൻെറ രണ്ട് സൈഡുകൾ കരിങ്കൽ വെച്ച് കെട്ടി സംരക്ഷിക്കുകയാണെങ്കിൽ വെള്ളപൊക്കംകൊണ്ട് നശിക്കുന്ന കൃഷിയെ സംരക്ഷിക്കുകയും രണ്ടാം വിളയിൽ അനുഭവപ്പെടുന്ന വരൾച്ച ഒഴിവാക്കുകയും ചെയ്യാം. ഈ തോട്ടിൽ വന്ന് ചേരുന്ന പാപ്പാൻ തോടിൻെറ പടിഞ്ഞാറെ സൈഡ് കെട്ടി സംരക്ഷിക്കുകയും വേണം. ടി തോട്ടിൽ പുളിക്കലാംകുണ്ട് ഭാഗത്ത് നിലവിലുള്ള ചിറ പുതുക്കി പണിയുകയും തോട് മുറിഞ്ഞ് കടക്കാൻ ഒരു മേൽപ്പാലം പണിയുകയും ചെയ്താൽ കററ, വളം, തോൽ എന്നിവ കൊണ്ടുപോകാൻ സൗകര്യവുമാകും. ടി തോടിൻെറ വളവ്ഭാഗത്ത് നിലവിലുള്ള ചിറയിൽ നിന്നും പടിഞ്ഞാററ് ഭാഗത്തുള്ള നെൽകൃഷി പാടത്തേക്കുള്ള ഓവ് റിപ്പയർ ചെയ്ത് വെള്ളം എത്തിക്കുവാനുള്ള സൗകര്യം ചെയ്യണം.

18 VII-ാം വാർഡിലെ വെട്ടാംഞ്ചേരി തോടുമുതൽ രാമൻചിറ തോടുവരെയുള്ള ചിറകൾ റിപ്പയർ ചെയ്യണം. കൊട്ടാരംകുളം റിപ്പയർ ചെയ്താൽ കൃഷിക്ക് ഉപയുക്തമാക്കാം. പഞ്ചായത്തിൻെറ തെക്കുഭാഗത്തേക്കുള്ള പാടശേഖരത്തിലേക്ക് കടക്കുവാനായി ഒരു മേൽപ്പാലം വേണം.

19 VIII-ാം വാർഡിൻെറ കിഴക്കുഭാഗത്ത് കമ്മുള്ളിമുക്ക് പ്രദേശത്ത് മൂന്നുമലയിൽ നിന്നും ഒഴുകിവരുന്ന വെള്ളം ഒരു ചെക്ക്ഡാം നിർമ്മിച്ച് സംരക്ഷിച്ചാൽ കുമരപ്പനാൽ പാടശേഖരത്തിൽപ്പെടുന്ന കർഷകർ ഇപ്പോൾ നേരിടുന്ന ജലക്ഷാമം പരിഹരിക്കാൻ കഴിയും. ഈ വാർഡിലെ കൈതകുളം, മാമ്പറകുളം, പുത്തൻകുളം എന്നിവ റിപ്പയർ ചെയ്യണം, വാടാംകുളം സ്വകാര്യവ്യക്തിയിൽ നിന്നും പഞ്ചായത്തിലേക്ക് വിട്ട് കിട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് ടി. കുളം മണ്ണെടുത്ത് താഴ്ത്തി സൈഡ്കെട്ടി വെള്ളം സംഭരിക്കാനുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ ആ പ്രദേശത്തെ ഏതാണ്ട് 25 ഹെക്ടറോളം വരുന്ന കൃഷിക്ക് ജലസേചനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുവാൻ കഴിയും.

20 IX-ാം വാർഡിലെ പുതുശ്ശേരികുളം താഴ്ത്തി ചേറെടുത്ത് നാലുസൈഡും കെട്ടണം. ടി വാർഡിലെ മാങ്ങോട്ടുകുളം റിപ്പയർ ചെയ്ത് ഷട്ടർ ഇടണം. ഇപ്രകാരം ചെയ്താൽ ഒഴുകിപോകുന്ന വെള്ളം തടയാനും വെള്ളം കെട്ടിനിർത്തി ആവശ്യാനുസരണം കൃഷിക്ക് ഉപയോഗപ്രദമാകും. മാങ്ങോട്ടിൽ ഡാം നിർമ്മിച്ച് ജലം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കണം. ടി വാർഡിലെ പടിഞ്ഞാറെ ഭാഗത്ത് വരുന്ന ഊരം ചിറ റിപ്പയർ ചെയ്യണം.

21 **തേനീച്ച വളർത്തൽ:**

ഓരോ വീടുകളിലും ഏതാനും തേനീച്ച കൂടുകൾ സ്ഥാപിക്കുകയാണെങ്കിൽ കാര്യമായ ചിലവില്ലാതെ, പരിശുദ്ധമായ തേൻ ശേഖരിക്കാൻ

കഴിയും. വരവൂർ ഗ്രാമപഞ്ചായത്തിൽ ധാരാളം റബ്ബർ എസ്റ്റേററുകളും, മററു കൃഷികളും ഉള്ള തിനാൽ വളരെ നല്ല നിലയിൽ തേനീച്ച കൃഷി ഇവിടെ നടത്താൻ സാദ്ധ്യതയുണ്ട്. ഖാദിബോർഡിൻെറ സഹായം ഇതിന് കിട്ടാൻ സാദ്ധ്യതയുണ്ട്. കാര്യമായ മുതൽ മുടക്കില്ലാതെയും, ആവർത്തന ചെലവുകളില്ലാതെയും നടത്താൻ കഴിയുന്നതിനാൽ വേണ്ട പ്രോത്സാഹനം കൊടുത്താൽ തേനീച്ച വളർത്തൽ പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും അഭിവൃദ്ധിപ്പെടും. ആരംഭത്തിൽ തേനീച്ചകൂടുകൾ ലഭ്യമാക്കി വിദഗ്ധോപദേശങ്ങൾ കൊടുത്ത് ഇത് ആരംഭിച്ചു കഴിഞ്ഞാൽ ഈ പദ്ധതി തുടർന്ന് നടന്നുകൊണ്ടിരിക്കും.

## വരവൂർ പഞ്ചായത്തിലെ കുളങ്ങൾ

പട്ടിക 5.

| നമ്പർ | പഞ്ചായത്ത് വക | വാർഡ് | | സ്വകാര്യ വ്യക്തികളുടെ വക | |
|---|---|---|---|---|---|
| 1 | കോഴിക്കോട്ട് കുളം | V | 1 | ചക്കുംകുളം | I |
| 2 | രാമൻകുളം | IV | 2 | ഐരാണിക്കുളം | I |
| 3 | മഞ്ഞച്ചിറകുളം | VI | 3 | ഇല്ലിക്കുണ്ട്കുളം | VIII |
| 4 | പുത്തൻകുളം | VI | 4 | വെള്ളാട്ടുകുളം | |
| 5 | മാങ്ങോട്ടുകുളം | IX | 5 | പുത്തൻകുളം | IX |
| 6 | കൊട്ടാരക്കുളം | VII | 6 | വാടാംകുളം | VIII |
| 7 | പുതുശ്ശേരിക്കുളം | IX | 7 | നെല്ലിക്കുളം | |
| 8 | പനങ്കുററിക്കുളം | IV | 8 | കിഴക്കേകുളം | |
| 9 | കോതറകുളം | IV | 9 | മൂർക്കൻകുളം | VIII |
| 10 | അരകുളം | III | 10 | കൊക്കർണികുളം | VIII |
| 11 | ഇരട്ടകുളം | III | | | |
| 12 | ദേവിച്ചിറ | II | | | |
| 13 | ഉത്തരംകുളം | V | | | |
| 14 | വാത്തിയാംകുളം | II | | | |
| 15 | കൈതക്കുളം | VIII | | | |

## വരവൂർ ഗ്രാമപഞ്ചായത്ത്
## ചെറുകിട ജലസേചനതോടുകൾ സംബന്ധിച്ച വിവരങ്ങൾ

(Ref വില്ലേജ് ലിത്തോമാപ്പ്)

പട്ടിക 8.

| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം മീററർ | ശരാശരി വീതി മീററർ | സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | തിച്ചൂർ അയ്യപ്പൻതോട് | 7 KM | 5 M | 7 KM |
| 2 | പിലക്കാട് പിണ്ഡംപാററതോട് | 12 KM | 6 M | — |
| 3 | തളി വിരുട്ടാണം തോട് | 9 KM | 5 M | 9 KM |
| 4 | വരവൂർ കാഞ്ഞിപ്പാടം തോട് | 9 KM | 5 M | 9 KM |
| 5 | വരവൂർ പുളിക്കൽ കുണ്ടുതോട് | 19 KM | 6 M | 19 KM |
| 6 | പിലക്കാട് ചെല്ലാരംതോട് | 12 KM | 5 M | 12 KM |

## വരവൂർ ഗ്രാമപഞ്ചായത്ത്
## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

(Ref: അസിസ്റ്റൻററ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ)

പട്ടിക 9

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം | എസ്റ്റിമേററ് അടയ്ക്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | വരവൂർ പഞ്ചായത്തിൽ കാവുങ്ങൽ തോടിൻെറ അഭിവൃദ്ധിപ്പെടുത്തൽ | പുതിയ ആയക്കെട്ട് ഇല്ല. | 4 ലക്ഷം | മുണ്ടകൻകൃഷിക്ക് വെള്ളം ലഭിക്കുന്നതിനുവേണ്ടി |
| 2 | വരവൂർ പഞ്ചായത്തിലെ പഴന്തോട് ചിറയിൽ സ്ലൂയിസ് കം ട്രാക്ടർ ബ്രിഡ്ജ് പണിയൽ | ആയക്കെട്ടിനായി വില്ലേജോഫീസർക്ക് എഴുതിയിട്ടുണ്ട്. ലഭിച്ചാൽസത്വരനടപടികം സ്വീകരിക്കുന്നതാണ് | — | do |
| 3 | വരവൂർ പഞ്ചായത്തിൽ ചെല്ലാരം തോട് ചിറയിൽ സ്ലൂയിസ് കം ട്രാക്ടർ ബ്രിഡ്ജ് പണിയൽ | ,, | — | do |



# ട്രാൻസെക്ട്



# ട്രാൻസെക്ട് 2



←S
→N
കുന്നിൻ ചെരിവ്
ചരൽകല്ല് കലർന്ന വെട്ടുകല്ല്, പാറ
തെങ്ങ്, കശുമാവ്, ഫലവൃക്ഷങ്ങൾ
മണ്ണൊലിപ്പ്
സമതലം
ചരൽകല്ല് കലർന്ന വെട്ടുകല്ല്
തെങ്ങ്, നേന്ത്രവാഴ, കവുങ്ങ്
ജലക്ഷാമം
ചെറിയ ചെരിവ്
ചരലും ചെളിയും കലർന്ന മണ്ണ്
മാവ്, പുളി, തെങ്ങ്, കവുങ്ങ്, മറ്റു ഫലവൃക്ഷങ്ങൾ, നേന്ത്രവാഴ
ജലക്ഷാമം
താഴ്ന്ന പ്രദേശം
ചെളിമണ്ണ്
നെല്ല്, വാഴ
വെള്ളം സംഭരിക്കാൻ കഴിയുന്നു
ചെറിയ ചെരിവ്
ചരലും ചെളിയും കലർന്ന മണ്ണ്
മാവ്, പുളി, തെങ്ങ്, കവുങ്ങ്, മറ്റു ഫലവൃക്ഷങ്ങൾ, നേന്ത്രവാഴ
ജലക്ഷാമം
സമതലം
ചരൽകല്ല് ... ഇടകലർന്ന വെട്ടുകല്ല്
തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്
ജലക്ഷാമം
കുന്നിൻ ചെരിവ്
വെട്ടുകല്ല് പാറ
തെങ്ങ്, കശുമാവ്, മറ്റു ഫലവൃക്ഷങ്ങൾ
മണ്ണൊലിപ്പ്, വെള്ളം കെട്ടിനിൽക്കാത്ത അവസ്ഥ

# 2. മൃഗപരിപാലനം- മത്സ്യമേഖല

## ആമുഖം :-

മുൻകാലങ്ങളിൽ ഈ പ്രദേശത്ത് ധാരാളം വളർത്തുമൃഗങ്ങൾ ഉണ്ടായിരുന്നു. സ്വകാര്യ ഭൂമികൾ തരിശുകളായി കിടന്നിരുന്നതിൽ കൃഷിക്കാർക്ക് അവരുടെ മൃഗങ്ങളെ അവിടെ വിട്ട് മേയിക്കാൻ കഴിഞ്ഞിരുന്നു. കൂടാതെ പല കൃഷിക്കാരുടേയും മൃഗങ്ങളെ ഒരുമിച്ചുകൂട്ടി ഒരാൾ റിസർവ്വ് വനത്തിലേക്ക് കടത്തിവിട്ട് മേയിക്കുക. ഓരോ കൃഷിക്കാരനും തുച്ഛമായ സംഖ്യ മേക്കാരനു കൊടുക്കുക. ഈ രീതിയിൽ ചുരുങ്ങിയ ചിലവിൽ കാലികളെ വളർത്താൻ സാധിച്ചിരുന്നു.

ഇപ്പോൾ സ്വകാര്യ തരിശുകൾ മിക്കതും തോട്ടങ്ങളും വളപ്പുകളുമായി മാറുകയും റിസർവ്വു വനങ്ങൾ മുഴുവൻ യൂക്കാലിയും, അക്കേഷ്യയും വളർത്തുകയും ചെയ്തപ്പോൾ കാലിവളർത്തൽ സൗകര്യം കുറഞ്ഞു. കുറഞ്ഞ കൂലിയ്ക്ക് മേക്കാരനെ കിട്ടാനും ഞരുക്കമായി. ട്രാക്ടർ സൗകര്യം വ്യാപകമായതോടുകൂടി കൃഷിആവശ്യത്തിന് കന്നുകാലികളെ വളർത്തുന്ന രീതി ആളുകൾ പൊതുവെ നിർത്തിയിരിക്കുന്നു.

പാലിന്റെ ആവശ്യത്തിന് കുറഞ്ഞ രീതിയിൽ കന്നുകാലികളെ വളർത്തുക എന്ന സ്ഥിതിയിലേക്ക് ചുരുങ്ങിയിരിക്കുന്നു. ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ കന്നുകാലികളുടെ എണ്ണം ഇപ്രകാരമാണ്.

ഈ രീതിയിൽ കൂടുതൽ കന്നുകാലികളെ വളർത്തി പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ -
## ഗ്രാമസഭകളിൽ നിന്ന്

1 രോഗം വന്നാൽ ചികിത്സിക്കുന്നതിനും കൃത്രിമ ബീജസങ്കലനത്തിനും ഇന്നുള്ള ഒരു സെൻറർ കൂടാതെ കുറഞ്ഞത് മൂന്ന് സെൻററുകൾകൂടി സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക

2 മേൽത്തരം കാലിത്തീററകൾ ന്യായമായ വിലയ്ക്ക് ലഭിക്കാൻ ഇന്നുള്ള സഹകരണ സംഘം കൂടുതൽ ശാഖകൾ തുറന്ന് വികസിപ്പിക്കുകയൊ, പുതിയവ തുറക്കുകയൊ ചെയ്യുക.

3 മിച്ചംവരുന്ന പാൽ പഞ്ചായത്തിനുള്ളിലും വെളിയിലും ലാഭകരമായ വിപണനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

4 ആരോഗ്യകരമായ തൊഴുത്തു നിർമ്മിക്കാൻ സഹായവും വിദഗ്ദ്ധോപദേശവും ലഭ്യമാക്കുക

5 തീററപ്പുൽ കൃഷിചെയ്യാൻ സൗകര്യം ഏർപ്പെടുത്തുക.

6 ഒന്നാം വാർഡിൽ ഒരു സബ്സെൻറർ സ്ഥാപിക്കണം

7 ഇറച്ചികോഴികളേയും മുട്ടകോഴികളേയും യൂണിററടിസ്ഥാനത്തിൽ വളർത്താനുള്ള സഹായം വേണം.

8 മൃഗാശുപത്രിയിൽ ഡോക്ടറേയും, ലൈവ് സ്റ്റോക്ക് അസിസ്റ്റൻറ് നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

9 വരവൂർ സഹകരണ സംഘത്തിന്റെ കീഴിൽ കാലിത്തീററ വില്പന കേന്ദ്രം തുടങ്ങണം. തളിയിൽ ഇതിന്റെ ഒരു ശാഖ തുടങ്ങണം.

10 പാൽസൊസൈററിയുടെ പ്രവർത്തനം (നാലാം വാർഡിൽ) ത്വരിതപ്പെടുത്തുക.

11 അഞ്ചാം വാർഡിൽ ക്ഷീരവ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

12 സൗജന്യ നിരക്കിൽ കൃത്രിമ ബീജസങ്കലനം നടത്തികൊടുക്കാൻ സൗകര്യപ്പെടുത്തുക.

13 സൗജന്യ നിരക്കിൽ കാലിത്തീററയും, ചികിത്സാ സൗകര്യങ്ങളും യഥാസമയം ലഭ്യമാക്കുക.

14 അലഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ നടപടി എടുക്കുക.

15 മൃഗങ്ങൾക്ക് മേയാൻ പഞ്ചായത്ത് വക മേച്ചിൽ സ്ഥലങ്ങൾ ഉണ്ടാക്കണം.

16 ആറാം വാർഡിൽ ഒരു ക്ഷീരസഹകരണ സംഘം തുടങ്ങേണ്ടതാണ്.

17 മൃഗാശുപത്രിയിൽ മരുന്നുകളുടെ ക്ഷാമം ഒഴിവാക്കണം.

18 വളർത്തുനായ്ക്കൾക്ക് പേവിഷബാധക്കെതിരെ കുത്തിവെപ്പ് നടത്താൻ സൗകര്യമുണ്ടാക്കണം.

19 അത്യുല്പാദന ശേഷിയുള്ള പശുക്കളെ കൃഷിക്കാർക്ക് ലഭ്യമാക്കാൻ ധനസഹായം നൽകുക.

20 പന്നി വളർത്തൽകേന്ദ്രം, ആട്വളർത്തൽ കേന്ദ്രം, കോഴി വളർത്തൽ കേന്ദ്രം, കാടവളർത്തൽ കേന്ദ്രം എന്നിവ തുടങ്ങുന്നതിന് ധനസഹായംനൽകുക.

21 പാൽ സംഭരണ വിപണന കേന്ദ്രങ്ങൾ വേണം.

### സാധ്യതകൾ:

1 പഞ്ചായത്തിലെ മൃഗാശുപത്രിയുടെ കീഴിൽ തളി, കുമരപ്പനാൽ, തിച്ചൂർ എന്നിവിടങ്ങളിൽ സബ് സെൻററുകൾ ആരംഭിക്കണം. രോഗമുള്ള കന്നുകാലികളെ ദീർഘദൂരം കൊണ്ടുപോകുന്നത് ഒഴിവാക്കാം.

2 മേൽത്തരം കാലിത്തീററകൾ ന്യായവിലക്ക് ലഭ്യമാക്കാൻ വരവൂർ സഹകരണ സംഘത്തിൽ ഒരു കാലിത്തീററ വിപണന കേന്ദ്രം ആരംഭിക്കുക. ഇതിൻെറ ശാഖ പ്രധാന കേന്ദ്രങ്ങളിൽ തുറക്കുക. കർഷകർക്ക് സൗകര്യപ്രദമാകും.

3 പഞ്ചായത്തിൽ ലഭിക്കുന്ന പാൽ വിപണനത്തിന് സൗകര്യം ഏർപ്പെടുത്താൻ ക്ഷീരസഹകരണ സംഘം സ്ഥാപിക്കുക. ഈ സഹകരണ സംഘത്തിൻെറ കീഴിൽ എല്ലാ വാർഡിലും പാൽ ശേഖരണ കേന്ദ്രങ്ങൾ തുറക്കുക ക്ഷീര കർഷകർക്ക് സൗകര്യപ്രദമാണ്.

4 ആരോഗ്യകരമായ തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ധനസഹായവും, വിദഗ്ധോപദേശവും നൽകുകയാണെങ്കിൽ നല്ല തൊഴുത്തുകൾ ഉണ്ടാക്കാനും, കന്നുകാലികളെ വൃത്തിയുള്ള സാഹചര്യങ്ങളിൽ വളർത്താനും കഴിയും.

5 പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് തീററപ്പുൽ കൃഷി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

6 ഇറച്ചിക്കോഴികളേയും, മുട്ടക്കോഴികളേയും ആടുകൾ, പന്നികൾ തുടങ്ങിയവയെ വളർത്തുന്നതിന് ധനസഹായവും, വിദഗ്ധരുടെ ഉപദേശവും കൊടുക്കുകയാണെങ്കിൽ ആടുവളർത്തൽകേന്ദ്രം, പന്നിവളർത്തൽകേന്ദ്രം, ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ കേന്ദ്രം എന്നിവ പഞ്ചായത്തിൽ ആരംഭിക്കാൻ സാധ്യതയുണ്ട്.

7 വരവൂർ മൃഗാശുപത്രിയിൽ ഡോക്ടറേയും ലൈവ്സ്റ്റോക്ക് അസിസ്റ്റൻറിനേയും നിയമിച്ച് മൃഗസംരക്ഷണരംഗത്ത് പ്രവർത്തനം കാര്യക്ഷമമാക്കണം.

8 സൗജന്യനിരക്കിൽ കൃത്രിമ ബീജസങ്കലനം നടത്തിക്കൊടുക്കാൻ പഞ്ചായത്തിൽ സൗകര്യമുണ്ടാക്കിക്കൊടുക്കുക.

9 അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിച്ച് പേവിഷബാധയിൽനിന്നും ജനങ്ങളെ രക്ഷിക്കണം.

10 മൃഗങ്ങൾക്ക്മേയാൻ മേച്ചിൽസ്ഥലങ്ങൾ ഇല്ലാത്തതിനാൽ പഞ്ചായത്തുവക മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായാൽ നന്നായിരിക്കും.

11 വളർത്തുനായ്ക്കൾക്ക് പേവിഷബാധക്കെതിരെ കുത്തിവെപ്പിനുള്ള സൗകര്യമുണ്ടാക്കണം.

12 അത്യുല്പാദന ശേഷിയുള്ള പശുക്കളെ കൃഷിക്കാർക്ക് ലഭ്യമാക്കാൻ ധനസഹായം നൽകണം.

13 പന്നിവളർത്തൽകേന്ദ്രം, ആട്വളർത്തൽകേന്ദ്രം, കോഴിവളർത്തൽകേന്ദ്രം എന്നിവ തുടങ്ങുന്നതിന് ധനസഹായം നൽകേണ്ടതാണ്

## മത്സ്യമേഖല

### ആമുഖം:-

ഈ പ്രദേശത്ത് കടൽ മത്സ്യമാണ് സാധാരണ ലഭിക്കുന്നവ. ഇത് വളരെ ഗുണംകുറഞ്ഞ ഇനങ്ങളും പഴക്കം ചെന്നവയും ആയിരിക്കും പലപ്പോഴും പല രോഗങ്ങൾക്കും ഈ മത്സ്യ ഉപഭോഗം കാരണമാകാറുണ്ട്.

ഈ പഞ്ചായത്തിൽ ജലദൗർലഭ്യം കാരണം, മത്സ്യംവളർത്തൽ വളരെ അപ്രായോഗ്യമാണ്. എങ്കിലും പരിമിതമായ തോതിൽ മത്സ്യം വളർത്താൻ സൗകര്യപ്പെടുത്താവുന്ന കോഴിക്കോട്ടുകുളം, വാത്തിയംകുളം, രാമൻകുളം, മാങ്ങോട്ടുകുളം, കൊട്ടാരംകുളം, കോതരകുളം, അരക്കുളം, ഇരട്ടക്കുളം, ദേവിച്ചിറ, വാടാംകുളം എന്നീ കുളങ്ങൾതാഴ്ത്തി സൈഡ്കെട്ടി ജലസംഭരണശേഷി വർദ്ധിപ്പിച്ചാൽ കുറഞ്ഞ തോതിൽ മത്സ്യംവളർത്താൻ പ്രയോജനപ്പെടുത്താവുന്നതാണ്

### നിർദ്ദേശങ്ങൾ:-

1 മേൽപറഞ്ഞ കുളങ്ങളിൽ ജലം വൃത്തിയായി സൂക്ഷിക്കുവാനും മത്സ്യം നഷ്ടപ്പെടാത്ത രീതിയിൽ അധികജലവും മലിനജലവും ഒഴുകിപോകാനുള്ള സൗകര്യം ഏർപ്പെടുത്തണം.

2 അനുയോജ്യമായ മത്സ്യകുഞ്ഞുങ്ങളെ യഥാസമയം ലഭ്യമാക്കണം. ഇവയുടെ പരിചരണ

ത്തിന് താൽപര്യമുള്ള വ്യക്തികൾക്ക് വിദഗ്ധപരിശീലനം കൊടുക്കണം.

3 ലഭ്യമായ മത്സ്യം കൃത്യസമയത്തു പിടിക്കുന്നതിനും ലാഭകരമായ വിപണനം ചെയ്യുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തണം

## പ്രശ്നങ്ങൾ – ഗ്രാമസഭയിൽ നിന്ന്

1 ഈ പഞ്ചായത്തിൽ ഉൾനാടൻ മത്സ്യം വളർത്താനുള്ള സൗകര്യമില്ല.

2 ദേവിച്ചിറയിലും, ഇരട്ടക്കുളത്തിലും മത്സ്യം വളർത്താനുള്ള സൗകര്യമില്ല

3 മത്സ്യം വളർത്താൻ ആവശ്യമായ ധനസഹായമോ, അതിനാവശ്യമായ നിർദ്ദേശങ്ങളോ ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലില്ല.

4 കോഴിക്കോട്ട്കുളം, ഉത്തരംകുളം, വാത്തിയാംകുളം, എന്നിവയിൽ മത്സ്യകൃഷി നടപ്പാക്കണം.

5 മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യാനും, മത്സ്യകൃഷിക്കുള്ള പരിശീലനം നൽകാനും സൗകര്യം ചെയ്യുക.

6 ഇല്ലിക്കുണ്ട്, കൈതക്കുളം പുത്തൻകുളം, മാമ്പകുളം, വാടാംകുളം എന്നിവയിൽ മത്സ്യകൃഷി നടത്താനുള്ള നടപടികൾ സ്വീകരിക്കണം. മാങ്ങോട്ടുകുളം, പുതുശ്ശേരികുളം എന്നിവയിലും മത്സ്യം വളർത്താൻ സൗകര്യമുണ്ട്.

## സാധ്യതകൾ:-

പഞ്ചായത്തിലെ വേനൽക്കാലത്ത് വററാത്ത കുളങ്ങളിൽ (ഉദാ: വാത്തിയാംകുളം, ദേവിച്ചിറ, അരകുളം, കോഴിക്കോട്ടുകുളം, രാമൻകുളം, കൈതക്കുളം etc.) മത്സ്യകൃഷി ആരംഭിക്കാവുന്നതാണ്. മററു കുളങ്ങളുടേയും ആഴംകൂട്ടി വെള്ളം സജ്ജീകരിക്കുകയാണെങ്കിൽ (കൊട്ടാരക്കുളം, ഉത്തരംകുളം, വാടാംകുളം,) മത്സ്യം വളർത്താവുന്നതാണ്. ഇതിനായി സൗജന്യനിരക്കിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും, മത്സ്യകൃഷിക്ക് വേണ്ട ഉപദേശങ്ങൾ നൽകുകയും, വേണ്ട ധനസഹായം നൽകുകയും വേണം. ഇങ്ങനെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ മത്സ്യോൽപ്പാദനം വർദ്ധിക്കുകയും, കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്യും.

## വരവൂർ ഗ്രാമപഞ്ചായത്ത് കൃത്രിമ ബീജസങ്കലന വിവരങ്ങൾ

പട്ടിക 1

| ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|
| 347 | 148<br>100 | 57<br>42 |

## വരവൂർ ഗ്രാമപഞ്ചായത്ത് 4, 3 രോഗവിവരങ്ങൾ

പട്ടിക 2.

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | മററുള്ളവ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| 1 | ദഹനസംബന്ധമായവ | 167 | 3 | 105 | ... | 8 | 150 | 7 | 2 | ... |
| 2 | ശ്വാസകോശസംബന്ധം | 87 | 5 | 96 | ... | 6 | 27 | 3 | ... | ... |
| 3 | ഉപാപചയസംബന്ധം | 65 | 7 | 25 | ... | ... | ... | ... | ... | ... |
| 4 | ത്വക്‌രോഗങ്ങൾ | 35 | 3 | 60 | ... | 7 | 68 | ... | ... | ... |
| 5 | ധാതുലവണങ്ങളുടെ അഭാവം | 57 | 2 | 23 | ... | ... | ... | ... | ... | ... |
| 6 | പരാദരോഗങ്ങൾ | 17 | ... | 13 | ... | 2 | ... | ... | ... | ... |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 15 | ... | ... | ... | ... | ... | ... | ... | ... |
| 8 | വന്ധ്യത | 3 | ... | ... | ... | ... | ... | ... | ... | ... |
| 9 | അകിടുവീക്കം | 17 | ... | 5 | ... | ... | ... | .. | ... | ... |
| 10 | മുടന്തൻപനി | 23 | ... | ... | ... | ... | ... | ... | ... | ... |
| 11 | പകർച്ചവ്യാധികൾ | ... | ... | ... | ... | ... | 129 | ... | ... | ... |

വരവൂർ ഗ്രാമപഞ്ചായത്ത്

കന്നുകാലികളുടെ വിവരം.

പട്ടിക 3

| | പശു, കാള, എരുമ. സങ്കരയിനങ്ങൾ | | നാടൻ ഇനങ്ങൾ | | [illegible] | | ആട് | കോഴി |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | പോത്തുകൾ | എരുമകൾ | | |
| | 212 | 528 | 412 | 282 | 78 | 67 | 2786 | 6208 |

# 3 വിദ്യാഭ്യാസം

ഇരുപതാം നൂററാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ വരവൂർ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചിട്ടുണ്ട്. കുപ്പിങ്ങാട് മനയുടെ വിറകുപുരയിലാണ് വിദ്യാഭ്യാസത്തിന്റെ ആദ്യക്ഷരം കുറിക്കപ്പെട്ടത്. കുപ്പിങ്ങാട് മയ്യനൽ ശ്രീ. രാമൻ ഭട്ടതിരിയുടെ ഉത്സാഹത്താൽ വരവൂരിൽ ആദ്യമായി ഒരു എൽ. പി. സ്കൂൾ തുടങ്ങി. പിന്നീട് കൊടസ്ലാട്ടിൽ ബാലകൃഷ്ണമേനോൻ കൊച്ചിയിൽ മന്ത്രിയായിരുന്നകാലത്ത് എൽ. പി. സ്കൂൾ യു. പി. സ്കൂളായി ഉയർത്തപ്പെട്ടു. എം. എൽ. എ ആയിരുന്ന ശ്രീ. വി. കെ. അച്യുതമേനോന്റെയും മററും ശ്രമഫലമായി ഈസ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തുകയും 1952ൽ S.S.L.C.യുടെ ആദ്യബാച്ച് പരീക്ഷയെഴുതുകയും ചെയ്തു. 1961ൽ കേരള സർക്കാർ ഹൈസ്കൂളുകളോട് ചേർന്നുള്ള എൽ. പി. സ്കൂളുകൾ ഭരണസൗകര്യത്തിനായി വേർതിരിച്ചതിന്റെ അടിസ്ഥാനത്തിൽ വരവൂർ ഗവ: ഹൈസ്കൂളിൽ നിന്നും എൽ.പി. വിഭാഗം വേർതിരിച്ച് ഗവ. എൽ.പി സ്കൂൾ വേറെ തുടങ്ങി.

1935ൽ ഏഴിക്കര നാരായണൻ മൂസ്സത് മെമ്മോറിയൽ എൽ. പി. സ്കൂൾ തളിയിൽ സ്ഥാപിച്ചു. ശ്രീ. എ. ശങ്കരൻമൂസ്സത് ആയിരുന്നു സ്ഥാപകമാനേജർ. ഈ വിദ്യാലയം 1967ൽ യു. പി. സ്കൂളായി ഉയർത്തി. പഞ്ചായത്തിലെ 9–ാം വാർഡിൽ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെകീഴിൽ ഒരു ട്രെയിനിങ്ങ് കം പ്രൊഡക്ഷൻ സെൻറർ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ പ്രവർത്തനം നിലച്ചിരിക്കയാണ്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ വരവൂർ ഗവ: ഹൈസ്കൂളിൽ അയൽ പഞ്ചായത്തുകളായ ദേശമംഗലം, തിരുചിററക്കോട്, മുള്ളൂർക്കര, എരുമപ്പെട്ടി എന്നിവയിൽനിന്നും വിദ്യാർത്ഥികൾ വന്ന് പഠിക്കുന്നുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉന്നതവിദ്യാഭ്യാസം നേടുന്നതിന് ഇവിടെ യാതൊരു സാദ്ധ്യതയുമില്ല.

വിവിധ സ്ക്കൂളുകളിലായി ഇപ്പോൾ 3225 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സ്ക്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ നിന്നും ഏകദേശം 50 വിദ്യാർത്ഥികൾ വിവിധ കേന്ദ്രങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നുണ്ട്.

## പ്രീപ്രൈമറി വിദ്യാഭ്യാസം

പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി നഴ്സറി വിദ്യാലയങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. എങ്കിലും നിലവിലുള്ള അംഗൻവാടികൾ ഈ പോരായ്മ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ നിലവിലുള്ള അംഗൻവാടികളിൽമിക്കതും സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഫർണിച്ചറോ കളിക്കോപ്പുകളോ ഇല്ലാത്തവയാണ്.

## അക്കാദമിക നിലവാരം

വരവൂർ ഹൈസ്ക്കൂളിലെ S. S. L. C. വിജയശതമാനം താരതമ്യേന മെച്ചമല്ല. സ്ക്കൂൾ വിദ്യാർത്ഥികളിൽ തന്നെ അക്ഷരജ്ഞാനമില്ലാത്തവരാണ് നല്ലൊരു ശതമാനം. സ്ഥല സൗകര്യക്കുറവും, സ്ഥിരമായി അനുഭവപ്പെടുന്ന അദ്ധ്യാപക ക്ഷാമവും, വിദ്യാർത്ഥികളുടെ എണ്ണക്കൂടുതലും അക്കാദമിക്ക് നിലവാരം മോശമാകുന്നതിന് കാരണമാകുന്നുണ്ട്. രണ്ട് പാരലൽ കോളേജുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ-ഗ്രാമ സഭകളിൽ നിന്ന്

1 സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ലാത്ത പഞ്ചായത്തിലെ അംഗൻ വാടികൾക്ക് സ്ഥലവും കെട്ടിടവും വേണം.

2 വിരുട്ടാണം ഹരിജൻ കോളനിക്കടുത്തും, കൊററുപുറം ഭാഗത്തും അംഗൻവാടികൾ ആരംഭിക്കണം.

3 വരവൂർ ഹൈസ്ക്കൂളിലെ ഷിഫ്ററ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് 13 മുറികളുള്ള ഒരു കെട്ടിടം നിർമ്മിക്കണം.

4 വരവൂർ ഹൈസ്ക്കൂളിലും എൽ. പി. സ്ക്കൂളിലും സ്ഥിരമായി അനുഭവപ്പെടുന്ന അദ്ധ്യാപകരുടെ കുറവ് നികത്തണം. ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന് പഞ്ചായത്തിന് അധികാരം നൽകണം.

5 വരവൂർ ഗവ. എൽ. പി സ്കൂളിന് 4 ക്ലാസ്സ്മുറികളുടെ വലുപ്പത്തിൽ ഒരു ഹാൾ നിർമ്മിക്കണം. എൽ. പി. സ്ക്കൂളിന് ചുററും മതിൽ കെട്ടുകയും ഒരു സ്റ്റേജ് നിർമ്മിക്കുകയും വേണം.

6 ഗവ: എൽ. പി. സ്ക്കൂളിൽ അഭയാർത്ഥികളായി കഴിയുന്ന കുടുംബത്തെ വീട് വെച്ച് മാററിപ്പാർപ്പിക്കണം.

7 എൽ. പി. സ്ക്കൂളിനോടനുബന്ധിച്ച് ഒരു നഴ്സറി സ്ക്കൂൾ ആരംഭിക്കണം.

8 എൽ. പി. സ്ക്കൂളിന് ചുററുമതിൽ കെട്ടുമ്പോൾ സ്ക്കൂളിന് പിൻവശത്ത് താമസിക്കുന്ന വീട്ടുകാർക്ക് P W D റോഡിലേക്ക് പൊതുവഴി അനുവദിക്കണം.

9 ഗവ: ഹൈസ്ക്കൂളിൻെറ കളിസ്ഥലം നിരപ്പാക്കി ഉപയോഗയോഗ്യമാക്കണം.

10 വരവൂർ ഹൈസ്ക്കൂളിൽ പ്ളസ് ടു കോഴ്സ് ആരംഭിക്കണം.

11 ഒന്നും, രണ്ടും, അഞ്ചും വാർഡുകളിൽ ഓരോ എൽ. പി. സ്ക്കൂൾ സ്ഥാപിക്കണം.

12 ഒമ്പതാം വാർഡിൽ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് (വാലിപ്പറമ്പ്) ഒരു എൽ. പി. സ്ക്കൂൾ ആരംഭിക്കണം.

13 തളിയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കണം.

14 തളി യു. പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തണം.

15 S. S. L. C.ക്കു ശേഷമുള്ള കുട്ടികൾക്കു വേണ്ടി കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെൻറർ ആരംഭിക്കണം.

16 അഞ്ചാം വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.

17 അഞ്ചാം വാർഡിൽ ഒരു എൽ. പി. സ്ക്കൂൾ സ്ഥാപിക്കണം.

18 അഞ്ചാം സ്റ്റാൻഡേർഡ് മുതൽ തൊഴിൽ അധിഷ്ഠിതവിദ്യാഭ്യാസം ആരംഭിക്കണം.

19 വേനൽ കാലത്ത് ഹൈസ്ക്കൂളിലെ കുടി വെള്ളക്ഷാമം പരിഹരിക്കാൻ എൽ. പി. സ്ക്കൂളിനടുത്തുള്ള വാട്ടർ കണക്ഷൻ ഹൈസ്ക്കൂളിലേക്ക് നീട്ടണം.

20 ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന വിദ്യാലയം (വാലിപ്പറമ്പ് – ട്രെയിനിങ്ങ് കം പ്രൊഡക്ഷൻ സെൻറർ) എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്ലംബിംഗ്, ബിൽഡിങ്ങ് കൺസ്ട്രക്ഷൻ, ഇലക്ട്രിഫിക്കേഷൻ, കാർപെൻററി എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് വീണ്ടും പ്രവർത്തിപ്പിക്കണം.

21 പാവപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ചിലവ് പൂർണ്ണമായും സൗജന്യമാക്കുക.

22 പഞ്ചായത്തിലെ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് പഞ്ചായത്തംഗങ്ങളും, പി. ടി. എ. യും ഉൾപ്പെട്ട ജനകീയ കമ്മററി രൂപീകരിക്കണം.

23 പെരുങ്കുന്ന് കോളനിയിലെ കുട്ടികൾക്ക് തളി സ്കൂളിലേക്ക് പോകാൻ റോഡ് സൗകര്യം വേണം.

24 രാമൻ ചിറ–കൊററുപുറം റോഡ് നിർമ്മിച്ച് തളി സ്കൂളിലേക്ക് വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം വേണം.

25 തളിയിൽ ഒരു ഗവ: കോളേജ് സ്ഥാപിക്കണം.

26 പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം.

27 സ്കൂളുകളിൽ നിന്ന് രാഷ്ട്രീയം ഒഴിവാക്കണം

28 കുമരപ്പനാലിൽ ഒരു എൽ. പി. സ്ക്കൂൾ സ്ഥാപിക്കണം.

## പരിഹാര മാർഗ്ഗങ്ങൾ

1 വരവൂർ ഗവ. ഹൈസ്ക്കൂളിന് 16 മുറികളുള്ള ഒരു കെട്ടിടം പണിയുകയാണെങ്കിൽ സ്ക്കൂളിലെ, ഷിഫ്ററ് സമ്പ്രദായം അവസാനിപ്പിക്കാനും പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ ക്ലാസ്സുകൾ ആരംഭിക്കാനും കഴിയും.

2 തളിയിൽ നിലവിലുള്ള എയിഡഡ് യു. പി. സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തുകയോ, പുതിയ ഹൈസ്ക്കൂൾ അനുവദിക്കുകയോ ചെയ്യുകയാണെങ്കിൽ ഈ ഭാഗത്തുള്ള വിദ്യാർത്ഥികൾക്ക് വളരെ സൗകര്യമാവും. കൂടാതെ വരവൂർ ഹൈസ്ക്കൂളിലെ വിദ്യാർത്ഥി ബാഹുല്യം കുറക്കാനും സഹായകമാകും.

3 ഒന്ന്, രണ്ട്, വാർഡുകളേയും അഞ്ച്, ആറ് വാർഡുകളേയും കേന്ദ്രീകരിച്ച്കൊണ്ട് എൽ. പി. സ്ക്കൂളുകൾ ആരംഭിക്കാൻ സാധ്യതയുണ്ട്. ഈ വാർഡുകളിൽ ഹരിജൻ കോളനികൾ ഉള്ളതിനാൽ അവിടത്തെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യം കൂടുന്നതാണ്. കൊച്ചുകുട്ടികൾക്ക് വിദ്യാഭ്യാസത്തിനു വേണ്ടി ദീർഘ ദൂരം യാത്ര ചെയ്യേണ്ട സ്ഥിതി ഒഴിവാക്കാം.

4 ഒമ്പതാം വാർഡിലെ വാലിപ്പറമ്പിൽ ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്ന വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള സ്ഥാപനവും സ്ഥലവും

## വരവൂർ പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സ്ഥിതിവിവര കണക്ക്

| നമ്പർ | സ്കൂളിന്റെ പേര് | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | | ആകെ | പട്ടികജാതി വിദ്യാർത്ഥികൾ | | ആകെ | പിടിഎ |
|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | | ആൺ | പെൺ | | |
| 1 | ഗവ: ഹൈസ്ക്കൂൾ, വരവൂർ | 49 | 817 | 751 | 1568 | 122 | 116 | 238 | ഉണ്ട് |
| 2 | എ. എൻ. എം. എം. യു. പി. സ്ക്കൂൾ, തിച്ചൂർ – തളി | 34 | 571 | 556 | 1127 | 56 | 59 | 115 | ഉണ്ട് |
| 3 | ഗവ, എൽ. പി. സ്ക്കൂൾ, വരവൂർ | 8 | 264 | 266 | 530 | 52 | 46 | 98 | ഉണ്ട് |
| | ആകെ | 91 | 1652 | 1573 | 3225 | 230 | 221 | 451 | |

## S. S. L. C. വിജയ ശതമാനം ഗവ: ഹൈസ്ക്കൂൾ, വരവൂർ

| വിദ്യാഭ്യാസ വർഷം | 1991 - 92 | 1992 - 93 | 1993 - 94 | 1994-95 | 1995-96 |
|---|---|---|---|---|---|
| വിജയശതമാനം | 28.7 | 34.8 | 25.3 | 28 | 22.8 |

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമനമ്പർ | സ്ക്കൂളിന്റെ പേര് | വിസ്തീർണ്ണം ഏക്കറിൽ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ: ഹൈസ്ക്കൂൾ, വരവൂർ | 5 ഏക്കർ 22 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | എ എൻ എം എം യു. പി. സ്ക്കൂൾ തിച്ചൂർ, തളി | 1½ ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ഗവ: എൽ പി സ്ക്കൂൾ, വരവൂർ | 1 . 58 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |

വിദ്യാഭ്യാസകാര്യങ്ങൾ — ആവശ്യങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ക്ലാസ്സ്മുറികൾ | മൂത്രപ്പുര | കക്കൂസ് | കിണർ (കുടിവെള്ളം) | കളിസ്ഥലം | സ്റ്റാഫ് റൂം | ലൈബ്രറി റൂം | അദ്ധ്യാപകർ | ഗ്രൗണ്ട് | ഫർണിച്ചർ: ബെഞ്ച് | ഡസ്ക് | മേശ | കസേര | ബ്ലാക്ക് ബോർഡ് | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ. ഹൈസ്കൂൾ, വരവൂർ | 13 | 4 | 2 | മൂന്നുമാസം ജലക്ഷാമം | നിരപ്പാക്കി ഉപയോഗയോഗ്യമാക്കണം. | 1 | 1 | 5 | ആവശ്യമില്ല. | 200 | 200 | 20 | 25 | 22 | കസേര- 4<br>റാക്ക് - 2 |
| 2 | എ.എൻ.എം.എം. യു.പി. സ്കൂൾ, തിച്ചൂർ. [illegible] | — | 1 | 1 | — | — | — | 1 | — | | — | — | — | — | — | — |
| 3 | ഗവ. എൽ.പി. സ്കൂൾ, വരവൂർ | 4 ക്ലാസ്സുകളുള്ള ഹാൾ | 1 | - | | ഇല്ല | 1 | — | 6 | | 100 | 50 | 10 | 10 | 5 | അലമാര- 2<br>മേശ - 2<br>കസേര- 6 |

ഉപയോഗിച്ച് എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ഉപയോഗപ്പെടുമാറ് പ്ലംബിങ്ങ്, ഇലക്ട്രിഫിക്കേക്കേഷൻ, ഹൗസ് കണക്ഷൻ, കാർപെൻററി എന്നീ വിഷയങ്ങൾക്ക് പ്രധാന്യം കൊടുത്തുകൊണ്ടുള്ള സാങ്കേതിക സ്ഥാപനം ആരംഭിക്കാവുന്നതാണ്.

5 കുമരപ്പനാലിൽ ഒരു എൽ. പി. സ്ക്കൂൾ ആരംഭിക്കാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ ഭാഗത്തെ വിദ്യാർത്ഥികൾക്ക് പഠിക്കാനായി വളരെദൂരം യാത്ര ചെയ്യേണ്ട അവസ്ഥ ഒഴിവാക്കാം. വരവൂർ എൽ. പി. സ്ക്കൂളിലെ വിദ്യാർത്ഥികളുടെ ബാഹുല്യം ഒരു പരിധിവരെ കുറയുന്നതുമാണ്.

6 വരവൂർ ഗവ. എൽ. പി സ്ക്കൂളിന് 4 ക്ലാസ്സുമുറികളുടെ വലിപ്പത്തിൽ ഒരു ഹാൾ നിർമ്മിച്ചു കൊടുക്കുകയും ചുററുമതിൽ കെട്ടുകയും ചെയ്യേണ്ടതാണ്. സ്ക്കൂളിൽ താമസിപ്പിച്ചിരിക്കുന്ന അഭയാർത്ഥി കുടുംബത്തെ വീടുണ്ടാക്കി വളരെ വേഗം മാററി പാർപ്പിക്കാൻ നടപ്പടി എടുക്കേണ്ടതാണ്. സ്ഥല പരിമിതി ഒഴിവാക്കാനും, സാഹിത്യ സമാജം പോലുള്ള പരിപാടികൾ നടത്താനും ഇതുകൊണ്ട് സൗകര്യമുണ്ടാകും. ഒരു സ്റ്റേജ് നിർമ്മിച്ചുകൊടുക്കേണ്ടതും ആവശ്യമാണ്.

7 വരവൂർ ഹൈസ്ക്കൂളിൻെറ കളിസ്ഥലം നിരപ്പാക്കേണ്ടതാണ്. കുട്ടികളുടെ കായികവും മാനസികവുമായ വളർച്ചക്ക് ഇത് സഹായകമാകും. വളരെ കുറച്ച് സാമ്പത്തിക ബാദ്ധ്യതയേ ഈ ആവശ്യം നിറവേററാൻ ആവശ്യമുള്ളൂ.

8 വരവൂരിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാവുന്നതാണ്. S. S. L. C.ക്ക് ശേഷം ദൂരസ്ഥലങ്ങളിലേക്ക് പോയി പഠിക്കുന്ന കുട്ടികൾക്കും പോകാൻ കഴിയാത്തവർക്കും ഇത് വളരെ ഉപകാരമായിരിക്കും

9 വരവൂർ ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെൻറർ ആരംഭിക്കാവുന്നതാണ്.

0 എൽ. പി. സ്ക്കൂളിന് ചുററുമതിൽ കെട്ടുമ്പോൾ സ്ക്കൂളിന് പിൻവശത്ത് താമസിക്കുന്ന ഏതാനും വീട്ടുകാർക്ക് വഴിയില്ലാതെ വരും. ഇത് പരിഹരിക്കാൻ സ്കൂളിൻെറ തെക്കുഭാഗത്തുകൂടി പടിഞ്ഞാട്ട് P W D റോഡിലേക്ക് വഴി കൊടുക്കാവുന്നതാണ്.

1 വേനൽകാലത്ത് ഹൈസ്ക്കൂളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എൽ. പി. സ്ക്കൂളിനടുത്തുള്ള വാട്ടർ കണക്ഷൻ ഹൈസ്ക്കൂളിലേക്ക് നീട്ടാവുന്നതാണ്. ഇതിന് 100 മീററോളം മാത്രമേ ലൈൻ നീട്ടേണ്ടതുള്ളൂ.

2 വരവൂർ എൽ. പി. സ്ക്കൂളിനോടനുബന്ധിച്ച് ഒരു നഴ്സറി സ്ക്കൂൾ ആരംഭിക്കാൻ സാധ്യതയുണ്ട്. പഞ്ചായത്തതിർത്തിയിൽ ഒരു നഴ്സറി സ്കൂൾ ഇപ്പോൾ ഇല്ല.

13 നിലവിലുള്ള അംഗൻവാടികൾക്ക് സ്വന്തം സ്ഥലവും, കെട്ടിടവും ഉണ്ടാക്കേണ്ടതും ആവശ്യമായ പഠനോപകരണങ്ങളും, കളിക്കോപ്പുകളും ലഭ്യമാക്കേണ്ടതുമാണ്.

14 പഞ്ചായത്തിലെ സർക്കാർ സ്ക്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ താൽകാലികമായി നികത്തുവാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. കൊല്ലങ്ങളായി സ്ക്കൂൾ ആരംഭത്തിൽ ധാരാളം അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടാകാറുണ്ടെങ്കിലും അവയിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസംകൊണ്ട് പല മാസങ്ങളിലും വളരെ അദ്ധ്യാപകരുടെ കുറവ് ഇവിടത്തെ സർക്കാർ സ്കൂളുകളിൽ അനുഭവപ്പെടാറുണ്ട്. കുട്ടികളുടെ പഠനനിലവാരം കുറയുന്നതിന് ഇത് പ്രധാനകാരണമാണ്.

15 വിരുട്ടാണം ഹരിജൻ കോളനിക്കടുത്തും, കൊററുപുറം ഭാഗത്തും അംഗൻവാടികൾ ആരംഭിക്കേണ്ടതാണ്.

16 അഞ്ചാം സ്റ്റാൻഡേർഡ് മുതൽ തൊഴിൽ അധിഷ്ഠിതവിദ്യാഭ്യാസം ആരംഭിക്കാവുന്നതാണ്.

17 പഞ്ചായത്തിലെ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് പഞ്ചായത്തംഗങ്ങളും, പി. ടി. എയും ഉൾപ്പെട്ട ജനകീയ സമിതി രൂപീകരിക്കാവുന്നതാണ്. പഠന നിലവാരം ഉയരുന്നതിന് സഹായകമാകും.

18 പെരുങ്കുന്ന് കോളനിയിൽ നിന്നും കുട്ടികൾക്ക് തളി സ്ക്കൂളിലേക്ക് പോകാൻ റോഡു സൗകര്യം വേണ്ടതാണ്.

19 രാമൻ ചിറ – കൊററുപുറം റോഡ് ആ ഭാഗത്തെ വിദ്യാർത്ഥികൾക്ക് തളി സ്ക്കൂളിലേക്ക് പോകാൻ സൗകര്യമാണ്.

20 തളിയിൽ ഒരു ഗവ: കോളേജ് സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്. വരവൂരിലെ S S L C കഴിയുന്ന വിദ്യാർത്ഥികൾക്ക് വളരെ സൗകര്യമാകുന്നതാണ്

21 പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

എല്ലാ ദിവസവും സ്കൂൾ അസംബ്ലി നടത്തുക.

മാതൃസംഗമം, പിടി.എ., സ്ക്കൂൾ കോംപ്ലെക്സ്, സാഹിത്യ സമാജം എന്നിവ കാര്യക്ഷമമായി നടത്തുക.

അക്ഷര ജ്ഞാനമില്ലാത്ത വിദ്യാർത്ഥികളെ കണ്ടുപിടിച്ച് വായനശാലകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ സെപ്ഷൽ കോച്ചിങ്ങ് നടത്താൻ നടപടി എടുക്കുക.

22 സ്ക്കൂളുകളിൽ നിന്ന് രാഷ്ട്രീയം ഒഴിവാക്കണം എന്നത് ഗവർമ്മെണ്ട് തലത്തിൽ തീരുമാനിക്കേണ്ട വിഷയമാണ്.

# 4 ആരോഗ്യം, കുടിവെള്ളം

## പരിസര ശുചിത്വം

ആരോഗ്യം എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത് ശാരീരികവും മാനസികവുമായ ആരോഗ്യമാണ്. ആരോഗ്യമുള്ള ജനതയാണ് ഏതൊരു രാജ്യത്തിൻേറയും ഏററവും വലിയ സമ്പത്ത്. ഒരു നാടിൻെറ മൊത്തത്തിലുള്ള പുരോഗതിയുടെ അളവുകോലാണ് ആ നാട്ടിലെ ആരോഗ്യ സ്ഥിതി.

വിസ്തൃതിയുള്ള വരവൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 18710 ആണ്. 8826 പുരുഷൻമാരും 9884 സ്ത്രീകളും. ഇതിൽ 1545 പേർ കുട്ടികളാണ്. വളരെക്കാലമായി ആരോഗ്യ രംഗത്ത് കാര്യമായ പുരോഗതിയൊന്നും ഈ പഞ്ചായത്തിലുണ്ടായിട്ടില്ല. മുമ്പ് ഈ പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട ഇരുന്നിലംകോട്, പഞ്ചായത്തിലെ ഏക ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തിച്ചിരുന്നു. എന്നാൽ ആ പ്രദേശം പുതുതായി രൂപംകൊണ്ട മുള്ളൂക്കര പഞ്ചായത്തിൽ പെടുത്തിയപ്പോൾ വരവൂർ ഗ്രാമ പഞ്ചായത്തിന് പകരം ഒരു ആയുർവ്വേദ ഡിസ്പെൻസറി അനുവദിക്കുകയുണ്ടായില്ല.

ഇന്നാട്ടുകാരായ ജനങ്ങളുടെ പ്രയത്ന ഫലമായി ഒരു ആസ്പത്രിക്കു വേണ്ടി ഒരേക്കർ സ്ഥലവും ഒരു കെട്ടിടവും വാങ്ങി സർക്കാരിനെ ഏൽപ്പിച്ചതിന് ശേഷം 1981ൽ ഇവിടെ ഒരു പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിക്കുകയുണ്ടായി. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും, ആയുർവ്വേദ ഡിസ്പെൻസറിയും ആരംഭിക്കാൻ സർക്കാർ ഇതുവരെ താല്പര്യം കാണിച്ചിട്ടില്ല.

കുറെ നാട്ടുവൈദ്യൻമാരും, അടിസ്ഥാന യോഗ്യതകളില്ലാതെ ചികിത്സ നടത്തിയിരുന്ന മററു ചിലരും ചില ആയുർവ്വേദ ഡോക്ടർമാരുമാണ് ഇവിടത്തെ ആരോഗ്യ രംഗം കൈകാര്യം ചെയ്തിരുന്നത്.

1981ൽ സർക്കാർ അനുവദിച്ച പ്രൈമറി ഹെൽത്ത് സെൻററിന് നാട്ടുകാർ നല്കിയ 1 ഏക്കറോളം സ്ഥലവും, കെട്ടിടവും ഉണ്ടെങ്കിലും ഈ സ്ഥാപനത്തിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ ഇതുവരെയും നടന്നിട്ടില്ല രോഗികളെ കിടത്തി ചികിത്സിക്കേണ്ടതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങളും, ഡോക്ടർ, നേഴ്സ് എന്നിവർക്കുള്ള ക്വാർട്ടേഴ്സും ഇതുവരെ ഉണ്ടാക്കിയിട്ടില്ല.

വരവൂർ പ്രൈമറി ഹെൽത്ത് സെൻററിൻെറ കീഴിൽ തിച്ചൂരിലും, തളിയിലും, വരവൂരിലും കുമരപ്പനാലിലുമായി നാല് മാതൃശിശുക്ഷേമ കേന്ദ്രങ്ങൾ (സബ്ബ് സെൻേറഴ്സ്) പ്രവർത്തിക്കുന്നുണ്ട്. ഗർഭിണികൾക്കുള്ള ആദ്യകാല പരിശോധനകൾ, അയേൺ ഗുളികകളുടെ വിതരണം കുട്ടികൾക്കും ഗർഭിണികൾക്കുമുള്ള കുത്തിവെപ്പുകൾ മററ് അത്യാവശ്യ സേവനങ്ങൾ ആരോഗ്യരംഗത്തെ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയെല്ലാം ഇവിടെവെച്ചാണ് നടത്തുന്നത്.

1 വയറിളക്ക രോഗങ്ങൾ

2 പോഷകാഹാരകുറവ് മൂലമുള്ള വിളർച്ച, ക്ഷീണം തുടങ്ങിയ അസുഖങ്ങൾ.

3 വിരശല്യം.

4 വൃത്തികുറഞ്ഞ സാഹചര്യങ്ങളിൽ കൂടുതലായി കണ്ടുവരുന്ന Scalies എന്ന ചൊറി.

5 സാധാരണ ജലദോഷം.

6 സാധാരണയായി കണ്ടുവരുന്ന ശ്വാസകോശ രോഗങ്ങൾ.

7 വാതസംബന്ധിയായ രോഗങ്ങൾ.

പല അസുഖങ്ങൾക്കും ഫലപ്രദമായ ചികിത്സാവിധികളുള്ള ആയൂർവ്വേദം, ഹോമിയോ എന്നീ വിഭാഗത്തിൽപ്പെട്ട സർക്കാർ ആശുപത്രികൾ വേണമെന്ന പഞ്ചായത്ത് നിവാസികളുടെ കാലങ്ങളായുള്ള ആഗ്രഹം സഫലീകരിക്കുകയാണെങ്കിൽ ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

വളരെ കാര്യമായി പ്രവർത്തിക്കുന്ന നിലവിലുള്ള കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളുണ്ടായിട്ടും പഞ്ചായത്തിലെ പല സ്ഥലങ്ങളിലും ഈരോഗം ഇന്നും നിലനിൽക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. സൗജന്യമായി ലഭിക്കുന്ന വൈദ്യസഹായവും, മരുന്നുകളും ഉപയോഗപ്പെടുത്താനുള്ള ജനങ്ങളുടെ വിമുഖതയാണ് ഈ അവസ്ഥക്ക് മുഖ്യകാരണം. ആരോഗ്യ പ്രവർത്തകർക്കു പുറമെ മററ് ബന്ധപ്പെട്ടവരുടെയെല്ലാം കൂട്ടായ ബോധവൽക്കരണ യജ്ഞങ്ങളിലൂടെ മാത്രമേ ഈ അവസ്ഥക്കൊരു മാററമുണ്ടാക്കാൻ കഴിയൂ.

അടുത്ത കാലത്തായി സമഗ്ര ശിശു സംരക്ഷണ പരിപാടിയുടെ ഭാഗമായി ഈപഞ്ചായത്തിൽ 15 അംഗൻവാടികൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. സ്വന്തമായി സ്ഥല സൗകര്യമില്ലാത്തതിനാൽ മിക്ക അംഗൻവാടി

കളും വാടക കെട്ടിടങ്ങളിലാണ് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ഭൂമി തരപ്പെടുത്തി കൊടുക്കാൻ കഴിഞ്ഞാൽ കെട്ടിട നിർമ്മാണവും, മററു അനുബന്ധ സൗകര്യങ്ങളും ICDS വകുപ്പ് നിർവ്വഹിക്കുന്നതാണ്.

ഇതിനെല്ലാമുപരിയായി പ്രാധാന്യം കൊടുക്കേണ്ട ഒന്നാണ് ആരോഗ്യരംഗത്തെ ബോധവൽക്കരണ പരിപാടികൾ, രോഗംവന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗംവരാതെ നോക്കുക എന്ന മഹത്തായ ആശയത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്. വ്യക്തി ശുചിത്വം, പരിസര മലിനീകരണ നിർമ്മാർജ്ജനം, കൊതുക് നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ളം കിട്ടുന്നതിന് ശാശ്വതപരിഹാരം തുടങ്ങിയവയെല്ലാം ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ — ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നവയ്ക്ക് പുറമെ – ആരോഗ്യരംഗത്ത് കാതലായ മാററങ്ങൾ ഉണ്ടാകുമെന്നുറപ്പാണ്.

പ്രകൃതി ചികിത്സാ പദ്ധതിയും പഞ്ചായത്തിൽ സ്വാധീനം ചെലുത്തിയിട്ടില്ല. ഈ രംഗത്തും കാര്യമായ സംഭാവനകൾ പഞ്ചായത്തിന് ചെയ്യാൻ കഴിയും.

സർക്കാർ വക പ്രാഥമികാരോഗ്യ കേന്ദ്രത്തിനും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാല് സബ്ബ്സെന്ററുകൾക്കും പുറമെ ഇവിടത്തെ ജനങ്ങൾ ആശ്രയിക്കുന്നത് ഏതാനും പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാരേയും, ആയുർവ്വേദ ഡോക്ടർമാരേയുമാണ്. മൂന്ന് ആയുർവ്വേദ ഡോക്ടർമാർ (D. A. M) ആണ് പഞ്ചായത്തിൽ പ്രാക്ടീസ് ചെയ്യുന്നത്.

# ഗ്രാമ സഭകളിൽനിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ

1 വരവൂർ പഞ്ചായത്തിലെ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല.

2 ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ മരുന്നുകളും ഡോക്ടർമാരുടെ സേവനവും ഇല്ല.

3 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വേണ്ടത്ര സ്റ്റാഫില്ല.

4 വരവൂർ ഗ്രാമ പഞ്ചായത്ത് ഭൂചലന മേഖലയിലായതിനാൽ ഈ സ്ഥാപനത്തിലേക്ക് ആംബുലൻസ് ടെലഫോൺ സൗകര്യം എന്നിവ ഏർപ്പെടുത്തണം.

5 ഹോമിയോ ഡിസ്പെൻസറി ഈ പഞ്ചായത്തിൽ ഇല്ല.

6 വരവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും, സബ്ബ് സെന്ററുകളിലും ആവശ്യമായ ഫർണിച്ചർ ഇല്ല.

7 വരവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്ററിന്റെ സേവനം കിട്ടുന്നില്ല.

8 അലഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കുന്നതിന് ആവശ്യമായ നടപടികൾ ഈ പഞ്ചായത്തിലില്ല.

9 വരവൂർ ഗ്രമ പഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കണം.

10 അഞ്ചാം വാർഡിൽ ഒരു സബ്ബ് സെന്റർ അനുവദിക്കണം.

11 പ്രകൃതി ചികിത്സാ സമ്പ്രദായം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

12 ആരോഗ്യരംഗത്ത് അനുവർത്തിക്കേണ്ട കാര്യങ്ങളെപ്പററി ബോധവൽക്കരണം വേണം.

# സാധ്യതകൾ

1 പഞ്ചായത്തിലെ ജനങ്ങൾക്ക് ആരോഗ്യകാര്യങ്ങൾക്ക് ആശ്രയിക്കാനുള്ള ഒരേ ഒരു സ്ഥാപനമാണ് പ്രാഥമികാരോഗ്യകേന്ദ്രം. ഇവിടെ ഡോക്ടർ, നഴ്സ് എന്നിവർക്കുവേണ്ടി ക്വാർട്ടേഴ്സുകളും, വാർഡും, മററ് സൗകര്യങ്ങളും ഏർപ്പെടുത്തി രോഗികളെ കിടത്തി ചികിത്സിക്കാൻ തുടങ്ങിയാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമാണ്.

2 പഞ്ചായത്തിൽ നിലവിലുള്ള സബ്ബ്സെന്ററുകളിൽ യഥാസമയം മരുന്നുകൾ എത്തിക്കുകയും, ഡോക്ടർമാരെ നിയമിക്കുകയും ചെയ്താൽ ഇവിടത്തെ രോഗികൾക്ക് ദൂര സ്ഥലങ്ങളിൽപോയി ചികിത്സിക്കേണ്ട ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയും,

3 പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സുഗമവും, കാര്യക്ഷമവുമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണം.

4 ഭൂചലന മേഖലയിൽപ്പെടുന്ന വരവൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായി ഒരു ആംബുലൻസും, ടെലഫോൺ സൗകര്യവും ഏർപ്പെടുത്തുകയാണെങ്കിൽ പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങളിൽ ജനങ്ങളെ കുറെയെങ്കിലും സഹായിക്കാൻ കഴിയും.

5 പല രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സാ വിധികളുള്ള ഹോമിയോ ചികിത്സക്ക് സൗകര്യം ചെയ്തുകൊടുക്കാൻ ഈ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് വളരെ ഉപകാരമായിരിക്കും.

6 പ്രാഥമികാരോഗ്യ കേന്ദ്രത്തിലും, സബ് സെൻററുകളിലും ആവശ്യമായ ഫർണിച്ചർ അനുവദിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

7 സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഒരു ഗൈനക്കോളജിസ്ററിൻെറ സേവനം ഉപകാരപ്രദമാണ്. ഈ പ്രദേശത്തെ ഗർഭിണികൾ ഭൂരിഭാഗവും ദൂരസ്ഥലങ്ങളിലുള്ള ഇത്തരം ഡോക്ടർമാരേയും, ആസ്പത്രികളേയും ആശ്രയിക്കേണ്ടി വരുന്നത് ഇല്ലാതാക്കാൻ ഇതുകൊണ്ട് കഴിയും.

8 അലഞ്ഞു നടക്കുന്ന നായ്ക്കൾ മൂലം പേപ്പട്ടി വിഷബാധയുണ്ടാകാതിരിക്കാൻ അത്തരം നായ്ക്കളെ പിടിച്ച് കൊല്ലുന്നതിനായി അത്യാവശ്യമായും നടപടികൾ എടുക്കേണ്ടതാണ്.

9 പഞ്ചായത്തിൽ ആയുർവ്വേദ ചികിത്സാ സമ്പ്രദായം പ്രോത്സാഹിപ്പിക്കേണ്ടതാണ്. പല രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സാ വിധികളുള്ള ആയുർവ്വേദ ചികിത്സക്കായി പഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി അനുവദിക്കുകയാണെങ്കിൽ, നല്ല ആയുർവ്വേദ ചികിത്സക്കായി വളരെ ദൂരം പോകേണ്ട ഗതികേട് അവസാനിപ്പിക്കാം.

10 അഞ്ചാം വാർഡിലെ ജനങ്ങളുടെ സൗകര്യാർത്ഥം ആ ഭാഗത്ത് ഒരു സബ് സെൻറർ അനുവദിക്കേണ്ടതാണ്.

11 പ്രകൃതി ചികിത്സയെപ്പററി ജനങ്ങളെ ബോധവാന്മാരാക്കിയാൽ പല അസുഖങ്ങളും ആ രീതിയിൽ ചികിത്സിക്കാൻ സൗകര്യമുണ്ടാകും.

12 ആരോഗ്യരംഗത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പററി പഞ്ചായത്തിലെ ജനങ്ങളെ ബോധവാന്മാരാക്കണം. രോഗം വരാതിരിക്കാൻ ശ്രദ്ധിക്കുന്നതിനും, രോഗം വന്നാൽ ചെയ്യേണ്ട കാര്യങ്ങളെപ്പററിയും അവർക്ക് അറിവുണ്ടാകും.

# കുടിവെള്ളം

ഒരു സ്ഥലത്തെ കുടിവെള്ളത്തിൻെറ ലഭ്യതയും, ഗുണനിലവാരവും അവിടത്തെ ആരോഗ്യ പുരോഗതിയുടെ മുഖ്യസൂചകങ്ങളിലൊന്നാണ്. വരവൂർ ഗ്രാമ പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകൾ വീടുകളിലെ കിണറുകൾ, പൊതുകിണറുകൾ, കുഴൽ കിണറുകൾ, ചെറിയ തോതിലുള്ള പൊതുടാപ്പുകൾ എന്നിവയാണ്. കുടിവെള്ള ക്ഷാമം കാര്യമായി അനുഭവപ്പെടുന്ന ഒരു പ്രദേശമാണിത്. വളരെയധികം സ്ഥലങ്ങളിൽ വേനൽക്കാലമാവുമ്പോൾ കിണറുകൾ വററുന്നതിനാൽ മററു മാർഗ്ഗങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. വളരെ ദൂരെ നിന്നും കുടിവെള്ളം ശേഖരിച്ചു കൊണ്ടുവരേണ്ട ബുദ്ധിമുട്ട് പല സ്ഥലങ്ങളിലും ഉണ്ട്. കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായാൽ ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെടുമെന്ന ആശയത്തിലാണ് പഞ്ചായത്തും, ജനങ്ങളും.

ഹരിജൻ കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിൻെറ ഭാഗമായി പൈപ്പു വഴി ഭൂരിഭാഗം കോളനികളിലും പൈപ്പ് ലൈൻ എത്തിച്ചിട്ടുണ്ട്. ഇനിയും വെള്ളം എത്തിക്കാത്ത കോളനികളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ ഇതിനകം കുഴിച്ചിട്ടുള്ള കുഴൽ കിണറുകളിൽ പലതും ഉപയോഗിക്കാൻ പററാത്ത അവസ്ഥയിലാണ്.

വരവൂർ ഗ്രാമ പഞ്ചായത്ത് — കുടിവെള്ള സ്രോതസ്സുകൾ. പട്ടിക.

# പ്രശ്നങ്ങൾ ഗ്രാമസഭകളിൽനിന്ന്

1 പൊന്നുകുന്ന് കോളനി, ഓംകുന്ന് കോളനി, എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കണം.

2 അമ്പല നട, ചക്കംകുളം പരിസരം, ചെല്ലിറോഡ് എന്നിവിടങ്ങളിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കണം

3 വിരുട്ടാണം കോളനി, ചേങ്ങാട്ടിരി സാംബവ, ലക്ഷംവീട്, തച്ചുകുന്ന്, നാലാം വാർഡിൽ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ, പിലക്കാട് അംഗൻവാടിക്കു മുന്നിൽ പിലക്കാട് ചേരമ്പാല ഭാഗത്ത് ലൈൻ പോകുന്നുണ്ട്. അവിടെ അത്യാവശ്യം ടാപ്പുകൾ ഇട്ടുകൊടുക്കേണ്ടതാണ്. ലക്ഷം വീടുകളിലേക്ക് പൈപ്പ് ലൈൻ നീട്ടി ടാപ്പ് അനുവദിക്കേണ്ടതാണ്. റോഡ് സൈഡിൽ ലൈൻ പോകുന്ന വഴിയിൽ ടാപ്പ് ഇടേണ്ടതാണ്. അഞ്ചാം വാർഡ് വാടക്കപ്പറമ്പ് കോളനി, മുളങ്കുന്ന് കോളനി, അഞ്ചാം വാർഡിൽ നടുവട്ടം, കൊററുപുറം,

കക്കാട്കുന്ന് തെക്കെ കോളനി, തെക്കുമുറി സാംബവകോളനി, പൊട്ടക്കാളകുന്ന്, ആവശ്ശേരി ഭാഗം, വരവൂർ മദ്രസ്സ പരിസരം, അംഗനവാടി വരവൂർ, വളവ് ലക്ഷംവീട്കോളനി, കക്കാട്കുന്ന്കോളനി വരവൂർ പ്രാഥമികാരോഗ്യ കേന്ദ്ര പരിസരം, കളരിക്കൽ പരിസരം, മുണ്ടനോട്ട് പരിസരം, ഏഴാം വാർഡിലെ ഹരിജൻ കോളനി, എട്ടാം വാർഡിലെ കോളനികളിലും, ഹൈസ്കൂൾ കോളനി, വരവൂർ ഹൈസ്ക്കൂൾ, ഒമ്പതാം വാർഡിൽ നടുത്തറ, കാർളിമുക്ക്, പലകച്ചിറ, കുമരപ്പനാൽ, ആവശ്യമായ ഭാഗത്ത് പൈപ്പ് ലൈൻ നീട്ടിയും, ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.

4 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മൂന്നാം വാർഡിലെ കുടുംബങ്ങൾക്ക് കിണർ നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുക.

5 പഞ്ചായത്തിൽ എല്ലാ വാർഡിലും കുടിവെള്ളക്ഷാമമുള്ള വീടുകൾക്ക് ഒരു വീടിന് ഒരു കിണർ വീതം ഉണ്ടാക്കുന്നതിന് ആവശ്യമായവർക്ക് ധനസഹായം നൽകുക.

6 രണ്ടാം വാർഡിലും, മൂന്നാം വാർഡിലും, ഏഴാം വാർഡിലും, ഉപയോഗ ശൂന്യമായികിടക്കുന്ന കുഴൽ കിണറുകൾ ഉപയോഗ്യമാക്കുകയും, കുഴിക്കുകയും ആവശ്യമായ സ്ഥലങ്ങൾ.

7 കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്"

# സാധ്യതകൾ

1 പൊന്നുകുന്ന് കോളനി, ഓംകുന്ന് കോളനി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ കണക്ഷൻ നീട്ടുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ കോളനിയിലെ വീട്ടുകാക്ക് വളരെ സൗകര്യമായിരിക്കും.

2 അമ്പലനട, ചക്കംകുളം പരിസരം, ചെല്ലി റോഡ്, എന്നിവടങ്ങളിൽകൂടി പോകുന്ന വാട്ടർ പൈപ്പിൽ നിന്നും ഈ പ്രദേശങ്ങളിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

3 വിരുട്ടാണം കോളനി, പേങ്ങാട്ടിരി സാംബവ, ലക്ഷംവീട് കോളനി, തച്ചുകുന്ന്, നാലാം വാർഡിൽ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ, പിലക്കാട് അംഗൻവാടിക്ക് മുന്നിൽ എന്നീ സ്ഥലങ്ങളിൽ പൈപ്പുലൈൻ എത്താത്ത സ്ഥലത്തേക്ക് പൈപ്പ് ലൈൻ നീട്ടുകയും ടാപ്പുകൾ ഇടുകയും ചെയ്താൽ ഈ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ഹരിജൻ കോളനികളിലേക്കുള്ള പൈപ്പ് ലൈനുകൾ കോളനികളിൽ എല്ലാ വീടുകൾക്കും സൗകര്യപ്പെടുന്ന സ്ഥലത്തേക്ക് നീട്ടി ടാപ്പ് സ്ഥാപിക്കുകയാണെങ്കിൽ വളരെ നല്ലതാണ്. ഇതുപോലെ വാഴക്കപ്പറമ്പ് കോളനി, മുളങ്കുന്ന് കോളനി, അഞ്ചാം വാർഡിൽ നടുവട്ടം, കൊററുപുറം, കക്കാട് കുന്ന്, തെക്കെ കോളനി, തെക്കുംമുറി സാംബവ കോളനി, ലക്ഷംവീട് കോളനി, പൊട്ടക്കാളക്കുന്ന്, ആവശ്ശേരി ഭാഗം, വരവൂർ വളവ് അംഗനവാടി വരവൂർ, മദ്രസ്സ പരിസരം, മുണ്ടനോട്ട് പരിസരം, ഏഴാം വാർഡിലെ ഹരിജൻ കോളനി, 8-ാം വാർഡിലെ കോളനികൾ, വരവൂർ ഹൈസ്കൂൾ 9-ാം വാർഡിൽ നടുത്തറ, കാർളിമുക്ക് പലകച്ചിറ ഭാഗം ഇവിടങ്ങളിൽ പൈപ്പ്ലൈൻ ഇല്ലാത്തിടത്തേക്ക് നീട്ടുകയും ആവശ്യമായ കേന്ദ്രങ്ങളിൽ വാട്ടർ ടാപ്പ് ഇടുകയും ചെയ്യുകയാണെങ്കിൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആശ്വാസമാകും

4 മൂന്നാം വാർഡിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക സഹായം നൽകുകയാണെങ്കിൽ ആ ഭാഗത്തെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയും.

5 പഞ്ചായത്തിലെ കുടിവെള്ള ക്ഷാമമുള്ള വീട്ടുകാക്ക് കിണർ കുഴിക്കുന്നതിന് സഹായം കൊടുക്കേണ്ടതാണ്.

6 2, 3, 7 വാർഡുകളിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽ കിണറുകൾ ഉപയോഗ്യമാക്കുകയാണെങ്കിൽ ആ ഭാഗങ്ങളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കഴിയും.

7 5-ാം വാർഡിലുള്ള മുളംകുന്ന് കോളനിയിലെ ഓപ്പൺവെൽ സംരക്ഷണ ഭിത്തികൾ കെട്ടി കിണർ ആഴംകൂട്ടി കുടിവെള്ളം ലഭ്യമാക്കുക.

8 വാഴക്കപറമ്പ് കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഒരു ഓപ്പൺവെൽ നിർമ്മിക്കുക.

9 5-ാം വാർഡിൽ നടുവട്ടം സെൻററിൽ നിന്നും കൊററുപുറം സെൻറർ വരെ പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക.

10 കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം വളരെ വേഗം പൂർത്തിയാക്കുകയാണെങ്കിൽ വരവൂർ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകും. അതിനു വേണ്ട കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.

# പരിസര ശുചിത്വം

രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ പരിസര ശുചിത്വത്തിന് പ്രധാനമായ സ്ഥാനമുണ്ട്. പരിസര ശുചിത്വമില്ലാത്തതുകൊണ്ട് പല രോഗങ്ങളും ഉണ്ടാകുമെന്ന് നമുക്കറിയാം. പക്ഷെ ഇക്കാര്യത്തിൽ പലരും വേണ്ടത്ര ശ്രദ്ധ കാണിക്കാറില്ല.

നമ്മുടെ വീടും, പരിസരവും വൃത്തിയായി സൂക്ഷിക്കാൻ ഓരോരുത്തരും ശ്രമിക്കുകയാണെങ്കിൽ പല രോഗങ്ങളിൽ നിന്നും നമുക്ക് രക്ഷപ്പെടാൻ കഴിയും. വീട്ടിലും, സ്കൂളുകളിലും കുട്ടികൾക്ക് ഇക്കാര്യത്തിൽ പ്രത്യേകം ക്ലാസ്സുകൾ കൊടുക്കേണ്ടതാണ്. പല വീടുകളും മുൻഭാഗവും സ്വീകരണ മുറിയുമെല്ലാം വളരെ വൃത്തിയായി സൂക്ഷിക്കാറുണ്ടെങ്കിലും അവയുടെ പിൻഭാഗം വൃത്തിഹീനമായി കാണാറുണ്ട്. പഞ്ചായത്തിലെ ജനങ്ങളെ ബോധവല്ക്കരണത്തിലൂടെ കാര്യങ്ങൾ മനസ്സിലാക്കിയാൽ പഞ്ചായത്തിലെ വീടുകൾ മാത്രമല്ല ഓഫീസുകളും, റോഡുകളും, പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കാനും അങ്ങനെ മററു പഞ്ചായത്തുകൾക്ക് മാതൃകയായി ഒരു ക്ലീൻ പഞ്ചായത്തായി ഈ ഗ്രാമ പഞ്ചായത്തിനെ മാററാനും കഴിഞ്ഞേക്കും. പഞ്ചായത്തിലെ പ്രത്യേക കേന്ദ്രങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിച്ചും, റോഡുകളുടെ കാനകൾ യഥാ സമയം വൃത്തിയാക്കിയും, വൻസന്നദ്ധ സംഘടനകളുടേയും മററും സഹായത്തോടെ വൻസാമ്പത്തിക ബാദ്ധ്യതയില്ലാതെത്തന്നെ സാധിക്കുന്ന കാര്യമാണ് ഇത്.

# പ്രശ്നങ്ങൾ ഗ്രാമസഭകളിൽ നിന്ന്

1 കക്കൂസ് സൗകര്യമില്ലാത്ത വീടുകാക്ക് കക്കൂസുകൾ നിർമ്മിക്കാൻ സഹായം നൽകണം.

2 റോഡുകളിൽ പലതിനും വെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ കാനകൾ ഇല്ല.

3 പരിസര ശുചിത്വത്തെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം വേണം.

# സാധ്യതകൾ

1 എല്ലാ വീടുകൾക്കും കക്കൂസുകൾ എന്ന അടിസ്ഥാനത്തിൽ പഞ്ചായത്തിലെ കക്കൂസില്ലാത്ത വീട്ടുകാക്ക് കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നൽകേണ്ടതാണ്. പരിസര ശുചിത്വത്തിന് ഇത് വളരെയേറെ സഹായകമാണ്.

2 റോഡുകൾക്ക് കാനകൾ ഉണ്ടാക്കുകയും വേണ്ട സമയത്ത് വൃത്തിയാക്കുകയും ചെയ്താൽ റോഡുകൾ കേടുവരുന്നത് കുറയ്ക്കാനും, വൃത്തിയായി സൂക്ഷിക്കുന്നതിനും സഹായിക്കും.

3 ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും പരിസര ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം. ശുചിത്വ ബോധമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്താനും വൃത്തിയുള്ള ഒരു പഞ്ചായത്തായ് വരവൂർ ഗ്രാമ പഞ്ചായത്തിനെ മാററാനും ഇതുകൊണ്ട് കഴിഞ്ഞേക്കും.

4 പരിസര ശുചിത്വം ഉണ്ടാക്കുന്ന കാര്യത്തിൽ സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗിക്കാം.

## വരവൂർ ഗ്രാമപഞ്ചായത്ത്
## കുട്ടികളുടേയും, ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി. സി ജി. I D | ഡി. പി. ററി | | | | പോളിയോ | | | | ഡി. ററി. | | | | മിസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I D | II D | III D | B D | I D | II D | III D | B D | I D | II D | III D | B D | |
| ഒരു വയസ്സിൽ താഴെ | 381 | 195 | 175 | 140 | — | 201 | 209 | 190 | 12 | 30 | 18 | 9 | — | 175 |
| 1 — 3 വയസ്സ് | 419 | 244 | 228 | 227 | 282 | 196 | 190 | 173 | 129 | 41 | 23 | 7 | — | 300 |
| 3 — 6 വയസ്സ് | 365 | 300 | 288 | 279 | 260 | 305 | 298 | 91 | 154 | 117 | 49 | 9 | 64 | 299 |

| ഗർഭിണികൾ | ടെററനസ് ടോക്സോയ്ഡ് (T. T.) | | |
|---|---|---|---|
| | I D | II D | B D |
| | 121 | 84 | 13 |

## വരവൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ സംബന്ധമായ കാര്യങ്ങൾ

| വിഷയം | എണ്ണം |
|---|---|
| 1 കഴിഞ്ഞവർഷത്തിൽ ആകെ ജനനങ്ങൾ | 258 |
| 2. ചാപിള്ള ജനനങ്ങൾ | 4 |
| 3. ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95–96) | 6 |
| 4. 1–3 വയസ്സുവരെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | 2 |
| 5. 3–6 വയസ്സുവരെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | ഇല്ല. |
| 6. ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | ഇല്ല. |
| 7. അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 847 |
| 8. അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 151 |

# വ്യവസായം

വരവൂർ പഞ്ചായത്തിൽ ഉത്പ്പാദന മേഖലയിൽ പറയത്തക്ക വ്യവസായങ്ങളൊന്നുമില്ല. പരമ്പരാഗത വ്യവസായങ്ങളായ കൊട്ടനെയ്ത്ത്, ഇഷ്ടിക നിർമ്മാണം, ഖാദി, നൂലുത്പ്പാദനം, ബീഡി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം കരകൗശല വസ്തുക്കളുടെ നിർമ്മാണം, എന്നിവയെല്ലാം മന്ദീഭവിച്ച നിലയിലാണ്.

## പ്രശ്നങ്ങൾ ഗ്രാമസഭകളിൽ നിന്ന്

വാർഡ്–I

1. പൊന്നംകന്ന് കോളനിയിലും, ഏഴാംവാർഡിലും കൊട്ടനെയ്ത്ത് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

2. കോഴികന്ന് കോളനിയിൽ ഒരു കൊപ്രവ്യവസായം തുടങ്ങുക.

3. തൊഴിൽ രഹിതർക്ക് വേണ്ടി ടൈലറിംങ്ങ്, നൂൽനൂൽപ്പ്, തയ്യൽ ക്ലാസ്സുകളും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവ ആരംഭിക്കുക.

വാർഡ്–II

4. വ്യവസായ യൂണിററുകൾ തുടങ്ങുന്നതിന് വായ്പ്പ ലഭ്യമാക്കുന്നതിനും താൽപ്പര്യമുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.

വാർഡ്–III

5. റബ്ബർ ഉപയോഗിച്ച് ടയർ, ട്യൂബ്, റബ്ബർബാഡ്, എന്നിവ ഉൽപ്പാദിപ്പിക്കുന്ന ഒരു കമ്പനി സ്ഥാപിക്കുക.

6. അടയ്ക്കാ കമ്പനി, റെഡിമെയ്ഡ് കമ്പനി, പാലുത്പ്പന്ന ശാല എന്നിവ നിർമ്മിക്കുക.

വാർഡ്–IV

7. വെട്ടുകല്ല്കോറി, കരിങ്കല്ല്കോറി, മരപ്പണി, വർക്ക്ഷോപ്പ്, ഹോളോബ്രിക്സ് നിർമ്മാണം എന്നിവ കൂടുതൽതൊഴിലവസരത്തിന്നും കാര്യക്ഷമമാക്കുന്നതിനും, സാമ്പത്തീക സഹായവും പരിശീലനവും നൽകുക.

8. നലാം വാർഡിൽ ഒരു ഷോപ്പിംങ്ങ് കോംപ്ലക്സ് സ്ഥാപിക്കുക.

9. അച്ചാർ നിർമ്മാണ യൂണിററ് നിർമ്മിക്കുക.

വാർഡ്–V

10. റബ്ബർ ഉൽപ്പാദനത്തോടനുബന്ധിച്ച് ഒരു റബ്ബർ മാർക്കററിംങ്ങ് സൊസൈററി സ്ഥാപിക്കുക.

11. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററ് ആരംഭിക്കുക.

12. പൈപ്പുകളും പൈപ്പ്ഫിററിംങ്ങുകളും അടങ്ങുന്ന ഒരു ചെറുകിട വ്യവസായം തുടങ്ങുക.

13. അഞ്ചാം വാർഡിൽ ഒരു മത്സ്യമാർക്കററ് സ്ഥാപിക്കുക.

14. മത്സ്യതൊഴിലാളികൾക്ക് ഇരു ചക്രവാഹനങ്ങൾ വാങ്ങാൻ ധനസഹായം നൽകുക.

15. നടുവത്ത് ഒരു ഷോപ്പിംങ്ങ് കോംപ്ലക്സ് സ്ഥാപിക്കുക.

16. തെങ്ങ് കൃഷികാർ ധാരാളമുള്ള ഈ പ്രദേശത്ത് ഒരു കൊപ്ര സംസ്ക്കരണ യൂണിററ് സ്ഥാപിക്കുക.

17. ഒരു മിനി വ്യവസായ എസ്റേററ് ആരംഭിക്കുക.

വാർഡ്–VI

18. ബുക്ക് ബൈൻറിംങ്ങ്, ആണി, പൂട്ട്, താക്കോൽ, എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നൽകി വ്യവസായ രംഗത്തേക്ക് ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

19. വനിതകളുടെ റെഡിമെയ്സ് വസ്ത്രനിർമ്മാണം, കൗതുകവസ്തുക്കളുടെ നിർമ്മാണം, മുടിക്കായ, ചീർപ്പ് എന്നിവയുടെ നിർമ്മാണം ഇവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുക.

വാർഡ്–VII

20. പാൽ സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കുക.

21. കോഴിവളർത്തൽ വ്യവസായികാടിസ്ഥാനത്തിൽ വിപുലീകരിക്കുക.

22. കൊട്ട നെയ്ത്ത്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

23. ബീഡി നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

24. അച്ചാർ, ചന്ദനതിരി, മെഴുകുതിരി, മററു തിരികൾ എന്നിവ ഉണ്ടാക്കാനുള്ള നിർമ്മാണ കേന്ദ്രം സ്ഥാപിക്കുക.

25. തീപ്പെട്ടി നിർമ്മാണ കേന്ദ്രം സ്ഥാപിക്കുക.

26. പ്ലാസ്ററിക്ക് സാധനങ്ങളുടെ നിർമ്മാണ കേന്ദ്രം, ഫർണീച്ചർ നിർമ്മാണ കേന്ദ്രം, ഹോളോബ്രിക്സ്, നിർമ്മാണം എന്നിവ നടപ്പാക്കുക.

27. പഞ്ചായത്തിൽ ഒരു മാർക്കററ് സ്ഥാപിച്ച് കാർഷിക ഉൽപ്പന്നങ്ങളും മത്സ്യമാംസാദികളും വിൽക്കാനും വാങ്ങാനും സൗകര്യപ്പെടുത്തുക.

28. പബ്ലിക്ക് ടെലഫോൺ ബൂത്ത് ആരംഭിക്കുക.

വാർഡ്–VIII

29. വ്യവസായികാടിസ്ഥാനത്തിൽ കോഴിവളർത്തൽ, ആടുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുക

30. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററ് സ്ഥാപിക്കുക

31. ഫർണിച്ചർ നിർമ്മാണ കേന്ദ്രം തുടങ്ങുക

32. കാർഷികായുധങ്ങളുടെ നിർമ്മാണ കേന്ദ്രം വ്യവസായികാടിസ്ഥാനത്തിൽ ആരംഭിക്കുക

വാർഡ്–IX

33. പഴവർഗ്ഗ സംസ്ക്കരണ യൂണിററ് ഉണ്ടാക്കുക

34. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രം ഉണ്ടാക്കുക

35. കോഴിവളർത്തൽ കേന്ദ്രം ആടുവളർത്തൽ കേന്ദ്രം എന്നിവ സ്ഥാപിക്കുക

36. ബീഡി തെറുപ്പ് നിർമ്മാണ കേന്ദ്രം വ്യവസായാടിസ്ഥാനത്തിൽ നടപ്പാക്കുക

## വ്യവസായം–പ്രശ്നങ്ങൾ

1. തൊഴിൽ ലഭിക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിററുകൾ ഇല്ല

2. ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് വായ്പ്പ ലഭ്യമല്ല

3. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല

4. മത്സ്യ വിപണനത്തിന് ആവശ്യമായ സൗകര്യം ഇല്ല

5. മത്സ്യതൊഴിലാളികൾക്ക് ഇരുചക്രവാഹന വാങ്ങുന്നതിനുള്ള സൗകര്യം ഇല്ല

6. റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യം ഇല്ല

## സാധ്യതകൾ:–

1. കൊട്ടനെയ്ത്ത് വ്യവസായത്തിൽ ഏർപ്പെട്ട സാംബവ കുടുംബാംഗങ്ങൾ വരവൂർ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഉണ്ട്. കൊട്ടനെയ്ത്ത് അവരുടെ ഒരു പാരമ്പര്യ തൊഴിലായതുകൊണ്ട് ഈ തൊഴിലിൽ അവർ വിദഗ്ദരാണ്. പക്ഷേ ഈ വ്യവസായം ഈററയുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഒററപ്പെട്ട കുടുംബങ്ങൾക്ക് ഇവ സംഭരിക്കുവാൻ ഇന്നത്തെ പരിതസ്ഥിതിയിൽ വിഷമമുണ്ട്. അതുകൊണ്ട് ബാംബു കോർപ്പറേഷൻ മുഖേനയോ, അല്ലെങ്കിൽ ഗവൺമെണ്ട് തലത്തിലൊ ഇത്തരം കുടുംബങ്ങളുടെ അംഗസംഖ്യ കണക്കിലെടുത്ത് സൊസൈററി രൂപീകരിക്കുകയും, അവർക്ക് ആവശ്യമായ ഈററ യഥാസമയത്ത് എത്തിച്ചുകൊടുക്കുകയും ചെയ്താൽ അവർ അതുപയോഗിച്ച് കൊട്ട, മുറം, പരമ്പ് എന്നിവയുണ്ടാക്കുകയും ഈററയുടെ വില കഴിച്ച് ബാക്കി കൂലി ആയി കൊടുക്കുകയും ചെയ്താൽ കുറെ കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗമാവുകയും, തൊഴിൽ രംഗത്തെ അസ്വസ്ഥതയ്ക്ക് ശമനം കാണുവാനും സാധിക്കും.

2. നെൽകൃഷി ആകർഷകമല്ലാത്ത സാഹചര്യത്തിൽ കൃഷിക്കാർ പലരും തെങ്ങുകൃഷിയിൽ ആകൃഷ്ടരാവുകയും, കൂടുതൽ സ്ഥലങ്ങളിൽ തെങ്ങുകൃഷി വ്യാപിപ്പിക്കുകയും, നിലവിലുള്ള തോട്ടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ നാളികേര ഉൽപാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. കർഷകരെ ഈ രംഗത്ത് പിടിച്ചുനിർത്തുവാനും അവർക്ക് അതിനുവേണ്ട പ്രോത്സാഹനം കിട്ടുവാനും ഇത്തരം കർഷകരെ നാളികേരത്തെ കേന്ദ്രീകരിച്ചുള്ള അനുബന്ധ വ്യവസായം ആരംഭിക്കേണ്ടതാണ്. അതുകൊണ്ട് നാളികേരം കൊപ്രയാക്കിയും, വെളിച്ചെണ്ണ ആട്ടിയും, അവശിഷ്ട ഉൽപന്നപിണ്ണാക്കിൽ നിന്ന് കുട്ടികൾക്ക് ഭക്ഷ്യയോഗ്യമായ മധുരപലഹാരങ്ങൾ നിർമ്മിക്കുവാനും കഴിയും. മിച്ചം വരുന്ന പിണ്ണാക്ക് കന്നുകാലികൾക്ക് തീററയായും ഉപയോഗിക്കാം. വെളിച്ചെണ്ണയിൽ നിന്ന് ഒരു സോപ്പ് വ്യവസായ യൂണിററ് ആരംഭിക്കുകയാണെങ്കിൽ അതിന് മെച്ചപ്പെട്ട സാദ്ധ്യതകളുണ്ട്. ഈ രംഗങ്ങളിലെല്ലാം കൂടുതൽതൊഴിലാളികൾക്ക് സ്ത്രീകൾ ഉൾപ്പെടെ തൊഴിൽ സാദ്ധ്യത ഏറെയുണ്ട്.

ചകിരിയും ചിരട്ടയും ഉപയോഗിച്ച് വിവിധ വ്യവസായങ്ങൾ ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്. ചകിരി അഴുക്കുവാൻ ഈ പ്രദേശത്ത് സൗകര്യം കുറവായതുകൊണ്ട് പച്ചതൊണ്ടിൽ നിന്ന് നേരിട്ട് ചകിരി ഉൽപാദിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ വളർത്തിയെടുക്കേണ്ടതാണ്. ചിരട്ട ഒരു മികച്ച ഇന്ധനമായതുകൊണ്ട് വിറക് ലഭ്യത കുറവായ പ്രദേശത്ത് വിറകിനുവേണ്ടിയും മററ് ആവശ്യങ്ങൾക്ക്വേണ്ടിയും ഉപയോഗിക്കാവുന്നതാണ്. റബ്ബർപാൽ ശേഖരിക്കുന്നതിനും ഇത് ഉപയോഗിക്കാവുന്നതാണ്. തെങ്ങിൻ പട്ടകൾ മെടഞ്ഞ് മേച്ചിലിന് ഉപയോഗിക്കുന്നു. തണ്ടുകൾ വിറകിനുപയോഗിക്കാം. തെങ്ങിൻ തടി കഴുക്കോലിനും മററ് വീട്ടിലേക്കാവശ്യമായ പല കാര്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

3. പഞ്ചായത്തിലെ കുന്നിൻ ചെരുവുകളിൽ റബ്ബർ കൃഷി ധാരാളമുണ്ട്. അതിനു പുറമെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പല സ്ഥലങ്ങളിലും പുതുതായി റബ്ബർകൃഷി ആരംഭിച്ചിട്ടുണ്ട്. ലഭ്യമാകുന്ന റബ്ബർപാൽ ഷീററ് അടിച്ച് വില്പന നടത്തുകയാണ് ഇപ്പോഴത്തെ രീതി. റബ്ബർപാൽ ഉപയോഗിച്ച് ടയർ, ട്യൂബ്, കൊട്ട, ചെരിപ്പ്, കളിക്കോപ്പുകൾ, റബ്ബർബാൻറ് എന്നിവ നിർമ്മിക്കുന്ന ചെറുതൊ, വലുതൊ ആയ ഫാക്ടറികൾ നിർമ്മിക്കുന്ന പക്ഷം കൂടുതൽ പേർക്ക് ഉപതൊഴിലുകൾ നേടാൻ സഹായമാവുകയും റബർ കൃഷി നാടിന്റെ ആവശ്യങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാവുകയും ചെയ്യും.

4. കവുങ്ങ് കൃഷി ഈ ഗ്രാമത്തിലെ ഒരു പരമ്പരാഗത കൃഷിയാണ്. ഇപ്പോൾ പഴുക്ക അടയ്ക്കയായും കൊട്ട

അടയ്ക്കയായും വിൽക്കുകയാണ്. അടയ്ക്ക സംസ്കരിച്ച് സുപ്പാരി നിർമ്മിക്കുന്ന ഒരു യൂണിററ് ആരംഭിക്കുന്ന പക്ഷം അടയ്ക്കയുടെ വിലയിലുള്ള ഏററക്കുറച്ചിൽ ഒരു പരിധി വരെ പിടിച്ചുനിർത്തുവാനും സ്ഥായിയായ വിലനിലവാരം ഉറപ്പുവരുത്തുവാനും കർഷകർക്ക് ഈ കൃഷിയിൽ താല്പര്യം നിലനിർത്തുവാനും സാദ്ധ്യമാകും. അതിനു പുറമെ സുപ്പാരി നിർമ്മാണ രംഗത്ത് കൂടുതൽ പേർക്ക് തൊഴിൽ സാധ്യതയുണ്ടാകും.

5. സമീപവാസികൾക്ക് അപകടകരമല്ലാത്തതും പരിസരമലിനീകരണമല്ലാത്തതും ആയ വിധത്തിൽ കരിങ്കൽ ക്വാറികളും പററിയ എല്ലാ സ്ഥലത്തും ചെങ്കൽ ക്വാറികളും ആരംഭിക്കാവുന്നതാണ്. പാർപ്പിട നിർമ്മാണത്തിന് ഏററവും അത്യാവശ്യ ഘടകമെന്ന നിലയ്ക്ക് കരിങ്കല്ലും ചെങ്കല്ലും നിർമ്മിക്കുന്ന നാലും അഞ്ചും ആളുകൾ അടങ്ങിയ യൂണിററുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കാവുന്നതും തൊഴിൽ സാധ്യത ഏറെയുള്ളതുമാണ്.

6. വരവൂരിന്റെ ഉൾനാടൻ പ്രദേശങ്ങളിലെല്ലാം കന്നുകാലികളെ വളർത്തുന്നുണ്ട്. കൃഷി യന്ത്രവൽക്കരിച്ചതുമൂലം വളർത്തുകന്നുകാലികൾ അധികവും പശുവും എരുമയുമാണ്. ഇതു വളർത്തുന്നവർ അധികവും പാൽ ഉൽപാദനം കൊണ്ട് ഉപജീവനം നടത്തുന്നവരാണ്. ഉൽപ്പാദിപ്പിക്കുന്ന പാൽ സ്ഥിരമായി വില്ക്കുവാൻ വിപണികളില്ല. അതുകൊണ്ട് പാൽ സംഭരണ കേന്ദ്രം ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. പാലിന്റെ ലഭ്യത കൂട്ടുന്നതിനുവേണ്ടി കന്നുകാലികൾക്ക് ആവശ്യമായ തീററ കൊടുക്കുവാൻ കഴിയുന്ന വിധത്തിൽ തീററപ്പുൽ കൃഷി പ്രചരിപ്പിക്കണം നല്ല ഇനം പശുക്കുട്ടികളെ വിതരണം ചെയ്യുവാനും സമയാസമയങ്ങളിൽ ബീജ സങ്കലനം നടത്തുവാൻ കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളിൽ സൗകര്യമേർപ്പെടുത്തുകയും വേണം കന്നുകാലി വളർത്തൽ പാലിനും, തോൽ വ്യവസായത്തിനും, ജൈവ വള ലഭ്യതയ്ക്കും ഊന്നൽ നൽകുന്ന പ്രധാന ഘടകമായതുകൊണ്ട് കന്നുകാലി സമ്പത്ത് സംരക്ഷിക്കുവാനും പാൽ ഉൽപാദനം വദ്ധിപ്പിക്കുവാനും മൃഗസംരക്ഷണ വകുപ്പിൽ നിന്ന് സമയാസമയങ്ങളിൽ കന്നുകാലി സംരക്ഷണത്തിനും രോഗനിവാരണത്തിനും നടപടി എടുക്കണം. കന്നുകാലികളുടെ കുളമ്പ് രോഗം ഒരു സാംക്രമിക രോഗമാണ് ആരംഭസമയത്ത് തന്നെ ഈ രോഗം തടയുന്നതിനു് യഥാസമയം നടപടി ഉണ്ടാവണം

7. വെട്ടുകല്ലിനും, ഇഷ്ടികക്കും പകരമായി ഉപയോഗിക്കുന്ന ഹോളോബ്രിക്സ് വ്യവസായം വളരെ അടുത്ത കാലത്ത് തുടങ്ങിയതാണ് 5ൽ താഴെ അംഗങ്ങൾ ഉള്ള ഒരു യൂണിററ് തുടങ്ങാവുന്ന തൊഴിലായതു കൊണ്ട് കുടിൽ വ്യവസായം കണക്കെ വലിയ മൂലധനചെലവില്ലാതെ നടത്തുവാൻ പററുന്ന വ്യവസായമാണിത് തൊഴിൽ സാദ്ധ്യത ഏറെയുള്ള മേഖലയാണിതു്.

8. ഫർണീച്ചർ നിർമ്മാണത്തിനാവശ്യമായ മരങ്ങൾ ഇവിടെ സുലഭമായുള്ളതുകൊണ്ട് കരകൗശല വൈദഗ്ദ്യമുള്ള തൊഴിലാളികൾ ധാരാളമുള്ളതുകൊണ്ട് ഫർണീച്ചർ വ്യവസായത്തിനും സാദ്ധ്യതകൾഏറെയാണ് ഗവൺമെൻറ് ഭാഗത്തു നിന്നു് ധനസഹായം കിട്ടുന്ന പക്ഷം ചെറുപ്പക്കാരായ കരകൗശല വിദഗ്ദരെ ധാരാളമായി ഈ വ്യവസായത്തിലേക്ക് ആകർഷിക്കുവാൻ കഴിയും.

9. കണ്ണിമാങ്ങ, നെല്ലിക്ക, അമ്പോഴങ്ങ എന്നിവ സുലഭമായി കിട്ടുന്ന പ്രദേശമായതു കൊണ്ട് തൊഴിൽ രഹിതരായ സ്ത്രീകൾ ധാരാളമുള്ളതു കൊണ്ടും കുടിൽ വ്യവസായമെന്ന നിലയ്ക്കോ പത്തോളം അംഗങ്ങൾ ഉള്ള സഹകരണ സംഘങ്ങൾ രൂപീകരിച്ചോ അച്ചാർ നിർമ്മാണം ലാഭകരമായി നടത്തുവാൻ സാദ്ധ്യതയുണ്ട്. നാരങ്ങയില പ്രധാന ഘടകമായ വേപ്പിലക്കട്ടി ഉൽപ്പാദനവും വിതരണവും സംഘടിപ്പിക്കാവുന്നതാണ്.

10. പുരാതന കാലമായി തറിയിൽ വസ്ത്ര നിർമ്മാണം നടത്തിയിരുന്ന കുറെയാളുകൾ ഈ പ്രദേശത്തുണ്ടായിരുന്നു നെയ്ത്തു പഠിപ്പിക്കുന്ന പക്ഷം വസ്ത്ര നിർമ്മാണ രംഗത്ത് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കും.

11. പ്ലംബിംങ് മേഖലയിൽ വ്യവസായങ്ങൾ തുടങ്ങിയാൽ തൊഴിൽ സാദ്ധ്യതകൾ ഏറെയുണ്ട് ബീഡി തെറുപ്പ് ഒരു തൊഴിലായി വീടുകളിൽ വെച്ച് ചെയ്തു ബീഡി കമ്പനികളിൽ എത്തിക്കുന്ന അഞ്ഞൂറോളം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട് ബീഡി നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന പക്ഷം സ്വകാര്യ മുതലാളിമാരേയും ഇടത്തട്ടുകാരെയും ഒഴിവാക്കി കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കിട്ടാൻ സാദ്ധ്യതയുണ്ട്.

12. ഒരു പൊതു മാർക്കററിന്റെ അഭാവം ഇവിടെയുണ്ട് മത്സ്യമാർക്കററ് തുടങ്ങുന്ന പക്ഷം ജനങ്ങൾക്ക് സൗകര്യപ്രദമായിവന്നു് സാധനങ്ങൾ വാങ്ങുവാൻ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു പ്രത്യേക സ്ഥലത്തിരുന്നു് സൗകര്യ പ്രദമായി വില്പന നടത്തുവാൻ കഴിയും.

13. മത്സ്യതൊഴിലാളികൾ വളരെ ദൂരത്തു് നിന്നാണ് മത്സ്യം കൊണ്ടുവരുന്നതു്. നടന്നു പോകുവാൻ കുറെ ദൂരമുള്ളതു കൊണ്ടും ഏററവാനുള്ള വിഷമം

ഒഴിവാക്കുവാനും ഇരു ചക്രവാഹനങ്ങളോ മത്സ്യപ്പെട്ടിയോ വാങ്ങുവാൻ ധനസഹായം നൽകേണ്ടതുമാകുന്നു.

14. വിവിധ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിൽ ശാലകൾക്ക് സൗകര്യ പ്രദമായ വിധത്തിൽ കെട്ടിടത്തിന് കീഴെ ഇരുന്ന് ജോലിചെയ്യുവാൻ ഉതകുമാറ് ഒരു മിനി എസ്റ്റേററും അതിനു വേണ്ട ഭൗതിക സാഹചര്യങ്ങളും ഒരുക്കികൊടുത്താൽ കൃഷി ആയുധങ്ങളുടെ നിർമ്മാണം, ആണി, പൂട്ട്, കളിപ്പാട്ടനിർമ്മാണം താക്കോൽ, മോട്ടോർ വാഹനങ്ങളുടെ റിപ്പയറിംങ്ങ്, ഇലക്ട്രിക്ക് വർക്ക്ഷോപ്പ്, ആരംഭിക്കുന്ന പക്ഷം കൂടുതൽ യുവാക്കൾക്ക് പുതിയ സംരംഭത്തിൽ ഏർപ്പെടുവാനും ജോലി സാദ്ധ്യതയുണ്ട്

15. കോഴിവളർത്തൽ വളരെ പുരാതനമായി തന്നെ സാധാരണ കുടുംബങ്ങളിൽ നടന്നു വരുന്നതാണ് ഇത് ഒരു ആദായകരമായ തൊഴിലാക്കി വളർത്തുന്നതിനും മുട്ടയ്ക്കും, ഇറച്ചിക്കും വേണ്ടി അന്യസംസ്ഥാനങ്ങളേയും അയൽപട്ടണങ്ങളേയും ആശ്രയിക്കുന്നതിൽ നിന്നു് വിമുക്തി നേടാം കൂടുതൽ തൊഴിൽ സാദ്ധ്യതയുണ്ടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇത് വികസിപ്പിക്കേണ്ടതാണ്. കോഴിക്കൂട് നിർമ്മിക്കുന്നതിന് ഗവ: തലത്തിൽ ധനസഹായം അനുവദിക്കേണ്ടതാണ് കോഴിക്കുള്ള തിന സബ്സിഡിനിരക്കിൽ അനുവദിക്കേണ്ടതാണ്. ഇതിനും സഹായ കരമായ വിധത്തിൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും സഹായകരണവും, വിദഗ്ദ ഉപദേശവും, ആവശ്യമായ സന്ദർഭത്തിൽ കോനേരിടുവാൻ കുത്തിവെയ്പ്പും നടത്തണം.

കൂടുതൽ വിപുലമായ രീതിയിൽ ചെയ്യുകയാണെങ്കിൽ കോഴി കാഷ്ടത്തിനും, മുട്ടയ്ക്കും വേണ്ടി നാമക്കൽ, സേലം, എന്നീ സ്ഥലങ്ങളെ ആശ്രയിക്കുന്നതു് ഒഴിവാക്കുന്നതിനും ഇവിടെ തന്നെ ലഭ്യമാക്കുവാനും ഇവിടെ തന്നെയുള്ളവർക്ക് പ്രാദേശിക വരുമാനം വദ്ധിപ്പിക്കുവാനും സാധിക്കും.

16. തോട്ട് വക്കത്തു് സമൃദ്ധമായി കാണുന്ന കൈതയോല മുറിച്ചെടുത്ത് പായനെയ്ത്ത് പണ്ട് കാലത്ത് നടത്തിവന്നിരുന്നതാണ് ഇതിനു് പ്രോത്സാഹനം കൊടുക്കേണ്ടതിനും കൂടുതൽ പഞ്ചായത്തുകളെ ബ്ലോക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഇത്തരം നാടൻ പായകൾ സംഭരിച്ച് വിപണന സൗകര്യം ഏർപ്പെടുത്തി കൊടുക്കേണ്ടതുമാണ് കശുവണ്ടിയുടെ തോടിൽ നിന്ന് കിട്ടുന്ന എണ്ണ സംസ്ക്കരിച്ച് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഇത് ബ്ളോക്ക് അടിസ്ഥാനത്തിലോ, ജില്ലാ അടിസ്ഥാനത്തിലോ ഉല്പ്പാദന വിപണന സാദ്ധ്യതകൾ ആരായേണ്ടതാണ്.

17. നാളികേരത്തിലെ ചിരട്ട ഉപയോഗിച്ചും കരകൗശല വസ്തുക്കളും മററ് ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതിന്റെ സാദ്ധ്യത ആരായേണ്ടതാണ്.

18. ചന്ദനതിരി, മെഴുകുതിരി, വിളക്കുതിരി എന്നിവ ഉണ്ടാക്കുന്നതിനും നിർമ്മാണ പരിശീലന കേന്ദ്രവും, വിതരണകേന്ദ്രവും ആരംഭിച്ചാൽ കറേയുവതികൾക്ക് ജോലി സാദ്ധ്യതയും, വരുമാനവും ഉണ്ടാക്കുവാൻ സാധിക്കും.

19. പൂള, മട്ടി, എന്നീവൃക്ഷങ്ങൾ സമൃദ്ധമായി വളരുന്ന പ്രദേശമായതുകൊണ്ട് വരവൂർ പഞ്ചായത്തിൽ തീപ്പെട്ടി കമ്പനിക്ക് സാദ്ധ്യതയുണ്ട്. തളി ഭാഗത്തു് 20 കൊല്ലം മുൻമ്പ് തീപ്പെട്ടി കമ്പനിയുണ്ടായിരുന്നു. എങ്കിലും ഇതു് വേണ്ടവിധത്തിൽ കൊണ്ടുനടക്കുവാൻ ഖാദി ബോർഡിന്റെ യൂണിററിന് കഴിഞ്ഞില്ല. ഒരു പുതിയ യൂണിററ് ഖാദിബോർഡിന്റെ കീഴിലോ മററ് ഏതെങ്കിലും ഏജൻസിയോ തുടങ്ങുന്ന പക്ഷം ഇന്നത്തെ പരിതസ്ഥിതിയിൽ അതു് വിജയകരമായി നടത്തുവാൻ കഴിയും.

20. പ്ലാസ്ററിക്ക് കെയിൽ ഉപയോഗിച്ച് കട്ടിൽ കസേര, ബാഗ്, കുട വിവിധ പാത്രങ്ങൾ എന്നിവ ഉണ്ടാക്കുന്ന ഒരു യൂണിററ് ആരംഭിക്കുകയാണെങ്കിൽ തൊഴിൽ രഹിതരായ ധാരാളം യുവതികൾക്ക് തൊഴിൽ സാദ്ധ്യത കിട്ടും.

21. ഗ്രാമീണ ജനങ്ങൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങളും കാർഷിക ഉപകരണങ്ങളും ഗൃഹോപകരണങ്ങളും, വാങ്ങുവാനും അവരുടെ ജൈവശമുള്ള പച്ചക്കറി തുടങ്ങിയ മററ് ഉല്പ്പന്നങ്ങൾ വില്ക്കുവാനും സാദ്ധ്യമായ വിധത്തിൽ ഒന്നിലധികം കേന്ദ്രങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ സൗകര്യമായ സ്ഥലത്ത് പൊതുമാർക്കററ് ഏർപ്പെടുത്തേണ്ടതാണ്.

22. പബ്ളിക്ക് ടെലഫോൺ ബൂത്ത് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കേണ്ടതാണ് പുതിയ ജീവിത രീതി അനുസരിച്ച് പലരും തൊഴിൽ തേടി വിദൂര സ്ഥലങ്ങളിൽ താമസിക്കുന്നതു് കൊണ്ടും അവർക്ക് വേണ്ടപ്പെട്ടവരെ നാട്ടിൽ വന്നു് കാണുവാൻ പററാത്തതുകൊണ്ടും വ്യാപാര രംഗത്തു് വേണ്ടപ്പെട്ടവരെ പെട്ടെന്നു് ബന്ധപ്പെടുവാനും വിവരങ്ങൾ അറിയുവാനും ആധുനിക ജീവിത രീതിക്ക് അത്യാവശ്യമാണ് വാർത്താവിനിമയ സൗകര്യം ഇതിനു് പബ്ളിക്ക് ടെലഫോൺ ബൂത്തുകളോളം സൗകര്യമായി വേറെയൊന്നുമില്ല ഇത് തൊഴിൽ രഹിതർക്ക് ഒരു വരുമാനമാർഗ്ഗവും, വികലാംഗർക്ക് ചെയ്യുവാൻ പററാവുന്ന തൊഴിലായതുകൊണ്ട് ഇത്തരം ആളുകളെ പുനരധിവസിപ്പിക്കുവാൻ പററിയ ഒരു രംഗവുമാണ്.

ഗ്യാസ് ഏജൻസി, പെട്രോൾ ബാങ്ക് പ്രിൻറിംങ്ങ് ഫോട്ടോസ്ററാററ് എന്നിവ ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്.

23. കുന്നിൻചെരുവ് ധാരാളമുള്ള വരവൂരിൽ പുരാതനമായി തന്നെ പല ഔഷധ സസ്യങ്ങളും വളരുന്നുണ്ട് ഔഷധ സസ്യങ്ങളെ പററി അറിയുന്ന ചിലർ ഇവശേഖരിച്ച് ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വില്ക്കുന്നു കൂടുതൽ ഔഷധസസ്യങ്ങൾ ഏററവും ആവശ്യമായവ കിട്ടുവാൻ വിരളമായ ഇക്കാലത്ത് വിദഗ്ദ നേതൃത്വത്തിൽ ഇവ നട്ടുവളർത്തുവാൻ വേണ്ടതായ പരിശീലനവും പ്രോത്സാഹനവും കൊടുക്കുകയാണെങ്കിൽ ഇവ സുലഭമായി ഉത്പ്പാദിപ്പിക്കുവാനും സംഭരിക്കുവാനും സാദ്ധ്യതയുണ്ട് കുറുന്തോട്ടി, തിപ്പെലി, തഴുതാമവേര്, ചിററാമൃത്, പാടകിഴങ്ങ്, ആടലോടകം കഞ്ഞുണ്ണി, മുക്കററി, ശങ്കുപുഷ്പ്പം, വാതംകൊല്ലി, ആവണക്ക്, വേപ്പ്, അരുത, നെല്ലിക്ക താന്നിക്ക, കീഴാർനെല്ലി, മുള്ളിലം, ഇവ സമൃദ്ധമായി വളരുന്ന സ്ഥലമാണിത്.

24. നെല്ല്, തേങ്ങ, അടയ്ക്ക, ഇഞ്ചി, കൈപ്പക്ക, മററു പച്ചക്കറികൾ എന്നിവ സമൃദ്ധമായി ഉണ്ടാകുന്ന പ്രദേശമായതുകൊണ്ട്, ഉൽപ്പാദന രംഗത്ത് വെച്ച് തന്നെ വാങ്ങുവാൻ പററുകയാണെങ്കിൽ കൃഷിക്കാർക്ക് വളരെ പ്രയോജനകരമാകും. ഇത് കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉത്തേജനമായിരിക്കും. വിപണന സാദ്ധ്യതകൾ ആരാഞ്ഞ് ദൂരസ്ഥലത്ത് പോകേണ്ട ബുദ്ധിമുട്ട് ലഘൂകരിക്കുവാൻ സാധിക്കും.

സംഭരണ കേന്ദ്രത്തിൽ ആവശ്യമായ ആളുകളെ ഏർപ്പെടുത്തുകയാണെങ്കിൽ അവിടത്തെ തോട്ടങ്ങൾ സന്ദർശിച്ച് ഗുണമേന്മയുള്ള വിഭവങ്ങൾ സ്ഥലത്ത് വെച്ചുതന്നെ വാങ്ങി സംഭരണ കേന്ദ്രത്തിൽ എത്തിക്കുവാനോ, നിർദ്ദിഷ്ട കേന്ദ്രത്തിലേക്ക് കൊണ്ടുപോകുവാനോ സാധിക്കും. അതിനായി സംഭരണ കേന്ദ്രങ്ങളിലെ ഒരു ശൃംഖല തന്നെ ആരംഭിക്കാം.

ബീഡി വ്യവസായം അഭിവൃദ്ധിപ്പെടുത്തുകയും ഇടത്തട്ടുകാരെ ഒഴിവാക്കുകയും വേണം. വ്യവസായ എസ്റേററ്റ് സ്ഥാപിക്കണം. വ്യവസായസംരംഭകരെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തണം ചെറുകിടവ്യവസായഉൽപ്പന്നങ്ങൾ വിററഴിക്കുന്നതിനും മാർക്കററിങ് സംഘം സ്ഥാപിക്കണം.

# പട്ടികജാതി, പട്ടിക വർഗക്ഷേമം

1991ലെ സെൻസസ് അനുസരിച്ച് വരവൂർ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 3275 ആണ് ഇതിൽ 1548 പുരുഷന്മാരും, 1727 സ്ത്രീകളും ആണ്. അന്ന് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 17173 ആയിരുന്നു അതായത് മൊത്തം ജനസംഖ്യയുടെ 19 ശതമാനം.

ഈ പഞ്ചായത്തിൽ 33 പട്ടികജാതി കോളനികൾ നിലവിലുണ്ട്. മിക്കവാറും കോളനികൾ കുന്നിൻ പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഏതാണ്ട് 468 ഹരിജൻ കുടുംബങ്ങളാണ് ഇവിടെയുള്ളത്. കോളനികൾ കുന്നിൻ പ്രദേശങ്ങളിലായതുകൊണ്ട തന്നെ പ്രധാനമായും കുടിവെള്ളക്ഷാമമാണ് ഇവരെ അലട്ടുന്നത്. മിക്ക കോളനികളിലും പഞ്ചായത്തുവക കിണറുകൾ കുഴിച്ചിട്ടുണ്ടെങ്കിലും പലതിലും വേനൽക്കാലത്ത് വെള്ളമില്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് പലസ്ഥലങ്ങളിലും കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. അവ മുഴുവൻ വിജയപ്രദമോ, പ്രവർത്തനക്ഷമമോ അല്ല അടുത്തകാലത്ത് പല ഹരിജൻ കോളനികളിലേക്കും കുഴൽകിണറിൽ നിന്നുള്ള വെള്ളം പൈപ്പ് ലൈൻ വഴി എത്തിക്കാനും, ടാപ്പുകൾ സ്ഥാപിക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ പട്ടികജാതി കോളനികളിലും പൈപ്പ് ലൈൻ എത്തിക്കാനും, ഓരോ കോളനിയിലും വേണ്ടത്ര ടാപ്പുകൾ സ്ഥാപിക്കാനും കഴിഞ്ഞിട്ടില്ലെന്നതാണ് വസ്തുത. ചില കോളനികളിലേക്ക് ഉയരം കാരണം വെള്ളം എത്താത്ത അവസ്ഥയുമുണ്ട്. കടങ്ങോട് ശുദ്ധജല പദ്ധതി നടപ്പിൽ വന്നാൽ പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്ന വിശ്വാസത്തിലാണ് പഞ്ചായത്ത് അധികൃതർ.

വൈദ്യുതിയുടെ കാര്യത്തിലും നില തൃപ്തികരമല്ല. വൈദ്യുതി എത്താത്ത കോളനികളും പഞ്ചായത്തിലുണ്ട്. വൈദ്യുതി എത്തിയ കോളനികളിൽത്തന്നെ എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ കൊടുക്കാനും കഴിഞ്ഞിട്ടില്ല.

നായാടിക്കുന്ന് കോളനിയിലും വിരുട്ടാണം കോളനിയിലും വൈദ്യുതി എത്തിക്കാനായി ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ചാർജ്ജ് ചെയ്യാത്തതിനാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.

വീടുണ്ടാക്കാനും, കക്കൂസുകൾ ഉണ്ടാക്കാനും പല സ്കീമുകളിലായി ധനസഹായം നൽകുന്നുണ്ടെങ്കിലും അത്യാവശ്യ സൗകര്യമുള്ള വീടും, കക്കൂസും ഇല്ലാത്തവർ ഇനിയും ഈ പഞ്ചായത്തിലുണ്ട്. എല്ലാ വീടുകളിലും കക്കൂസുകൾ ഉണ്ടാക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകാൻ ശ്രമിക്കുകയാണ്. കോളനികളിലെ കുട്ടികൾ സ്കൂളുകളിൽ പോകുന്നുണ്ട്. പല കോളനികളിൽനിന്നും സ്കൂളുകളിലേക്ക് പോകാൻ കുട്ടികൾക്ക് റോഡുകളുടെ സൗകര്യം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഹൈസ്കൂളിൽ പത്താം ക്ലാസ്സ് വരെ മിക്കവാറും കുട്ടികൾ പഠിക്കുന്നുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബിരുദം നേടിയവരും, കോളേജ് വിദ്യാഭ്യാസം നടത്തുന്നവരും ഇവിടെയുണ്ട്.

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ജനങ്ങളിൽ അധികവും കർഷകത്തൊഴിലാളികളാണ്, പ്രത്യേകിച്ച് സ്ത്രീകൾ. IRDP ധനസഹായം തേടി വിവിധ ജീവിത മാർഗ്ഗങ്ങൾ അവലംബിക്കുന്ന ധാരാളം പട്ടികജാതി കുടുംബങ്ങളും ഉണ്ട്. കെട്ടിട നിർമ്മാണ രംഗത്തും, പരമ്പരാഗത തൊഴിലായ കൊട്ട നെയ്ത്ത് രംഗത്തും ധാരാളം പേർ പണി എടുക്കുന്നു. എന്നാൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവർ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വിദ്യാസമ്പന്നരായവരിൽ പോസ്റ്റൽ ഡിപ്പാർട്ടുമെൻറ്, റെയിൽവേ, കസ്റ്റംസ്, പോലീസ്, മിലിട്ടറി എന്നിവയിലും വിവിധ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും ഈ വിഭാഗത്തിലുണ്ട്. പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായിത്തന്നെ പട്ടികജാതി കോളനികളിൽ നടന്നിട്ടുണ്ട്. ഇതിൽ ഇൻസ്ട്രക്ടറായും മാസ്റ്റർ ട്രെയിനിയായും പട്ടികജാതിയിൽപെട്ടവർ ധാരാളമായി പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ തുടർവിദ്യാഭ്യാസത്തിൻെറ പോരായ്മ കാരണം നവസാക്ഷരരിൽ പലരും ഇപ്പോൾ നിരക്ഷരരായിക്കൊണ്ടിരിക്കുകയാണ്.

സ്വന്തം വീടില്ലാത്ത ചില കുടുംബങ്ങൾ ഈ വിഭാഗത്തിലുണ്ട്. 1977ന് മുമ്പ് ഫോറസ്റ്റ്ഭൂമികളിൽ കുടിയേറിപ്പാർത്ത ചില കുടുംബങ്ങൾക്ക് ഇപ്പോഴും പട്ടയം ലഭിക്കാത്തവരായിട്ടുണ്ട്. അതുപോലെ ഫോറസ്ററ് അതിർത്തിയുടെ പുറത്ത് പുരാതന കാലമായി താമസിച്ചുകൊണ്ടിരിക്കുന്ന ഏതാനും കുടുംബങ്ങൾക്ക് ഇനിയും പട്ടയം ലഭിച്ചിട്ടില്ല.

പൂരക്കളി, തിറ, പൂതൻ, കാളകളി തുടങ്ങിയ സാമുദായിക ക്ഷേത്രകലാനുഷ്ഠാനങ്ങളും ചെണ്ടമേളം, കൊമ്പ്, കുഴൽ, നാദസ്വരം മുതലായ വാദ്യമേളങ്ങളിലും ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ തല്പരരും അഭ്യസനം നേടിയവരുമാണ്. വിവാഹം, മരണം മുതലായ കാര്യങ്ങളിൽ പരമ്പരാഗത ആചാരങ്ങൾ ഇന്നും ഭാഗികമായി തുടർന്നു വരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, പാർപ്പിടം, സംസ്കാരം എന്നീ കാര്യങ്ങളിൽ ഒട്ടും മോശമല്ലാത്ത ഒരവസ്ഥയാണ് ഹരിജൻകോളനി നിവാസികൾക്കുള്ളത്.

# വരവൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികൾ

## പട്ടിക-3

| | | | | | |
|---|---|---|---|---|---|
| 1 | വാർഡ് I | നെല്ലിക്കുന്ന് കോളനി | 17 | ,, | അടാട്ട്കുന്ന് കോളനി |
| 2 | ,, | ഓംകുന്ന് കോളനി | 18 | ,, | പിലക്കാട് ലക്ഷംവീട് കോളനി |
| 3 | ,, | പൊന്നംകുന്ന് കോളനി | 19 | വാർഡ് V | വാഴക്കപ്പറമ്പ് കോളനി |
| 4 | ,, | കോഴിക്കുന്ന് കോളനി | 20 | ,, | മുളംകുന്ന് കോളനി |
| 5 | ,, | ലക്ഷംവീട് കോളനി | 21 | വാർഡ് VI | തെക്കുംമുറി സാംബവ കോളനി |
| 6 | വാർഡ് II | അത്തിക്കുന്ന് കോളനി | 22 | ,, | കക്കാട്കുന്ന് കോളനി |
| 7 | ,, | കുന്നകാട് കോളനി | 23 | ,, | കക്കാട്കുന്ന് ആവശ്ശേരികോളനി |
| 8 | ,, | നെല്ലിക്കുന്ന് കോളനി | 24 | ,, | കിഴക്കുട്ട്പടി കോളനി |
| 9 | ,, | പൊറശ്ശേരി കോളനി | 25 | വാർഡ് VII | ചങ്കരത്ത്പടി കോളനി |
| 10 | ,, | മൈലാടികുന്ന് കോളനി | 26 | വാർഡ് VIII | കോട്ടക്കുന്ന് കോളനി |
| 11 | ,, | വിരുട്ടാണം കോളനി | 27 | ,, | വരവൂർ വടക്കുംമുറി H S കോളനി |
| 12 | വാർഡ് III | പേങ്ങാട്ടിരി കോളനി | 28 | ,, | ഞെട്ടുണ്ണി കോളനി |
| 13 | ,, | തളി സാംബവ കോളനി | 29 | ,, | ചെമ്പിക്കുന്ന് കോളനി |
| 14 | വാർഡ് IV | പെരുംകുന്ന് വടക്കെ കോളനി | 30 | ,, | തൊമരക്കുന്ന് കോളനി |
| 15 | ,, | പെരുംകുന്ന് തെക്കെ കോളനി | 31 | ,, | കമ്മുള്ളി കോളനി |
| 16 | ,, | വേട്ടാണിക്കുന്ന് കോളനി | 32 | വാർഡ് IX | വെട്ടുകാട് കോളനി |
| | | | 33 | ,, | ആയിരത്തിപതിനേഴ് കോളനി |

## പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം പ്രശ്നങ്ങൾ ഗ്രാമസഭകളിൽ നിന്ന്:

വാർഡ് I

നിർദ്ധനരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുക. കക്കൂസ്സ് ഇല്ലാത്ത വീടുകളിൽ കക്കൂസ്സ് നിർമ്മിക്കണം. ഒന്നാം വാർഡിലെ വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതികരിക്കുക.

വാർഡ് II

പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, കുടിവെള്ളം, റോഡ്, വീട് എന്നിവ നിർമ്മിക്കാനുള്ള സഹായം നൽകണം.

വാർഡ് III

1. വാർഡിലെ പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസ്സ് നിർമ്മിച്ചുകൊടുക്കണം . 2 പറപ്പടികോളനി, പേങ്ങാട്ടിരി പടികോളനി, 3 ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കുടിവെള്ളവും, വൈദ്യുതിയും എത്തിക്കണം.

വാർഡ് IV

1 മൊത്തം പട്ടികജാതി കുടുംബക്കാർക്ക് പട്ടയം നൽകുക. 2. ഹരിജനങ്ങൾക്ക് കുടിൽ വ്യവസായങ്ങൾ ഏർപ്പെടുത്തുക. 3. ഹരിജനങ്ങൾക്ക് വീടിനും, കക്കൂസ്സിനും ധനസഹായം അനുവദിക്കുക. 4. നാലാംവാർഡിലെ ലക്ഷം വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.

വാർഡ് V

1. സ്വന്തമായി വീടില്ലാത്ത പട്ടിക ജാതിക്കാർക്ക് വീടും, പട്ടയവും നൽകുക. 2. മുളംകുന്ന് കോളനി,വാഴക്കപറമ്പ് എന്നീ കോളനിയിലെ പട്ടിക ജാതിക്കാർക്ക് റോഡ്, വൈദ്യുതി, കുടിവെള്ളം, കക്കൂസ്സുകൾ എന്നിവ അനുവദിക്കണം. 3. ചുണ്ടയിൽ ഭാഗത്തുള്ള ഹരിജൻ വീടുകാരെ (5 വീടുകൾ) കോളനിയായി അംഗീകരിക്കുക. 4. 60 വയസ്സ് കഴിഞ്ഞ പട്ടിക ജാതിക്കാർക്ക് വാർദ്ധക്യ കാല പെൻഷൻ അനുവദിക്കണം. 5. ഹരിജനങ്ങളുടെ വീടുകൾ ഓടുമേയുന്നതിന് ധനസഹായം നൽകണം. 6. വാഴക്കപ്പറമ്പ്, മുളങ്കുന്ന് കോളനി I H D P പദ്ധതിയിൽ പ്പെടുത്തുക. 7. കിഴക്കുട്ട്പടി കോളനിവരെ കുടിവെള്ളം എത്തിക്കുക. 8. ഓരോ വീടിനും അഞ്ച് കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

വാർഡ് VI

1. പട്ടിക ജാതിക്കാർക്ക് ആട്, കോഴി, പശു മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. 2. കൊട്ട നെയ്ത്ത്, ക്ഷീരോല്പാദക സഹകരണസംഘം നടപ്പിലാക്കുക. 3. കുടിവെള്ളം, വീട്, വൈദ്യുതി, കക്കൂസ് എന്നിവ പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.

വാർഡ് VII

1. ഹരിജനങ്ങൾക്ക് സ്വന്തം സ്ഥലത്ത് കൃഷി ചെയ്യാൻ സാമ്പത്തികസഹായം അനുവദിയ്ക്കുക, 2. ഹരിജനങ്ങളുടെ പരമ്പരാഗത തൊഴിലുകൾ (കൊട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത്) സഹകരണാടിസ്ഥാനത്തിൽ സ്ഥാപിയ്ക്കുക. 3. വരവൂർ എൽ. പി. സ്കൂളിന്റെ പടിഞ്ഞാറുഭാഗത്തു് താമസിക്കുന്ന ഹരിജൻ വീടുകളിലേയ്ക്കു് വൈദ്യുതിയും, കിണർ കുഴിയ്ക്കാൻ സഹായവും നൽകുക. 4. ചങ്കരത്ത്പടി കോളനിയിലൂടെ എൽ. പി. സ്കൂൾ പരിസരത്തും താമസിയ്ക്കുന്ന പട്ടിക ജാതിക്കാരിൽ കക്കൂസില്ലാത്തവക്ക് നിമ്മിച്ചു കൊടുക്കണം.

വാർഡ് VIII

1. വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതി എത്തിക്കുക. (ചെമ്പിക്കുന്ന് കോളനി) കൊട്ടനെയ്ത്ത് സഹകരണസംഘം സ്ഥാപിക്കുക. പട്ടിക ജാതിക്കാക്കുള്ള ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. ഹരിജൻ കോളനികളിലെ ആരോഗ്യകരമല്ലാത്ത വീടുകൾ പുനർനിമ്മാണം നടത്താൻ സാമ്പത്തിക സഹായം നൽകണം. ഞെട്ടുണ്ണി കോളനിയുടെ കിഴക്കു ഭാഗത്തു താമസിക്കുന്ന ആറ് ഹരിജൻ വീട്ടുകാക്ക് പട്ടയം നൽകുന്നതിനു് നടപടി എടുക്കണം ഇവർ പുരാതനമായി ഇവിടെ ഫോറസ്ററ് ഏരിയയ്ക്കു് വെളിയിൽ താമസിക്കുന്നവരാണ്. ഞെട്ടുണ്ണി കോളനിയോട് തൊട്ടുകിടക്കുന്ന ഫോറസ്റ്റിന്റെ അതിത്തി കാണിക്കുന്ന ജണ്ടക്കും സ്വകാര്യ വ്യക്തിയുടെ സ്ഥലത്തിനും ഇടയിലുള്ള ഏകദേശം 12 അടി വീതിയുള്ള വെള്ളച്ചാല് സ്വകാര്യ വ്യക്തി കൈവശപ്പെടുത്തി കയ്യാല വെച്ചതിന്റെ ഫലമായി നീരൊഴുക്ക് ടി കോളനിയിലെ ചില വീടുകളിലും, പരിസരത്തും കൂടി കടന്നുപോകുന്നതിനാൽ വൻതോതിൽ മണ്ണൊലിപ്പുണ്ടാകുകയും കോളനി നിവാസികളുടെ സൈ്വരജീവിതം നഷ്ടപ്പെടുകയും ചെയ്യുന്നതിനാൽ അനധികൃതകയ്യേററം തടഞ്ഞ് പൂവ്വസ്ഥിതി സ്ഥാപിക്കേണ്ടതാണ്. കരണിങ്ങാട്ടിൽ വീടിന്റെ വടക്കു ഭാഗത്തുകൂടി തോടിനോട് ചേന്നുണ്ടായിരുന്ന പൊതുവഴി സ്വകാര്യ വ്യക്തി അടച്ചുകെട്ടിയതിനാൽ പാടത്തേക്ക് കന്നുകാലികളെ കൊണ്ടുപോകാനോ, നടന്നു പോകാനോ പററാതെ വന്നിരിയ്ക്കുന്നു. ആ വഴി പൂവ്വസ്ഥിതിയിലാക്കുന്നതിനു് നടപടി വേണം. വാടംകുളം കരയുടെ ഇരുഭാഗത്തേക്കും പോകുന്ന റോഡ് ഒഴപടിയിലേക്കു് മുട്ടിക്കുക. അയ്യപ്പൻ കോവിലിനു മുന്നിൽകൂടി വരുന്ന റോഡിൽ ബന്ധിക്കുകയും വേണം.

വാർഡ് IX

വെട്ടുകാട് കോളനിക്ക് ലഭിച്ച T. V സെററ് ഒരു പൊതുസ്ഥലത്തുവെച്ച് പ്രവത്തിപ്പിക്കുന്നതിന നടപടി യുണ്ടാക്കണം. വീടില്ലാത്ത ഹരിജനങ്ങൾക്ക് വീടും, കക്കൂസും അനുവദിയ്ക്കണം.

## സാധ്യതകൾ

1. നിർധനരായ പട്ടിക ജാതി കുടുംബങ്ങൾക്ക് വീട് നിമ്മിച്ചുകൊടുക്കുക.
2. പട്ടിക ജാതിക്കാരുടെ വീടുകൾ വായുവും, വെളിച്ചവും കടക്കത്തക്ക രീതിയിൽ പുനരുദ്ധരിക്കുക.
3. കക്കൂസില്ലാത്ത വീടുകളിൽ കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.
4. വൈദ്യുതി എത്തിച്ചേരാത്ത പട്ടികജാതി കോളനികളിലേക്ക് വൈദ്യുതി എത്തിക്കുകയും, സാമ്പത്തിക പരാധീനത ഉള്ളവക്ക് വീടുകൾ വൈദ്യുതീകരിക്കാൻ സഹായിക്കുകയും ചെയ്യുക.
5. പട്ടിക ജാതി കോളനികളിൽ കുടിവെള്ളം എത്തിക്കാനായി നിലവിലുള്ള കിണറുകൾ ആഴം കൂട്ടുകയും, ജലം ലഭ്യമല്ലാത്ത ഇടങ്ങളിൽ കുഴൽകിണർ കുത്തിയും, വൈദ്യുതീകരണം പൂർണ്ണമാകാത്ത കോളനികളിൽ വൈദ്യുതി എത്തിക്കുകയും ചെയ്യണം.
6. പട്ടയം ലഭിക്കാത്ത പട്ടിക ജാതി കുടുംബങ്ങൾക്ക് പട്ടയം നൽകാനാവശ്യമായ നടപടികൾ എടുക്കണം.
7. ചുണ്ടയിൽ ഭാഗത്തുള്ള അഞ്ച് പട്ടികജാതി വീട്ടുകാരെ കോളനിയായി അംഗീകരിക്കാൻ നടപടിയെടുക്കണം.
8. ഓലമേഞ്ഞ വീടുകൾ ഓടുമേയുന്നതിന് ധനസഹായം നൽകണം.
9. വാഴയ്ക്കപ്പറമ്പ്, മുളങ്കുന്ന് കോളനികൾ I. H. D. P. പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ ആവശ്യമായ നടപടികൾ എടുക്കുക.
10. പട്ടികജാതി കുടുംബങ്ങൾക്ക് കോഴി, ആട്, പശു മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
11. പട്ടികജാതിക്കാരിൽ ഒരു വിഭാഗത്തിന്റെ പരമ്പരാഗത തൊഴിലായ കൊട്ടനെയ്ത്ത് സഹരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഈ രംഗത്തുള്ള ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ ശ്രമിക്കണം.
12. പട്ടികജാതിക്കാക്ക് സ്വന്തം സ്ഥലത്ത് കൃഷി ചെയ്യാൻ സാമ്പത്തികസഹായം അനുവദിക്കണം. ഇതിലൂടെ പട്ടികജാതിക്കാരുടെ പുരയിടങ്ങൾ തരിശായിടുന്ന രീതി മാററാൻ കഴിയും.
13. വെട്ടുകാട് കോളനിയിലേക്ക് ലഭിച്ച ടെലിവിഷൻ സെററ് ഒരു പൊതുസ്ഥലത്തുവെച്ച് പ്രവത്തിപ്പിക്കുന്നതിനു് നടപടിയുണ്ടാകണം.
14. വീട് നിമ്മാണത്തിനുള്ള ധനസഹായം ആദ്യം അഡ്വാൻസായി നൽകുകയും പണി പൂർത്തീകരിക്കുന്ന മുറക്ക് മുഴവൻ തുകയും നൽകുന്ന രീതി അവലംബിക്കുക. ഇതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കാൻ സാധിക്കും.
15. ഞെട്ടുണ്ണി കോളനിയോട് തൊട്ടുകിടക്കുന്ന ഫോറസ്റ്റിന്റെ അതിർത്തി കാണിക്കുന്ന ജണ്ടക്കും സ്വകാര്യ വ്യക്തിയുടെ സ്ഥലത്തിനുംഇടയിലുള്ള വെള്ളച്ചാൽ സ്വകാര്യവ്യക്തി കൈവശപ്പെടുത്തിയത് ഒഴിവാക്കി പൂവ്വസ്ഥിതിയിലാക്കണം.
16. പട്ടികജാതിക്കാർക്കുള്ള ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
17. 'ലക്ഷം വീട്'' പദ്ധതിപ്രകാരം പട്ടികജാതിക്കാക്ക് നൽകിയിട്ടുള്ള വീട് അററകുററപണികൾ ചെയ്തു കൊടുക്കണം.

# വരവൂർ ഗ്രാമപഞ്ചായത്ത്

പട്ടികജാതിക്കാക്ക് കക്കൂസ് നിർമ്മിക്കുന്നതിനു C Dസ്കീമിൽ സഹായം നൽകിയത് സംബന്ധിച്ച വിവരം

## പട്ടിക–4

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 1993–94 | 1 | 1500 രൂപ |
| 1994–95 | 2 | 4000 രൂപ |

വരവൂർ ഗ്രാമപഞ്ചായത്ത്.

പട്ടികജാതി കോളനികളിലെ താമസക്കാർ പേരൊന്നിച്ചുള്ള വിവരം.

പട്ടിക. 2

| കോളനിയുടെ പേര് | സ്ഥിതിചെയ്യുന്ന സ്ഥലം | വാർഡ് |
|---|---|---|
| 1. കോഴിക്കുന്ന് കോളനി | ചെക്കോട മാറിൽ | I |
| 2. നാരത്തിക്കുന്ന് കോളനി | നാരത്തിക്കുന്ന് കോളനി | II |
| 3 മഞ്ഞിലാഴ്ത്തുകുന്ന് കോളനി | പുത്തനാലംവണ്ടൽ | II |
| 4 തൃപ്പേരി കോളനി | തൃപ്പേരി കോളനി | II |
| 5 തൃപ്പുലിക്കുന്ന് കോളനി | തൃപ്പുലിക്കുന്ന് കോളനി | V |
| 6 സാമ്പവ കോളനി | പറമ്പൻ കോളനി | VI |
| 7 ചേക്കാട് കോളനി | കൊരട്ടിപ്പേരി ചിറ | VI |
| 8. കോട്ടിക്കുന്ന് കോളനി | കോട്ടിക്കുന്ന് കോളനി | VIII |
| 9. ചെമ്പായിക്കുന്ന് കോളനി | ചെമ്പായിക്കുന്ന് കോളനി | VIII |
| 10. തൊഴുവക്കുന്ന് കോളനി | തൊഴുവനക്കുന്ന് കോളനി | VIII |
| 11. 1017 കോളനി | 1017 കോളനി | IX |
| 12. വാസ്സൂക്കോട് കോളനി | വാസ്സൂക്കോട് കോളനി | IX |

# വരവൂർ ഗ്രാമപഞ്ചായത്ത് പട്ടികജാതി കോളനികൾക്കായുള്ള കുഴൽകിണറുകളുടെ വിവരം

പട്ടിക 1.

| | കോളനിയുടെ പേര് | കിണറിന്റെ സ്ഥാനം | വാർഡ് |
|---|---|---|---|
| 1 | നെല്ലിക്കുന്ന് കോളനി | നെല്ലിക്കുന്ന് കോളനി | I |
| 2 | ചെമ്പിക്കുന്ന് കോളനി | കുമരപ്പനാൽ | VIII |
| 3 | അത്തിക്കുന്ന് കോളനി | തിച്ചൂർ | II |
| 4 | പൊന്നുംകുന്ന് കോളനി | തിച്ചൂർ | I |
| 5 | കോഴിക്കുന്ന് കോളനി | എട്ടാംമാററ് | I |
| 6 | കോട്ടക്കുന്ന് കോളനി | വരവൂർ | VIII |
| 7 | മയിലാടുംകുന്ന് കോളനി | ഇട്ടോണം | II |
| 8 | തെക്കേക്കരസാംബവ കോളനി | പഞ്ചായത്ത്കിണറിന് സമീപം | VI |
| 9 | 1017 കോളനി | 1017 കോളനി | IX |
| 10 | തൊമരക്കുന്ന് കോളനി | കുമരപ്പനാൽ | VIII |
| 11 | പെരുംകുന്ന് വടക്കേ കോളനി | പിലക്കാട് | IV |
| 12 | വരവൂർ തെക്കേക്കര സാംബവ കോളനി | സാംബവ കോളനി | VI |
| 13 | മുളംകുന്ന് കോളനി | മുളംകുന്ന് കോളനി | V |
| 14 | വെട്ടുകാട് കോളനി | വെട്ടുകാട് കോളനി | IX |
| 15 | വെട്ടുകാട് കോളനി | വെട്ടുകാട് കോളനി | IX |
| 16 | നടുത്തറ റോഡിന്റെ ആരംഭത്തിൽ മോട്ടോർ, പമ്പ്ഹൗസ് | കോളനികളിലേക്ക് വാട്ടർ സപ്ലൈ നടത്തുന്നു | VI |
| 17 | പൊറശ്ശേരി കോളനി | പൊറശ്ശേരി കോളനി | II |

# ഭവന നിർമ്മാണം - ക്ഷേമ പ്രവർത്തനങ്ങൾ

**പാർപ്പിടം :**

വരവൂർ പഞ്ചായത്തിലെ പാർപ്പിട സൗകര്യം പൊതുവെ തൃപ്തികരമല്ല. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഏതാനും ചില വീടുകളൊഴിച്ചാൽ ഭൂരിഭാഗം വീടുകളും അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ഉള്ളവയല്ല. എന്നാൽ ഗൾഫ് പണത്തിന്റെ സ്വാധീനവും റബ്ബർ കൃഷിയും മററ് വരുമാന മാർഗ്ഗങ്ങളും പഞ്ചായത്തിലെ കെട്ടിട നിർമ്മാണ രംഗത്ത് കുറെയൊക്കെ പുരോഗതി കൈവരിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷം വീടുകളും പരമ്പരാഗത രീതിയിൽ ഓടുമേഞ്ഞതാണ്. മരം, ഓട്, വെട്ടുകല്ല്, ഇഷ്ടിക, സിമൻറ്, കമ്പി എന്നിവയാണ് വീട് നിർമ്മാണത്തിനുപയോഗിക്കുന്നത്. ഓലമേഞ്ഞ വീടുകളും ധാരാളമുണ്ട്. പട്ടികജാതി വിഭാഗത്തിലുള്ളവരുടെ വീടുകൾ പലതും വായുവും വെളിച്ചവും വേണ്ടത്ര കടക്കുന്നവയല്ല. വീടുകളോടനുബന്ധിച്ച് കക്കൂസും കുളിമുറിയും നിർമ്മിക്കുന്ന രീതി ഇപ്പോൾ സാധാരണമായിട്ടുണ്ട്. എന്നാൽ ആധുനികരീതിയിലുള്ള കക്കൂസും മററ് സൗകര്യങ്ങളും തീരെ ഇല്ലാത്ത വീടുകളുമുണ്ട്.

1994 ഡിസംബർ മുതൽ ഈ പ്രദേശത്തുണ്ടായ കൂടെക്കൂടെയുള്ള ഭൂചലനങ്ങൾ ഒട്ടുമിക്ക വീടുകളുടെയും ചുമരുകൾക്കും മേൽക്കൂരകൾക്കും കേട് വരുത്തിയിട്ടുണ്ട്. ഭാഗികമായി ബലക്ഷയം സംഭവിച്ച വീടുകളും പൂർണ്ണമായും തകന്ന വീടുമുണ്ട്. ഇപ്പോഴും ഭൂചലനത്തെ തുടന്ന് വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തെ വരവൂർ L. P. സ്കൂളിൽ പാർപ്പിച്ചിട്ടുണ്ട്. ഭൂചലനത്തെത്തുടന്നുണ്ടായ കേടുപാടുകൾ തീക്കാൻ സക്കാരിൽ നിന്നും കുറഞ്ഞ വരുമാനക്കാക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഭൂകമ്പത്തെ അതിജീവിക്കുന്ന വീടുകൾ നിർമ്മിക്കുന്നത് കൂടുതൽ സുരക്ഷിതത്വബോധം ഉണ്ടാക്കുവാൻ സഹായിക്കും. കേരളത്തിലെ മററ് പ്രദേശങ്ങളിൽ കാണുന്നതുപോലെ കെട്ടിട നിർമ്മാണ രംഗത്ത് പണം ധൂർത്തടിക്കുന്ന പ്രവണത ഇവിടേയും കാണുന്നുണ്ട്. ഗൾഫ് പണം വീട് നിർമ്മാണരംഗത്തുമാത്രം ചെലവഴിക്കുന്നതിനെതിരെ അത്തരക്കാരെ ബോധവൽക്കരിക്കേണ്ടതുണ്ട്. വരുമാനം കുറഞ്ഞവക്കായി ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതി അവലംബിച്ച് പാർപ്പിട പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് സ്വന്തമായി വീടില്ലാത്തവർ നിരവധിയുണ്ട്. ഭവന വായ്പ വിവിധ ഏജൻസികളിൽ നിന്നും പ്രയോജനപ്പെടുത്തി വീട് നിർമ്മിക്കുന്നവരുണ്ട്. 95-'96 സാമ്പത്തിക വർഷത്തിൽ തന്നെ 16 വീടുകൾ ഹൗസിങ്ങ് ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**പഞ്ചായത്തിലെ വീടുകളുടെ പട്ടിക**

| | | |
|---|---|---|
| പഞ്ചായത്തിലെ ആകെ വീടുകൾ | — | 4188 |
| ഓല മേഞ്ഞത് | — | 527 |
| കുടിൽ | — | 229 |
| കക്കൂസുള്ള വീടുകൾ | — | 1913 |
| സെപ്ററിക്ക് ടാങ്കുള്ളവ | — | 356 |
| ഈ. എസ്. പി. | — | 821 |
| മററുള്ളവ | — | 736 |

**പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ ഗ്രാമസഭകളിൽ നിന്ന്**

വാർഡ്—I ഭവന രഹിതർക്ക് വീടുകൾ അനുവദിക്കണം.

വാർഡ്—II വീടില്ലാത്ത മുഴുവൻ പേക്കും വീടനുവദിക്കണം പട്ടയം ലഭിക്കാത്തതിനാൽ ധനസഹായം വാങ്ങി വീട് പണിയാൻ കഴിയാത്തവക്ക് പട്ടയം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

വാർഡ്—III ദാരിദ്ര രേഖക്ക് താഴെയുള്ള 30 വീട്ടുകാക്ക് സ്വന്തമായി വീട് നിർമ്മിച്ച് കൊടുക്കുക. കക്കൂസില്ലാത്ത വീട്ടുകാക്ക് കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുക.

വാർഡ്—IV ഭവന രഹിതക്ക് സഹായം നൽകുമ്പോൾ നിശ്ചിത സംഖ്യ അഡ്വാൻസ് കൊടുക്കാൻ നടപടികൾ സ്വീകരിക്കുക. വീടിന്റെ അററകുററപണികൾക്ക് ദുർബല വിഭാഗങ്ങൾക്ക് സഹായം നൽകുക.

വാർഡ്—V ഭവന രഹിതരായ 50 വീട്ടുകാക്ക് വീട് നിർമ്മിച്ച് കൊടുക്കുക.

വാഴക്ക പറമ്പ് കോളനിയിൽ പട്ടയം ലഭിക്കാത്തവക്ക് പട്ടയം ലഭ്യമാക്കുക.

അവശ വിഭാഗങ്ങളുടെ വീടുകൾ അററകുററപണികൾ നടത്താൻ സാമ്പത്തിക സഹായം നൽകുക.

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവക്ക് സ്ഥലവും വീടും നിർമ്മിക്കാൻ ധനസഹായം ലഭ്യമാക്കുക.

നടുവട്ടത്തുള്ള പൊതുശ്മശാനം മതിലുകെട്ടി സംരക്ഷിക്കുകയും ഗതാഗത സൗകര്യം ഉണ്ടാക്കുകയും വേണം.

വാർഡ്—VI

40 ഓലമേഞ്ഞ വീടുകൾ ഓടുമേഞ്ഞ വീടുകൾ നിർമ്മിച്ചു കൊടുക്കുക.

ഓട്മേഞ്ഞ വീടുകൾ അററകുററ പണികൾ നടത്താൻ സഹായം നൽകുക. തെക്കുംമുറി സാംബവ കോളനിയിൽ പട്ടയം ലഭിക്കാത്തവർക്ക് പട്ടയം ലഭ്യമാക്കുക.

പൊട്ടകാളകുന്ന് ഭാഗത്തുള്ളവർക്ക് പട്ടയം ലഭ്യമാക്കുക.

ദുർബ്ബല വിഭാഗങ്ങൾക്ക് മുൻകാലങ്ങളിൽ വീട് നിർമ്മിക്കാൻ ലഭിച്ച ധനസഹായം തിരിച്ചടക്കാൻ കഴിയാത്തവരുടെ കട ബാധ്യത എഴുതി തള്ളി ആധാരം തിരിച്ചു നൽകുക.

വാർഡ്—VII

താഴ്ന്ന വരുമാനക്കാരായ സ്വന്തമായി ഭൂമിയില്ലാത്ത ഭവന രഹിതർക്ക് 4 സെൻറ് ഭൂമിയും വീടും അനുവദിക്കുക,

ഇപ്പോൾ നിലവിലുള്ള ഭവന വായ്പാ പദ്ധതികളിൽ തുക വർദ്ധിപ്പിക്കണം. 3 ഗഡുക്കളായി കൊടുക്കണം. ആദ്യ ഗഡു മുൻകൂറായി കൊടുക്കണം, മററു ഗഡുക്കൾ പണിയുടെ പുരോഗതി അനുസരിച്ചും കൊടുക്കണം. പണിയുടെ പുരോഗതി പരിശോധിക്കാൻ വാഡ് മെമ്പറുടെ കീഴിൽ കമ്മിററി ഉണ്ടാക്കണം.

വാർഡ്—VIII

സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിക്കാൻ ധനസഹായം നൽകുക.

അവശ വിഭാഗങ്ങളുടെ വീടുകൾ അററകുററപ്പണികൾ നടത്താൻ സാമ്പത്തിക സഹായം നൽകണം.

പട്ടയം ഇല്ലാത്തവർക്ക് പട്ടയം കൊടുക്കണം.

വാർഡ് - IX

വളരെ മുമ്പ് സർക്കാരിൽ നിന്നും നൽകിയ വീടുകൾ നശിച്ചവർക്ക് പുതിയ വീടുകൾ നൽകുക

പട്ടയം കിട്ടാത്തവർക്ക് പട്ടയം നൽകി വീട് നിർമ്മിക്കാൻ സഹായം നൽകുക.

**സാധ്യതകൾ :**

പട്ടയം ലഭിക്കാത്തവർക്ക് പട്ടയം കിട്ടാനാവശ്യമായ കാര്യങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യുക.

ഭവന നിർമ്മാണ വായ്പകളുടെ ആദ്യഗഡു മുൻകൂറായി നൽകുക.

കൂടുതൽ ഭവന നിർമ്മാണ ഏജൻസികളെ കണ്ടെത്തി വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

പഞ്ചായത്തു ശ്മശാനം മതിൽ കെട്ടി സംരക്ഷിക്കുകയും ഗതാഗത സൌകര്യം ഉണ്ടാക്കുകയും വേണം.

ചെലവു കുറഞ്ഞ വീട് നിർമ്മിക്കുന്നതിനുള്ള പരിശീലനം കൊടുത്ത് നിർമ്മാണച്ചെലവ് കുറക്കുക.

ഭവന വായ്പാ രംഗത്ത് കാലപ്പഴക്കം ചെന്ന കട ബാധ്യതകൾ എഴുതിത്തള്ളുക.

ഭവന നിർമ്മാണ വായ്പാ തുക കാലോചിതമായി പരിഷ്ക്കരിക്കുക.

## വരവൂർ ഗ്രാമപഞ്ചായത്ത്

**IRDP ധനസഹായം സംബന്ധിച്ച വിവരം** പട്ടിക–1

| വർഷം | പട്ടികജാതി | മററുള്ളവർ | ആകെ | സ്ത്രീകൾ | വികലാംഗർ | സബ്സിഡി | വായ്പ |
|---|---|---|---|---|---|---|---|
| 1992-93 | 48 | 26 | 74 | 58 | 3 | 200235 | 280516 |
| 1993-94 | 49 | 22 | 71 | 49 | 1 | 232637 | 285228 |
| 1994-95 | 22 | 21 | 43 | 25 | 1 | 217044 | 351127 |
| 1995-96 | 17 | 19 | 36 | 16 | 2 | 183059 | 581526 |
| ആകെ | 136 | 88 | 224 | 148 | 7 | 832975 | 1498397 |

പട്ടിക.2

ദാരിദ്ര്യരേഖക്ക് താഴെയുള്ള വീടുകൾ : 1647
പട്ടികജാതി വീടുകൾ : 321
ആകെ : 1968

സഹായം ലഭിച്ചവർ

പട്ടിക.3

ട്രൈസം — തൊഴിൽപരിശീലനം നേടിയവർ. 1991-96

ആകെ — 8
പട്ടികജാതി — 4
സ്ത്രീകൾ — 3
സ്വയംതൊഴിൽ — 3
ഉപേക്ഷിച്ചു — 3
പരിശീലനത്തിന് പോകുന്നവർ — 2

പട്ടിക. 4

1992-96- വിവിധ സ്കീമുകളിൽ വീടുകൾ അനുവദിച്ചത്

I.AY 31
M.W.S 30 — 4 കിണർ
J.R.Y 51

പട്ടിക.5

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിവരം

| ക്രമനമ്പർ | തൊഴിൽ ഉപകരണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ബഫിംഗ് മോട്ടോർ | 2 |
| 2 | ½ HP. ഹാൻഡ് ഡ്രിൽ | 5 |
| 3 | ബ്ലോവർ | 1 |

വരവൂർ ഗ്രാമപഞ്ചായത്ത്

കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി പ്രകാരം പഞ്ചായത്തിൽ അനുവദിച്ച കക്കൂസുകളുടെ എണ്ണം

പട്ടിക. 10

| വർഷം | അനുവദിച്ച കക്കൂസുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 1993-94 | 12 | 24000/- രൂപ |
| 1994-95 | 10 | 20000/- രൂപ |
| 1995-96 | 14 | 28000/- രൂപ |

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്.

വിവിധ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നവർ

പട്ടിക. 6

1. കർഷകത്തൊഴിലാളി പെൻഷൻ - 245
2. വാർദ്ധക്യകാല പെൻഷൻ - 61
3. വിധവാ പെൻഷൻ - 93

പട്ടിക 7

1995-96. ൽ ഹൗസിങ് ബോർഡിൽ നിന്നും വീട് പണിയാൻ സഹായം ലഭിച്ചവർ - 16

പട്ടിക. 8

I.C.D.P. പദ്ധതി പ്രകാരം കിണറും പമ്പ് സെറ്റും ലഭിച്ചവർ

| കൊല്ലം | പമ്പ് സെറ്റ് | കിണർ | റിമാർക്സ് |
|---|---|---|---|
| 1992-93 | — | 10 | - |
| 1994-95 | 8 | 4 | - |
| 1995-96 | 25 | 15 | - |
| 1996-97 | 25 | 28 | Requirement |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്ത വിവരം

പട്ടിക. 9

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | കൊടുത്ത ഉപകരണം |
|---|---|---|
| 1994-95 | 3 | മേശ, കസേര |
| 1995-96 | 2 | മേശ, കസേര. |

# 8. സംസ്കാരം

സംസ്കാരമെന്നാൽ ഒരു സമൂഹം അടുത്ത തലമുറയിലേക്ക് കൈമാറുന്ന പൈതൃകം, ആശയങ്ങൾ, പ്രതീകങ്ങൾ, വിശ്വാസങ്ങൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ, സാമൂഹ്യാചാരങ്ങൾ എന്നിവയുടെ സമഗ്രസമന്വയമാണല്ലോ.

അതുകൊണ്ട് ഇതിനെ പോഷിപ്പിക്കുന്ന ഘടകങ്ങളായ വിദ്യാഭ്യാസം, പരന്ന വായനാശീലം ഉത്സവങ്ങൾ, കലാപരിപാടികൾ, ആചാരാനുഷ്ടാനങ്ങൾ എന്നിവയുടെ വ്യാപനം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ചേരമാൻ പെരുമാളിന്റെ കാലത്ത് നിലവിൽ വന്ന 64 തളികളിൽ ഒന്നാണ് വരവൂരിലെ തളി ഇവിടുത്തെ സാംസ്കാരിക പൈതൃകങ്ങളായി നിരവധി ക്ഷേത്രങ്ങളും ശിവലിംഗങ്ങളും ഇന്നും വരവൂരിൽ കാണാം.

ഇന്നും ഓണക്കാലത്ത് പൂവിടലും പൂവിളിയും ഇവിടെ സാധാരണമാണ്. സ്ത്രീകളുടെ ഇടയിൽ പ്രചുര പ്രചാരമുണ്ടായിരുന്ന കൈകൊട്ടികളിയും കുമ്മിയടിയും ഏറെക്കുറെ അന്യംനിന്നിരിയ്ക്കുന്നു സംസ്കാരത്തിന്റേയും കലകളുടെ കോവിലുകളായ തിച്ചൂർ ശിവക്ഷേത്രം, തളി ശിവക്ഷേത്രം വരവൂർ പാലക്കൽ ക്ഷേത്രം എന്നിവയിലെ കൊത്തുപണികൾ പാരമ്പര്യകലകളുടെ ഉത്തമ ഉദാഹരണമാണ്. കഥകളി, കൃഷ്ണനാട്ടം, നാട്യകലകൾ, പഞ്ചവാദ്യം എന്നിവ ഇന്നും ഇവിടുത്തെ ജനങ്ങൾ ആവേശഭരിതരായി ആസ്വദിക്കുന്നു

തിച്ചൂർ, പിലക്കാട് പ്രദേശത്ത് കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വായനശാലകൾ വായനാശീലം വളർത്തുന്നതിലും അതിലൂടെ സാംസ്കാരിക ഉന്നമനത്തിനും കാര്യമായ പങ്ക് വഹിക്കുന്നു.

വരവൂർ കൈരളി ക്ലബ്ബ്, നടുവട്ടം റെഡ്സ്റ്റാർ, തളി യുവധാര തുടങ്ങി പതിനാറോളം സമിതികൾ കലാകായിക രംഗത്ത് സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങളാകെത്തന്നെ ഈ പ്രവർത്തനങ്ങളിൽ അകമഴിഞ്ഞ് സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നു.

തളി, വരവൂർ, നടുവട്ടം, കൊററുപുറം, ചേലൂർ, പാറപ്പുറം എന്നീ പ്രദേശങ്ങളിലെ മുസ്ലീം ദേവാലയങ്ങൾ മത മൈത്രിയുടെ പ്രതീകമായി നിലകൊള്ളുന്നു

ഒരു ക്രിസ്തീയ ആരാധനാലയം അടുത്തകാലത്ത് ഇവിടെ ഉണ്ടായിട്ടുണ്ട്. ഈ ആരാധനാലയത്തെ കേന്ദ്രമാക്കിക്കൊണ്ട് വൈദ്യപരിശോധനയും ചികിത്സയും നടത്തുന്നുണ്ട്. ഈ സാധ്യത നാനാജാതി മതസ്ഥരും ഉപയോഗപ്പെടുത്തുന്നതിനാൽ മതമൈത്രിയെ സഹായിക്കുകയും ചെയ്യുന്നു.

ക്ഷേത്ര കലാവാദ്യങ്ങളിൽ പ്രസിദ്ധരായ തിയ്യാടി നാണുനമ്പ്യാർ കാക്കശേരി പുത്തൻമഠത്തിൽ രാമനുണ്ണിനായർ, കൊങ്ങത്ത് കുട്ടിക്കൃഷ്ണൻ നായർ തുടങ്ങിയവരുടെ തായമ്പക പ്രസിദ്ധമാണ്. തിച്ചൂർ ശങ്കരൻകുട്ടി പണിക്കരുടെ കഥകളി വേഷങ്ങൾ ആവേശം കൊള്ളിക്കുന്നവയായിരുന്നു. അപ്പുണ്ണി പണിക്കർ ഇപ്പോഴും ഈ രംഗത്ത് ശോഭിയ്ക്കുന്നു. അതുപോലെ മുട്ടുംവിളി, കോൽക്കളി, അറവനമുട്ട്, ദഫ് മുട്ട്, ഉറുമി, പന്തംവീശൽ, തറ, പൂതൻ, മൂക്കാംചാത്തൻ, കാളകളി, തേര് എന്നിവ ഇവിടുത്തെ പ്രധാന നാടൻ കലകളാണ്.

## സാംസ്കാരിക രംഗത്തെക്കുറിച്ച് ഗ്രാമസഭകളിൽ നിന്ന്

പ്രവർത്തന രഹിതമായ വായനശാല പ്രവർത്തിക്കുന്നതിന് നടപടി വേണം.

രണ്ടാം വാർഡിൽ വായനശാല ആരംഭിക്കാൻ നടപടി എടുക്കണം

കായികപരിശീലനത്തിന് സൗകര്യം ഏർപ്പെടുത്തണം. പിലക്കാട് വായനശാലയിൽ കൂടുതൽ പുസ്തകങ്ങളും, പത്രങ്ങളും മററ് പ്രസിദ്ധീകരണങ്ങളും വാങ്ങണം. സ്പോർട്ട്സ് ക്ലബ്ബുകളിൽ അത്യാവശ്യ ഉപകരണങ്ങൾ ലഭ്യമാക്കണം.

അഞ്ചാം വാർഡിൽ ഒരു വായനശാല ആരംഭിക്കണം. അഞ്ചാം വാർഡിൽ സാംസ്കാരിക നിലയം സ്ഥാപിക്കണം. കലാകായിക രംഗത്തെ അഭിവൃദ്ധിപ്പെടുത്താൻ മിനി സ്റ്റേഡിയം ആരംഭിക്കണം.

ആറാം വാർഡിൽ കമ്മ്യൂണിററിഹാൾ, റേഡിയോ ടെലിവിഷൻ എന്നിവ ഏർപ്പെടുത്തണം.

ഏഴാം വാർഡിൽ കമ്മ്യൂണിററിഹാൾ, ലൈബ്രറി വായനശാല എന്നിവ സ്ഥാപിക്കണം.

വരവൂർ ഗവ. ഹൈസ്ക്കൂളിന്റെ കളിസ്ഥലം നിരപ്പാക്കി ഉപയോഗപ്രദമാക്കണം.

250ൽ ഏറെ ക്ഷേത്രകലാ, വാദ്യകലാകാരന്മാരുള്ള ഈ പഞ്ചായത്തിൽ അവരെ പ്രോത്സാഹിപ്പിക്കാനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും ഒരു കലാഭ്യസന കേന്ദ്രം ആരംഭിക്കുക.

സാംസ്കാരിക നായകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാറുകൾ ഇടക്കിടെ നടത്തുക.

# വരവൂർ ഗ്രാമപഞ്ചായത്ത് - ഗ്രന്ഥശാലകളും, കലാകായിക സംഘടനകളും

പട്ടിക 1.

| ക്രമനമ്പർ | സംഘടനയുടെ പേര് | സ്ഥിതിചെയ്യുന്ന വാർഡ് |
|---|---|---|
| 1 | വോയസ് ഓഫ് തിച്ചൂർ | I |
| 2 | ജനകീയ വായനശാല, തിച്ചൂർ | I |
| 3 | സിനി ആർട്ട്സ് & സ്പോർട്സ് ക്ലബ്, വിരുട്ടാണം | II |
| 4 | യുവധാര, തളി | III |
| 5 | കലാകേന്ദ്രം, തളി | III |
| 6 | നെഹറു സ്മാരക വായനശാല, തളി | III |
| 7 | ഉദയാ ആർട്ട്സ് & സ്പോർട്സ് ക്ലബ്, പിലക്കാട് | IV |
| 8 | യുവജന കലാകേന്ദ്രം, പിലക്കാട് | IV |
| 9 | ഗ്രാമീണവായനശാല, പിലക്കാട് | IV |
| 10 | റെഡ്സ്റ്റാർ ആർട്ട്സ് & സ്പോർട്സ് ക്ലബ്, നടുവട്ടം | V |
| 11 | സെവൻസ്, വരവൂർ | VI |
| 12 | സർഗ്ഗവേദി ക്ലബ്, വരവൂർ | VII |
| 13 | കൈരളി ആർട്ട്സ് & സ്പോർട്സ് ക്ലബ്, വരവൂർ | VII |
| 14 | അംബേദ്കർ ആർട്ട്സ് & സ്പോർട്സ് ക്ലബ്, വരവൂർ | VIII |
| 15 | അനുപമ ആർട്ട്സ് & സ്പോർട്സ് ക്ലബ്, വരവൂർ | VIII |
| 16 | തരംഗിണി ക്ലബ്, കുമരപ്പനാൽ | IX |
| 17 | ബ്രദേഴ്സ്, കൊററുപുറം | V |

## മററ് സംഘടനകൾ :-

1 ശാസ്ത്ര സാഹിത്യ പരിഷത്ത്

2 പുരോഗമന കലാസാഹിത്യ സംഘം

## വർത്തമാനപ്പത്രം - സ്ഥിതി വിവര കണക്ക്

പട്ടിക 2.

| | | |
|---|---|---|
| ദേശാഭിമാനി | — | 64 |
| മാതൃഭൂമി | — | 280 |
| മലയാള മനോരമ | — | 200 |
| ചന്ദ്രിക | — | 12 |
| മാധ്യമം | — | 16 |
| ദീപിക | — | 5 |
| ഹിന്ദു + ഇൻഡ്യൻ എക്സ്പ്രസ് | — | 10 |
| ആകെ | | 587 |

## വരവൂർ ഗ്രാമപഞ്ചായത്തിലെ ആരാധനാലയങ്ങൾ

പട്ടിക 3

1 തിച്ചൂർ അയ്യപ്പക്ഷേത്രം
2 തൂമ്പിലെ അമ്പലം
3 തിച്ചൂർ ശിവക്ഷേത്രം
4 അന്ത്യാളൻ ക്ഷേത്രം
5 വിരുട്ടാണം ക്ഷേത്രം
6 തളി ശിവക്ഷേത്രം
7 നടുവട്ടം കോവിൽ
8 രാമൻകുളം അയ്യപ്പൻകാവ്
9 പാലക്കൽ ഭഗവതിക്ഷേത്രം
10 മൂർക്കൻകുളങ്ങര ശിവക്ഷേത്രം
11 മൈതൃക്കോവിൽ ശിവക്ഷേത്രം
12 അയ്യപ്പൻ കോവിൽ
13 മാങ്ങോട്ടുകാവ്

### പള്ളികൾ

1 ചേലൂർ മുസ്ലീംപള്ളി
2 തളി ,,
3 നടുവട്ടം ,,
4 കൊററുപുറം ,,
5 വരവൂർ ,,
6 പാറപ്പുറം ,,

ക്രിസ്ത്യാനികളുടെ ഒരു ആരാധനാലയമേ (ചാപ്പൽ)ഇവിടെ ഉള്ളു.

## സാംസ്കാരിക രംഗത്തെ സാധ്യതകൾ

വായനാശീലം വളർത്തണം, ദിനപത്രങ്ങളുടെ സർക്കുലേഷൻ വർദ്ധിപ്പിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യണം.

കമ്മ്യൂണിററിഹാൾ പഞ്ചായത്തിൻെറ ഏഴാംവാർഡിൽ ആരംഭിക്കണം.

പഞ്ചായത്ത് കളിസ്ഥലം നിരപ്പാക്കി ഉപയോഗപ്രദമാക്കണം.

അഞ്ചാം വാർഡിൽ ഒരു പൊതുകളിസ്ഥലം ഉണ്ടാക്കണം. ക്ഷേത്രകല, വാദ്യകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു കലാഭ്യസന കേന്ദ്രം ആരംഭിക്കണം. സ്പോർട്ട്സ് ക്ലബ്ബുകൾക്ക് ധനസഹായം നൽകി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

'കേരളോത്സവം' വിജയികൾക്ക് ക്യാഷ് അവാർഡ് നൽകി എല്ലാവിഭാഗം ജനങ്ങളേയും പ്രോത്സാഹിപ്പിക്കണം.

വീഡിയോ ക്ലബ്ബ് ആരംഭിക്കുക.

സ്ത്രീകളുടെ വായനാശീലം വളർത്തി ഗുണപരമാക്കുക

സാക്ഷരതാപ്രവർത്തനം തുടർ വിദ്യാഭ്യാസത്തിലൂടെ കാര്യക്ഷമമാക്കുക.

നവസാക്ഷരർ പരസ്പരം കത്ത്എഴുതി ആശയം കൈമാറാനുള്ള പദ്ധതി നടപ്പിലാക്കുക.

# 9. വനിതാ ക്ഷേമം

ഏതൊരു സമൂഹത്തിന്റേയും പുരോഗതിയുടെ തോത് ആ സമൂഹത്തിലെ സ്ത്രീകളുടെ നാനാവിധ പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ രാജ്യം വനിതാക്ഷേമത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്. വനിതകളുടെ പുരോഗതി സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, രാഷ്ട്രീയ രംഗത്ത് കൈവരിക്കുന്ന നേട്ടങ്ങളിലൂടെ മാത്രമേ സാധ്യമാവുകയുള്ളു. ആനുപാതികമായി പുരുഷൻമാരേക്കാൾ സ്ത്രീകൾ വിദ്യാസമ്പന്നരാണെങ്കിലും തൊഴിൽ മേഖലയിൽ അവരുടെ സ്ഥാനം വളരെ പിന്നിലാണ്. കുടുംബ കാര്യങ്ങളിലും, സാമൂഹ്യപ്രശ്നങ്ങളിലും നിർണ്ണായക തീരുമാനമെടുക്കുന്ന കാര്യങ്ങളിൽ സ്ത്രീകൾ പിന്തള്ളപ്പെടുന്നു. ഗൃഹജോലികൾ വിട്ട് സാമ്പത്തിക വരുമാനം ഉണ്ടാക്കുന്ന കാര്യത്തിൽ സ്ത്രീകൾക്കിടയിൽ ഇപ്പോഴും വിമുഖത കാണുന്നുണ്ട്. തൊഴിലിന്റെ മഹത്വം പൂർണ്ണമായി ഉൾക്കൊള്ളാൻ, ചില പരമ്പരാഗത ആചാരങ്ങളും, സാമൂഹ്യ പ്രേരണകളും പ്രതിബന്ധമായി നിൽക്കുന്നു.

വിദ്യാഭ്യാസം നേടുന്നതിലും, കുടുംബക്ഷേമ മാർഗങ്ങൾ സ്വീകരിക്കുന്നതിലും മുമ്പുണ്ടായിരുന്ന വിമുഖത ഇന്ന് പലർക്കുമില്ല. 'ചെറിയ കുടുംബം സന്തുഷ്ട കുടുംബം' എന്ന സന്ദേശം എല്ലാ വിഭാഗം വനിതകളിലും എത്തിയിട്ടുണ്ട്. അതുകൊണ്ട്തന്നെ ശിശുപരിപാലനം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ തുറകളിൽ സ്ത്രീകൾക്ക് ഉന്നതമായ ബോധം ഉണ്ടായിട്ടുണ്ട്. ശുചിത്വബോധവും സൗന്ദര്യബോധവും ഇവിടത്തെ സ്ത്രീകൾക്ക് ഏറെയുണ്ട്.

വരവൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 18710 ആണ്. അതിൽ പുരുഷൻമാർ 8826 ഉം സ്ത്രീകൾ 9884 ഉം ആണ്. സ്ത്രീകളാണ് കൂടുതൽ. എന്നാൽ വിദ്യാർത്ഥികളുടെ കണക്ക് നോക്കുമ്പോൾ പെൺകുട്ടികൾ വിദ്യാലയങ്ങളിൽ ആൺകുട്ടികളെ അപേക്ഷിച്ച് നേരിയ കുറവ് കാണുന്നുണ്ട്. മൊത്തം 3227 വിദ്യാർത്ഥികൾ മൂന്ന് സ്കൂളുകളിലായി പഠിക്കുന്നു. അതിൽ 1652 ആൺകുട്ടികളും, 1575 പെൺകുട്ടികളും ആണ്.

സ്ത്രീ തൊഴിലാളികളുടെ വരുമാനം പൂർണ്ണമായും കുടുംബത്തിലെത്തുമ്പോൾ, പുരുഷന്റെ വരുമാനം ഭാഗികമായി മാത്രമേ എത്തുന്നുള്ളു. തൊഴിലെടുക്കുന്ന സ്ത്രീകളിൽ കൂടുതലും കാർഷിക വൃത്തി, ബീഡിനിർമ്മാണം, തുന്നൽപണികൾ, ക്ഷീരോല്പാദനം, ഭവന നിർമ്മാണം എന്നീ രംഗങ്ങളിലാണ്. അപൂർവ്വം ചില അദ്ധ്യാപികമാരും, നഴ്സുമാരും മററ് സർക്കാർ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും ഉണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ 15 അംഗൻവാടികൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി പലതിന്നും കെട്ടിടങ്ങളില്ലെങ്കിലും 93 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. ദേശീയ സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട് മഹിളാ പ്രധാൻ പ്രവർത്തകർ ഈ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്ത് പ്രസിഡണ്ട്, കൃഷി ഓഫീസർ, ഗവ: ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്, തളിയിലെ യു. പി. സ്കൂൾ ഹെഡ്മിസ്ട്രസ്, ഗവ: എൽ. പി. സ്കൂൾ ഹെഡ്മിസ്ട്രസ്, പോസ്റ്റ്മാൻ ഈ സ്ഥാനങ്ങളിലെല്ലാം സ്ത്രീകളാണെന്നത് ഈ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു സവിശേഷതയാണ്.

ചാരായ നിരോധനം നടപ്പാക്കിയെങ്കിലും അനധികൃതവ്യാപാരം പല സ്ഥലത്തും നടക്കുന്നുണ്ടെന്നും അതിനെ ഊർജ്ജിത നടപടികൾമൂലം നിർത്തലാക്കണമെന്നും പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പേരും ആവശ്യപ്പെടുന്നു.

## പ്രശ്നങ്ങൾ - ഗ്രാമസഭകളിൽ നിന്ന്

1 വനിതകൾക്ക് കൊട്ട നെയ്ത്ത് വ്യവസായം ആരംഭിക്കണം.

2 പഴം, പച്ചക്കറി സംസ്കരണ യൂണിററ് ആരംഭിക്കാൻ ധനസഹായം നൽകണം.

3 വനിതകൾക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സഹായിക്കണം.

4 തയ്യൽ പരിശീലനകേന്ദ്രം ആരംഭിക്കാനുള്ള സഹായം വേണം.

5 വനിതകൾക്ക് മാത്രമായി തയ്യൽ പരിശീലന കേന്ദ്രം തുടങ്ങണം.

6 വനിതകൾക്കായി തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

7 വാത്തിയംകുളത്തിൽ കുളിക്കടവ് നിർമ്മിക്കണം.

8 വനിതകൾക്കുവേണ്ടി ബീഡിനിർമ്മാണ കേന്ദ്രം ആരംഭിക്കണം.

9 വനിതാബീഡിത്തൊഴിലാളികളെ സംഘടിപ്പിച്ച് ബീഡിത്തൊഴിലാളി സഹകരണസംഘം ആരംഭിക്കണം.

10 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററ് ആരംഭിക്കണം.

11 വിധവകളുടെ പെൺകുട്ടികൾക്കുള്ള വിവാഹധന സഹായം വർദ്ധിപ്പിക്കണം.

## സാധ്യതകൾ

1 ഈററ, മുള എന്നിവ കൊണ്ട് കൊട്ടനെയ്ത്ത് നടത്തുന്ന ധാരാളം വനിതകൾ പഞ്ചായത്തിലെ പല വാർഡുകളിലുമുണ്ട്. ഇവർക്ക് ഉപകാരപ്രദമായ രീതിയിൽ കൊട്ടനെയ്ത്തു വ്യവസായം ആരംഭിച്ചാൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷനേടാനാകും.

2 പഞ്ചായത്തിൽ പഴങ്ങളും, പച്ചക്കറികളും ലഭിക്കുന്നതിനാൽ അവ സംസ്കരിക്കുന്നതിനുള്ള യൂണിററ് ആരംഭിക്കുകയാണെങ്കിൽ പഞ്ചായത്തിലെ സ്ത്രീകൾക്ക് ജോലി സാധ്യതയുണ്ടാകും.

3 ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സഹായം നൽകുകയാണെങ്കിൽ ജോലിസാധ്യത വർദ്ധിക്കും.

4 പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ തയ്യൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുകയാണെങ്കിൽ പെൺകുട്ടികൾക്ക് പഠിക്കാനും, തൊഴിൽ നൈപുണ്യംനേടാനും കഴിയുന്നതിനാൽ സഹായം നൽകേണ്ടതാണ്.

5 വനിതകൾക്ക് മാത്രമായി തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

6 വനിതകൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയാണെങ്കിൽ തൊഴിലില്ലാത്ത സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും.

7 വാത്തിയംകുളത്തിൽ കുളിക്കടവ് നിർമ്മിച്ച് ആ ഭാഗത്തെ സ്ത്രീകൾക്ക് കുളിക്കാനുള്ള സൗകര്യമുണ്ടാക്കി കൊടുക്കേണ്ടതാണ്.

8 ബീഡി നിർമ്മാണ രംഗത്ത് പഞ്ചായത്തിലെ മിക്ക വാർഡുകളിലും വനിതകൾ ജോലി ചെയ്യുന്നുണ്ട്. ബീഡി നിർമ്മാണകേന്ദ്രം തുടങ്ങുകയാണെങ്കിൽ സ്വകാര്യ ഉടമകളുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കാൻ കഴിയും. ഇതിനായി വനിതാ ബീഡിത്തൊഴിലാളികളെ സംഘടിപ്പിച്ച് ബീഡിത്തൊഴിലാളി സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.

9 പഞ്ചായത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിററ് ആരംഭിക്കയാണെങ്കിൽ കുറെ പേർക്ക് തൊഴിലവസരം ഉണ്ടാകും.

10 സാമ്പത്തിക ശേഷിയില്ലാത്ത വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധന സഹായം വർധിപ്പിക്കേണ്ടതാണ്.

11 വിപണന സാധ്യതയുള്ള പുഷ്പകൃഷി, കൃഷി വകുപ്പിന്റെ സഹായത്താൽ തുടങ്ങുന്നതിന് വനിതകൾക്ക് പ്രോത്സാഹനം നൽകണം.

# ഊർജ്ജം

പഞ്ചായത്തിൽ കാടുകളും, അതിൽ ധാരാളം മരങ്ങളും ഉണ്ടായിരുന്നതിനാൽ ജനങ്ങൾ വിറക് ധാരാളമായി ഉപയോഗിച്ചുവന്നിരുന്നു. ക്രമേണ കാടുകളിലെ മരങ്ങളുടെ എണ്ണം കുറഞ്ഞുവന്നു. തേക്കിൻെറയും, മററ് നാടൻമരങ്ങളുടേയും സ്ഥാനത്ത് യൂക്കാലിയും, അക്കേഷ്യയും സ്ഥാനം പിടിച്ചു. ജനങ്ങൾക്ക് സമൃദ്ധിയായി ലഭിച്ചിരുന്ന വിറകിന് വൻതോതിലുള്ള ദൗർലഭ്യം നേരിട്ടു. ഗ്രാമത്തിൻെറ ഊർജ്ജാവശ്യങ്ങൾക്കായി പാചകത്തിന് വിറകും, ജലസേചനത്തിനും, നിലം ഉഴുന്നതിനും കന്നുകാലികളേയും ഉപയോഗിച്ചിരുന്നു.

പഞ്ചായത്തിൽ അപൂർവ്വം വീടുകളിൽ ഗോബർ ഗ്യാസ് പ്ലാൻറുകളുണ്ട്. പ്രധാന ഊർജ്ജമായ വൈദ്യുതി 1958-60 കാലഘട്ടത്തിലാണ് പഞ്ചായത്തിലെത്തിയത് പഞ്ചായത്തിലെ 33 കോളനികളിൽ 28 കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പല ഭാഗങ്ങളിലും വൈദ്യുതിക്കായി കാത്തിരിക്കുന്ന കുടുംബങ്ങളുണ്ട്.

ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, വെളിച്ചത്തിനുംവേണ്ടിയാണ് വീടുകളിൽ വൈദ്യുതി അധികവും ഉപയോഗിക്കുന്നത്. പാചകാവശ്യത്തിന് വിറകും, മണ്ണെണ്ണയും പാചകഗ്യാസും ഉപയോഗിക്കുന്നുണ്ട്. വിറകും, എണ്ണയും വേണ്ടത്ര കിട്ടാൻ ബുദ്ധിമുട്ടുണ്ട്. അനെർട്ടിൻെറ സഹായത്തോടെ പഞ്ചായത്തിൽ പുകയില്ലാത്ത അടുപ്പുകൾ പല വീടുകളിലും സ്ഥാപിച്ചിട്ടുണ്ട് ഇതിൻെറ ഫലമായി ഉപയോഗിക്കുന്ന വിറകിൻെറ അമിതമായ ഉപയോഗം കുറഞ്ഞിട്ടുണ്ട്. അനെർട്ടിൽ നിന്നും വിതരണം ചെയ്ത മണ്ണെണ്ണ അടുപ്പുകളും, പ്രഷർകുക്കറുകളും, C F L with ഇലക്ട്രോണിക് ചോക്ക് എന്നിവയും പഞ്ചായത്തിൽ ചിലരൊക്കെ വാങ്ങിതിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുള്ള സംബന്ധിക്കുന്ന വിവരങ്ങളും, വൈദ്യുതീകരിച്ച കോളനികളുടെ എണ്ണവും മററു വിവരങ്ങളും അടങ്ങിയ പട്ടിക കൊടുത്തിരിക്കുന്നു.

## ഊർജ്ജം

### പ്രശ്നങ്ങൾ - ഗ്രാമസഭകളിൽ നിന്ന്

വാർഡ് I

1 പൊന്നുംകുന്ന് കോളനി, ഓംകുന്ന് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

2 പൊന്നുംകുന്ന് കോളനി മുതൽ എട്ടാംമാററ് സെൻറർ വരെയും ചെല്ലി റോഡ് വരെയും കുറുപ്പ്റോഡിലും വഴിവിളക്ക് സ്ഥാപിക്കുക

വാർഡ് II

3 കുന്നുംകാട് കോളനിയിൽ വൈദ്യുതി എത്തിക്കുക.

4 അത്തിക്കുന്ന് കോളനിയിലും ദേവിച്ചിറ മുതൽ മുസ്ലീംപള്ളി വരേയും വഴിവിളക്കുകൾ സ്ഥാപിക്കുക.

5 വിരുട്ടാണം ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുക.

6 മയിലാടികുന്ന് കോളനി വൈദ്യുതീകരിക്കുക.

7 ചേലൂർ ഭാഗത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വാർഡ് III

8 കാർഷിക മേഖലയെ സംരക്ഷിക്കുന്നതിന് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വാർഡ് IV

9 വടക്കെപെരുംകുന്ന് കോളനിമുതൽ കടുകശ്ശേരി വരേയും ലക്ഷംവീട് കോളനിയും വേട്ടാണി ഹരിജൻകോളനിയും പിലക്കാട് പോസ്റ്റോഫീസ് റോഡിലും വൈദ്യുതി എത്തിക്കണം. രാമൻചിറമുതൽ അടാട്ട്കുന്ന് കോളനി റോഡ്വരെ മെയിൻറോഡിൽ വൈദ്യുതി എത്തിക്കുക.

10 അടാട്ടുകുന്ന് കോളനിറോഡിൽനിന്നും രാമൻച്ചിറ റോഡിൽ വൈദ്യുതി ലൈൻ നീട്ടുക.

11 അടാട്ടുകുന്ന് കോളനിമുതൽ രാമൻകുളംവരെ സ്ട്രീററ്ലൈററുകൾ സ്ഥാപിക്കുക.

വാർഡ് V

12 അഞ്ചാം വാർഡിലെ ഒലിച്ചി വെള്ളച്ചാട്ടം ഒരു ചെറുകിട ജലവൈദ്യുത പദ്ധതിയിൽപെടുത്തി മിനി ജനറേററുകൾ സ്ഥാപിച്ച് ജലവൈദ്യുത പദ്ധതി നടപ്പാക്കുക.

13 നടുവട്ടം സെൻറർമുതൽ കൊററുപുറം പള്ളി വരെ വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

14 ചുണ്ടയിൽറോഡ് കാട്ടിശ്ശേരി വാസ്സുവിൻെറ വീട്വരെ ലൈൻനീട്ടി വഴിവിളക്കുകൾ ഇല്ല.

15 നടുവട്ടംമുതൽ കാഞ്ഞിരത്താണി റോഡ് മുതൽ കോഴിക്കോട്ടുകുളംവരെ വൈദ്യുതലൈൻ നീട്ടി വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

16 കൊററുപുറത്തേക്കുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കുക

17 ചുണ്ടയിൽ റോഡിൻെറ ആരംഭത്തിൽ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

18 നടുവട്ടം സെൻറർ മുതൽ മണിമൂല വരെ ലൈൻ നീട്ടി വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

19 വാലിച്ചിറ റോഡ് ലൈൻ നീട്ടി വഴിവിളക്ക് സ്ഥാപിച്ചിട്ടില്ല.

20 ഗതാഗതത്തിനും വീടുകൾക്കും തടസ്സമായി വൈദ്യുത പോസ്റ്റുകൾ നിലനില്ക്കുന്നു.

21 പഞ്ചായത്തിൽ കന്നുകാലികളെ വളർത്തുന്ന ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ പ്രോത്സാഹനം നൽകുക.

22 വാഴക്കപറമ്പ് കോളനി, മുളംകുന്ന് കോളനിയിൽ വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരണം നടത്തിയിട്ടില്ല.

വാർഡ് VI

23 തെക്കുംമുറി സാംബവ കോളനി ഭാഗത്തേക്കും, ലക്ഷംവീട് കോളനിയിലേക്കും പൊട്ടകാളകുന്ന് ഭാഗത്തേക്കും, പുളിക്കലാംകുണ്ട് റോഡിൽ കൂടിയും ആവശേരി അച്ചുതൻെറ വീടിൻെറ സമീപത്ത്നിന്നും ആവശേരി രാമചന്ദ്രൻെറ വീടിൻെറ ഭാഗം വരേയും വൈദ്യുതി ലൈൻ നീട്ടുക.

24 കാർഷികാവശ്യത്തിനുള്ള വൈദ്യുതി മുൻഗണനക്രമത്തിൽ കൊടുക്കുക മുണ്ടനാട്ട് സെയ്താലിയുടെ വീടിന് സമീപത്തു കൂടി പോകുന്ന റോഡിൽ കൂടി വൈദ്യുതി ലൈൻ നീട്ടിയിട്ടില്ല.

വാർഡ് VII

25 വരവൂർ എൽ. പി. സ്ക്കൂളിൻെറ പിൻഭാഗത്തുള്ള വീട്ടുകാർക്ക് പോസ്റ്റ് ഇട്ട് വൈദ്യുതി എത്തിക്കുക.

26 പാലക്കൽ ജംഗ്ഷൻ മുതൽ കിഴക്കോട്ടും വടക്കോട്ടുമുള്ള വൈദ്യുതി ലൈൻ ത്രീ ഫേസ് ആക്കി മാററുക

27 7-ാം വാർഡിൽ സ്ട്രീററ് ലൈററ് ഇല്ലാത്ത റോഡുകളിൽ സ്ട്രീററ്ലൈററ് സ്ഥാപിക്കുക

28 ഏഴാം വാർഡിൽ വടക്കുംപാട്ട് ചിന്നമ്മുഅമ്മയുടെ വീടിനടുത്തുള്ള വീടുകളിലേക്ക് വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

വാർഡ് VIII

29 കമ്മുള്ളി നായാടിക്കുന്ന് കോളനി വൈദ്യുതീകരിക്കുക.

30 കമ്മുള്ളിയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ചാർജ് ചെയ്ത് ആ ഭാഗത്തുള്ള വീടുകളിലേക്ക് വൈദ്യുതി ലഭ്യമാക്കുക.

31 ഞെട്ടുണ്ണി കോളനിയിലേക്ക് പോസ്റ്റ്ഇട്ട് ലൈൻ നീട്ടുക.

32 കുമരപ്പനാൽ ഹെൽത്ത്സബ്സെൻററിൽ നിന്ന് നായാടിക്കുന്ന് കോളനിയിലേക്ക് തെരുവ് വിളക്ക് സ്ഥാപിക്കുക.

33 കുമരപ്പനാലിൻെറ കിഴക്കു ഭാഗത്ത് കണക്ഷൻ ലഭിക്കാത്ത അപേക്ഷകർക്കും, വരവൂർ ഹൈസ്ക്കൂൾ പരിസരത്തുള്ള അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടിയെടുക്കുക. വാർഡിലെ വഴിവിളക്കുകളില്ലാത്ത റോഡുകളിൽ വഴിവിളക്ക് സ്ഥാപിക്കുക.

വാർഡ് IX

34 ഒൻമ്പതാം വാർഡിൽ നടുത്തറ, വാലിപറമ്പ്, കാർളിമുക്ക്, പലകച്ചിറ മുക്കിൽനിന്ന് പാറക്കുണ്ട്വരെ നീർക്കോലിമുക്കിൽനിന്ന് 1017 കോളനിവരെ കുമരപ്പനാൽ മദ്രസ്സവരെ അത്തിക്കച്ചാൽ റോഡ്, മുതലാംകുന്ന്, കൊങ്ങത്ത്പറമ്പ്കോളനി, 1017 കോളനിമുതൽ ചുള്ളിവരെ, നടുത്തറനിന്ന് കിഴക്കോട്ട് പാറക്കുന്ന് വഴി മനക്കലകളംപടി വരെ, എന്നീ പ്രദേശങ്ങളിലേക്ക് വൈദ്യുതിലൈൻ നീട്ടുക. തെരുവ്വിളക്കുകൾ സ്ഥാപിക്കുക.

35 കുമരപ്പനാൽ മുതൽ ചെമ്പൻപടിവരെ സിംഗിൾ ഫേസ് ത്രീഫേസ് ആക്കുക.

## സാധ്യതകൾ:-

1 ഒന്നാം വാർഡിലെ പൊന്നുംകുന്ന് കോളനി, ഓംകുന്ന് കോളനി എന്നിവിടങ്ങളിൽവൈദ്യുതി എത്തിക്കേണ്ടതും അവിടത്തെ വീട്ടുകാർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കേണ്ടതാണ്.

2 പൊന്നുംകുന്ന് കോളനിമുതൽ എട്ടാംമാററ് സെൻററവരേയും ചെല്ലിറോഡ് വരേയും കുറുപ്പ് റോഡിലും വഴിവിളക്കുകൾ സ്ഥാപിക്കുകയാണെങ്കിൽ ആ ഭാഗത്തുള്ള ജനങ്ങൾക്ക് ഉപകാരപ്രദമാകും.

3 കുന്നംകാട് കോളനിയിൽ വൈദ്യുതി എത്തിക്കുകയാണെങ്കിൽ അവിടത്തെ വീട്ടുകാർക്ക് വൈദ്യുതികണക്ഷൻ എടുക്കാൻ വളരെ എളുപ്പമായിരിക്കും.

4 അത്തിക്കുന്ന് കോളനിയിലും, ദേവിച്ചിറ മുതൽ ചേലൂർ മുസ്ലീംപള്ളി വരേയും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

5 വിരുട്ടാണംഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുകയാണെങ്കിൽ ആ ഭാഗത്തുള്ള ഏതാനും അപേക്ഷകർക്ക് വൈദ്യുതികണക്ഷൻ നൽകാനും ഇപ്പോഴുള്ള വോൾട്ടേജ്ക്ഷാമം പരിഹരിക്കാനും കഴിയുന്നതാണ്.

6 മയിലാടിക്കുന്ന് കോളനി വൈദ്യുതീകരിക്കേണ്ടതാണ്.

7 ചേലൂർ ഭാഗത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

8 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് കാർഷികമേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

9 വൈദ്യുതി എത്തിയിട്ടില്ലാത്ത വടക്കെ പെരുംകുന്ന് കോളനി മുതൽ കടുകശേരി ഭാഗം വരേയും, ലക്ഷംവീട് കോളനി, വേട്ടാണി ഹരിജൻ കോളനി പിലക്കാട് പോസ്റ്റാഫീസ് റോഡ് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

10 അടാട്ടുക്കുന്ന് കോളനിയിൽ നിന്ന് രാമൻചിറ റോഡിൽ വൈദ്യുതി ലൈൻ നീട്ടുകയാണെങ്കിൽ

ഗാർഹിക കാർഷിക കണക്ഷനുകൾ എടുക്കാൻ സൗകര്യമുണ്ടാക്കുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

11 പിലക്കാട് ലക്ഷം വീട് കോളനിയിലേക്ക് പോസ്റ്റ് ഇട്ട് ലൈൻ നീട്ടുകയാണെങ്കിൽ അവിടെയുള്ള വീടുകൾ വൈദ്യുതീകരിക്കാവുന്നതും, സ്ട്രീററ് ലൈററ് സ്ഥാപിക്കുകയും ചെയ്താൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

12 അടാട്ടുക്കുന്ന് കോളനി മുതൽ രാമൻകുളം വരെ സ്ട്രീററ് ലൈററുകൾ സ്ഥാപിക്കണം.

13 അഞ്ചാം വാർഡിലെ ഒലിച്ചി വെള്ളച്ചാട്ടം ചെറുകിട ജലവൈദ്യുതി പദ്ധതിയിൽപ്പെടുത്തി മിനി ജനറേററുകൾ സ്ഥാപിച്ച് വൈദ്യുതിഉൽപാദിപ്പിക്കുകയാണെങ്കിൽ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാവുന്നതാണ്.

14 നടുവട്ടം സെൻറർ മുതൽ കൊററുപുറം പള്ളി വരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

15 ചുണ്ടയിൽ റോഡ് കാട്ടുശേരി വാസുവിൻെറ വീട് വരെ ലൈൻ നീട്ടി വഴിവിളക്കുകൾ സ്ഥാപിക്കുക.

16 നടുവട്ടം മുതൽ കാഞ്ഞിരത്താണി റോഡു മുതൽ കോഴിക്കോട്ടുകുളം വരെ വൈദ്യുത ലൈൻ നീട്ടി വഴിവിളക്കുകൾ സ്ഥാപിക്കുക.

17 കൊററുപുറത്തേക്കുള്ള സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി മാററുക.

18 ചുണ്ടയിൽ റോഡിൻെറ ആരംഭത്തിൽ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

19 നടുവട്ടം സെൻറർ മുതൽ മണിമൂലവരെ ലൈൻ നീട്ടി വഴിവിളക്കുകൾ സ്ഥാപിക്കുക.

20 വാലിച്ചിറ റോഡിൽ ലൈൻ നീട്ടി വഴിവിളക്ക് സ്ഥാപിക്കുക.

21 ഗതാഗതത്തിനും, വീടുകൾക്കും തടസ്സമായി നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ മാററി സ്ഥാപിക്കുക.

22 വാഴക്കപറമ്പ് കോളനി, മുളംക്കുന്ന് കോളനി വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക. വഴിവിളക്കുകൾ കാര്യക്ഷമമാക്കുക.

23 പഞ്ചായത്തിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ നടപ്പാക്കുക.

24 വൈദ്യുതി ലൈൻ എത്തിയിട്ടില്ലാത്ത തെക്കുംമുറി സാംബവകോളനി തെക്ക്ഭാഗം ലക്ഷംവീട് കോളനിഭാഗം, പൊട്ടകാളക്കുന്ന് ഭാഗം, പുളിക്കലാം കുണ്ട് റോഡ് മുണ്ടനാട്ട് സൈതാലിയുടെ വീടിന് സമീപത്തുകൂടി പോകണ റോട്ടിൽ കൂടി ആവശേരി അച്ചുതൻെറ വീടിൻെറ സമീപത്ത് നിന്ന് ആവശേരി രാമചന്ദ്രൻെറ വീടിൻെറ ഭാഗം വരെ വൈദ്യുതി എത്തിച്ച് ആ ഭാഗത്തെ വീട്ടുകാർക്ക് വൈദ്യുത കണക്ഷൻ ലഭിക്കാൻ നടപടിയെടുക്കേണ്ടതാണ്.

25 കാർഷിക ആവശ്യത്തിന് വൈദ്യുതകണക്ഷൻ മുൻഗണനാടിസ്ഥാനത്തിൽ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുക.

26 വരവൂർ എൽ. പി സ്ക്കൂളിൻെറ പിൻവശത്തുള്ള വീട്ടുകാർക്ക് വൈദ്യുതി കണക്ഷൻ എടുക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ ചെയ്തുകൊടുക്കുക.

27 പാലയ്ക്കൽ ജംഗ്ഷൻ മുതൽ കിഴക്കോട്ടും വടക്കോട്ടും ഉള്ള സിംഗിൾഫേസ് ത്രീഫേസ് ലൈൻ ആക്കി മാററിയാൽ ആ ഭാഗത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാനും കൂടുതൽ പേർക്കും ഗാർഹിക കണക്ഷനുകൾ നൽകാനും കഴിയും.

28 ഏഴാം വാർഡിൽ സ്ട്രീററ്ലൈററുകൾ സ്ഥാപിക്കാത്ത റോഡുകളിൽ വഴിവിളക്ക് സ്ഥാപാക്കുക.

29 ഏഴാംവാർഡിൽ വടക്കുംപാട്ട് ചിന്നമ്മു അമ്മയുടെ വീടിനടുത്തുള്ള വീടുകളിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുക.

30 കമ്മുള്ളി, നായാടിക്കുന്ന് കോളനി വൈദ്യുതീകരിച്ച് ആ ഭാഗത്തെ വീട്ടുകാർക്ക് ഗാർഹിക കണക്ഷൻ ലഭിക്കാൻ സൗകര്യമുണ്ടാക്കുക.

31 കമ്മുള്ളിയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ചാർജ്ചെയ്താൽ ആ ഭാഗത്തുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻകഴിയും.

32. ഞെട്ടുകണ്ണി കോളനിയിൽ പോസ്റ്റ് ഇട്ട് ലൈൻ നീട്ടിയാൽ അവിടത്തെ ജനങ്ങൾക്ക് ഗാർഹിക കണക്ഷൻ കിട്ടുന്നതിന് വേണ്ട സഹായം നൽകുക.

33 കുമരപ്പനാൽ ഹെൽത്ത്സബ് സെൻററിൽനിന്ന് നായാടിക്കുന്ന് കോളനിയിലേക്കുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക

34 കുമരപ്പനാലിന്റെ കിഴക്കുഭാഗത്ത് വരവൂർ ഹൈസ്ക്കൂളിന്റെ പരിസരത്തുള്ള അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

35 വഴിവിളക്കുകൾ ഇല്ലാത്ത റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

36 ഒൻപതാം വാർഡിൽ നടുത്തറ, വാലിപ്പറമ്പ്, കാർളിമുക്ക്, പലകച്ചിറമുക്കിൽ നിന്ന് പാറക്കുണ്ട് വരെ നീർക്കോലി മുക്കിൽ നിന്ന് ആയിരത്തി പതിനേഴ് കോളനി വരെ കുമരപ്പനാൽ മദ്രസ വഴി അത്തിക്കച്ചാൽ റോഡ്, മുതലാംക്കുന്ന്, കൊങ്ങത്ത്പറമ്പ് കോളനി, ആയിരത്തിപതിനേഴ് കോളനി മുതൽ ചുള്ളിവരെ, നടുത്തറ നിന്ന് കിഴക്കോട്ട് പറക്കുന്ന് വഴി മനക്കൽ കളംപടിവരെ വൈദ്യുതി ലൈൻ നീട്ടുകയും തെരുവു വിളക്കുകൾ സ്ഥാപിക്കുകയും കണക്ഷൻ ലഭ്യമാക്കുകയും ചെയ്യുക.

37 കുമരപ്പനാൽ മുതൽ ചെമ്പൻപടി വരെ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കിയാൽ വോൾട്ടേജ്ക്ഷാമം പരിഹരിക്കാനും പുതിയ കണക്ഷൻ നൽകാനും കഴിയും.

38 പഞ്ചായത്തിലെ പല വീടുകളിലും കന്നുകാലികളെ വളർത്തുന്നുണ്ട്. ഇവയുടെ ചാണകം ഉപയോഗിച്ച് പലവീടുകളിലും ഗോബർഗ്യാസ് പ്ലാൻറ് നിർമ്മിക്കുവാൻ കഴിയും.

ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകുന്നതിനാൽ അതിനുവേണ്ടി ബോധവൽക്കരണവും സഹായവും നൽകുക,

## വരവൂർ പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ പേരുകൾ:

### പട്ടിക 4

| നമ്പർ | സ്ഥലം |
|---|---|
| 1 | വരവൂർ നമ്പർ 1. സ്കൂൾ പരിസരം |
| 2 | വളവ് |
| S | കുമരപ്പനാൽ No. I |
| 4 | കുമരപ്പനാൽ No. II (Water Supply) |
| 5 | നടുവട്ടം |
| 6 | കമ്മുള്ളി Not Charged |
| 7 | മാക്കളം |
| 8 | തളി |
| 9 | മുക്കിലെപീടിക |
| 10 | വിരുട്ടാണം No. I |
| 11 | വിരുട്ടാണം No. II Not Charged |
| 12 | പിലക്കാട് |
| 13 | മുളംകുന്നു് |
| 14 | തിച്ചൂർ No. I |
| 15 | തിച്ചൂർ No II |

അവലംബം — K. S. E. B. കണ്ടന്നൂർ

# വരവൂർ ഗ്രാമപഞ്ചായത്ത്

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

### പട്ടിക 1

| | |
|---|---|
| 1. നിലവിലുള്ള ഉപഭോക്താക്കൾ: | |
| a) ഗാർഹികം | 1980 |
| b) വ്യാപാരം | 139 |
| c) വ്യാവസായികം | 23 |
| d) കാർഷികം | 575 |
| ആകെ | 2717 |

## വൈദ്യുതി കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

### പട്ടിക 2

| | |
|---|---|
| a) ഓർഡിനറി | 150 |
| b) O. T. P. | 18 |
| c) O. Y. E. C. | 24 |

### പട്ടിക 3

## ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ:

| | |
|---|---|
| ഈ വർഷത്തെ കണക്ഷൻ: | |
| ഓർഡിനറി | 9 |
| O. T. P. | 16 |
| O. Y. E. C. | 53 |
| വഴി വിളക്കുകളുടെ എണ്ണം | 318 |

അവലംബം – K. S. E. B. കണ്ടന്നൂർ

**ഗതാഗതം**

ഈ പഞ്ചായത്തിൽക്കൂടി കൊണ്ടയൂർ തൃശ്ശൂർ പട്ടാമ്പി– തൃശ്ശൂർ തളി തൃശ്ശൂർ എന്നീ റൂട്ടുകളിൽ ഓടുന്ന ബസ്സുകൾ പഞ്ചായത്തിനെ തൃശ്ശൂർ നഗരവുമായി ബന്ധിപ്പിക്കുന്നു. ഈ പഞ്ചായത്തിന്റെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പത്ത് കിലോമീററർ ടാർ ചെയ്ത റോഡുകളുണ്ട്. പഞ്ചായത്തിന്റെ കീഴിൽ 136,55 കിലോമീററർ റോഡുകളുള്ളതിൽ 10 കി. മീ. ടാർ ചെയ്തിട്ടുണ്ട്. മെററൽ ചെയ്ത റോഡ് 5 കിലോമീററും മററ് മൺ റോഡുകൾ 121.55 കിലോമീററും ആണ്. സ്വകാര്യ ബസ്സുകളും, ഒരു K S. R T. C ബസ്സും ആണ് ഇതിലെ സർവ്വീസ് നടത്തുന്നത്. ആകെ 13 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും ജനങ്ങളുടെ യാത്രാക്ലേശം കുറയുന്ന സാഹചര്യമല്ല പഞ്ചായത്തിന്റെ പടിഞ്ഞാറെ അററത്ത് കിടക്കുന്ന തിച്ചൂർ ചേലൂർ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പഞ്ചായത്താഫീസ്, വില്ലേജ് ഓഫീസ്, കൃഷിഭവൻ, ഹോസ്പിററൽ, ഹൈസ്കൂൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് എത്തിച്ചേരാൻ വളരെ ദൂരം വളഞ്ഞ് യാത്രചെയ്തു് വേണം എത്താൻ. തിച്ചൂരിൽനിന്നും ആരംഭിക്കുകയും തളി വരവൂർ വഴി പോകുകയും ചെയ്യുന്ന ബസ്സുകൾ ഉണ്ടെങ്കിൽ ഈ പ്രയാസം ഒഴിവാക്കാൻ കഴിയും. പഞ്ചായത്തിന്റെ ഉൾഭാഗങ്ങളെ ബന്ധിപ്പിക്കുന്ന ബസ്സുകളില്ല.

P. W. D. റോഡുകൾ കാലാകാലങ്ങളിൽ അററകുററപണികൾ നടത്താത്തതിനാൽ ശോചനീയാവസ്ഥയിലാണ്. പഞ്ചായത്തിന്റെ കീഴിലുള്ള ടാർ ചെയ്ത റോഡുകൾ പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനതകൾമൂലം അററകുററപണികൾ ചെയ്യാൻ പററാതിരിക്കയാണ്. മഴകാലത്ത് മിക്ക പഞ്ചായത്ത് റോഡുകളും ഗതാഗത യോഗ്യമല്ലാതായിത്തീരാറുണ്ട്. പല വാർഡുകളിലും റോഡുകളുടെ സൗകര്യം ഇനിയും കൂട്ടേണ്ടിയിരിക്കുന്നു. പുതിയ റോഡുകളുടെ നിർമ്മാണവും, ഉള്ളവ വീതി കൂട്ടലും ഇതിൽപ്പെടും. പഞ്ചായത്തിലെ പ്രധാന സെൻററുകളിൽ ടാക്സി, ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള ടാക്സി സ്റ്റാൻഡുകൾ നിലവിലില്ല. യാത്രാസൗകര്യത്തിന്റെ കാര്യത്തിൽ വളരെയേറെ പരാധീനതകളുള്ള ഒരു പഞ്ചായത്താണ് ഇതു്.

**I പ്രശ്നങ്ങൾ-ഗ്രാമസഭകളിൽനിന്ന്:–**

1 ഓംകുന്ന് കോളനി റോഡ്, കുറുപ്പ് റോഡ്, നെല്ലിക്കുന്ന് കോളനി റോഡ് പള്ളിപ്പാടം വരെയും ചെല്ലി റോഡ് എന്നിവ സഞ്ചാര യോഗ്യമല്ല.

2 കോഴിക്കുന്ന് കോളനി റോഡ് എരുമപ്പെട്ടി റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്തിട്ടില്ല.

3 തിച്ചൂർ അമ്പലത്തിന് തെക്കുഭാഗത്തുള്ള ഇടവഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കിയിട്ടില്ല.

4 പൊന്നംക്കുന്ന് കോളനി റോഡ് എട്ടാംമാററ് റോഡുമായി ബന്ധിപ്പിക്കണം.

5 പഞ്ചായത്തിലെ മററു ഭാഗങ്ങളെ ബന്ധപ്പെടുത്തി തിച്ചൂരിൽനിന്ന് വരവൂർ വഴി ബസ് സർവ്വീസ് ഇല്ല.

6 തളി വിരുട്ടാണം കോളനി റോഡ് ദേവീചിറ ഇട്ടോണം റോഡ് അക്കിക്കുന്ന്, കുന്നുംകാട കോളനി റോഡ് എന്നിവ ഗതാഗത യോഗ്യമല്ല,

7 വിരുട്ടാണം റോഡ് പാറപ്പുറം റോഡിലേക്ക് ബന്ധിപ്പിച്ചിട്ടില്ല.

8 തളിയിൽനിന്ന് ആരംഭിക്കുന്ന ബസ്സുകൾ തിച്ചൂരിൽനിന്ന് ആരംഭിക്കാൻ നടപടിയെടുക്കണം.

9 വിരുട്ടാണം ഭാഗത്തുള്ള ജനങ്ങൾക്ക് പഞ്ചായത്ത് വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ ബസ് സർവ്വീസ് നിലവിലില്ല.

10 ഗുരുവായൂർ, നെല്ലുവായ്, തളി വരവൂർ വഴി ഷൊർണൂർക്ക് ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ആരംഭിക്കണം.

11 ചേലൂർ ബാലവാടിയിലേക്കുള്ള റോഡ് നിർമ്മിക്കണം.

12 വിരുട്ടാണം കോളനി റോഡ് പെരുങ്കണ്ണൂർ വഴി ഗതാഗത യോഗ്യമാക്കണം.

13 ചേലൂർ പള്ളി മുതൽ കൊററുപുറം വഴി ഇട്ടോണത്തേക്ക് പോകുന്ന വഴി ഗതാഗത യോഗ്യമാക്കണം.

**വാർഡ് III**

14 തളി വഴി തൃശ്ശൂർ–ഷൊർണൂർക്കും K S. R. T. C. ബസ്സുകൾ ഓടിക്കണം.

15 തളി–ഹാജിയാർപടി റോഡ്, പേങ്ങാട്ടിരിപ്പടി റോഡ്, തളി അരക്കളം റോഡ് എന്നിവ വേണ്ടത്ര സഞ്ചാരയോഗ്യമല്ല.

**വാർഡ് IV**

16 വരവൂർ–തളി P W. D. റോഡ് വീതികൂട്ടി ഗതാഗതയോഗ്യമല്ല.

17 പാറങ്ങാട്ടുപടി മുതൽ ചേറമ്പാലപടി വരേയും, പാറങ്ങാട്ട്പടി മുതൽ കുഞ്ഞികാളി ടീച്ചറുടെ പടി വരെയുള്ള റോഡ് നിർമ്മിച്ചിട്ടില്ല.

18 മാത്തിൽപടി പാറപ്പുറം റോഡ് കുണ്ടന്നൂർ പടി മുതൽ P. W. D റോഡു വരെയുള്ള റോഡ്, മേക്കോണം എറിഞ്ഞിങ്ങാട്ടുപടി റോഡ് എന്നിവ വേണ്ടത്ര സഞ്ചാരയോഗ്യമല്ല.

19 നാലാം വാർഡിനേയും അഞ്ചാം വാർഡിനേയും ബന്ധിപ്പിക്കുന്ന രാമൻചിറ മുതൽ കൊററുപുറത്തേയ്ക്കുള്ള റോഡ് നിർമ്മിക്കുക.

20 അയ്യപ്പൻപടി മുതൽ പെരുംകുന്ന് കോളനിയിലേക്ക് റോഡ് ബന്ധിപ്പിച്ചിട്ടില്ല. (ചോലയിൽ റോഡ്)

## വാർഡ് V

ചുണ്ടയിൽ റോഡ്, 2-ാംവാർഡ് പാറപ്പുറം റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കിയിട്ടില്ല.

നടുവട്ടം പള്ളി റോഡ് ടാർ ചെയ്തിട്ടില്ല

കൊററുപുറം റോഡ് അഞ്ചാം വാർഡിനേയും 4-ാം വാർഡിനെയും ബന്ധിപ്പിക്കുന്ന രാമൻച്ചിറ റോഡുമായി ബന്ധിപ്പിച്ചിട്ടില്ല.

അഞ്ചാം വാർഡും നാലാം വാർഡും തമ്മിൽ യോജിപ്പിക്കുന്ന കച്ചേരിപ്പാലം റോഡ് നിർമ്മിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടില്ല

വാഴക്കപറമ്പ് കോളനി റോഡ് ഗതാഗത യോഗ്യമാക്കിയിട്ടില്ല.

ഉത്തരം കുളത്തിലേക്ക് പുതുതായി റോഡ് നിർമ്മിച്ചിട്ടില്ല.

ശാരമാം പടിയിൽനിന്ന് കീഴ്പാടം പോകുന്ന വഴി പാടത്തേക്ക് ട്രാക്ടർ കൊണ്ടുപോകുന്നതിന് ഉപയോഗ്യമല്ല

കൊററുപുറം മയിലാടികുന്ന് റോഡ് ഗതാഗത യോഗ്യമല്ല.

പൊതുശ്മശാനം റോഡ് ഗതാഗതയോഗ്യമല്ല,

ഒലിച്ചി റോഡ് കൊററുപുറം റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമല്ല

ഗുരുവായൂർ, നെല്ലുവായ്, നടുവട്ടം, വരവൂർ വഴി പാലക്കാട്ടേക്ക് ഒരു K. S. R. T. C. ബസ് റൂട്ട് അനുവദിച്ചിട്ടില്ല.

തളി നടുവട്ടം കൊററുപുറം വഴി തൃശൂരിലേക്ക് സ്വകാര്യ ബസ് റൂട്ട് അനുവദിച്ചിട്ടില്ല

കൊററുപുറം മുളംകുന്ന് കോളനി റോഡ് ഗതാഗത യോഗ്യമല്ല.

## ർഡ് VI

ലക്ഷം വീട് കോളനി റോഡ്, ആവശ്ശേരി മുക്ക് റോഡ് ഇരുളംകുന്ന് റോഡ് തെക്കുംമുറി കോളനി റോഡ് എന്നിവ ഗതാഗത യോഗ്യമല്ല

കക്കാട്കുന്ന് കോളനിയിൽ തെക്കേകുന്ന് റോഡ് നിർമ്മിച്ചിട്ടില്ല

പൊട്ടകാളകുന്ന് റോഡ്, പുളിക്കൽ കുണ്ട് റോഡ്, വരവൂർ മുസ്ലിം പള്ളിയുടെ സമീപത്തു് നിന്ന് വരവൂർ അംഗൻവാടി വരെയുള്ള റോഡ്, മുണ്ടനോട്ട് പീടികയിൽ സെയ്താലിയുടെ വീടിൻെറ സമീപത്തു്കൂടെ പോകുന്ന റോഡ് എന്നിവ ഗതാഗതയോഗ്യമല്ല. പുളിക്കൽകുണ്ട് റോഡ് നിർമ്മിച്ചിട്ടില്ല.

വരവൂർ വളവിൽ നിന്ന് മുള്ളൂർക്കര റോഡിൽ പണിത് പൂർത്തിയാകാത്ത കാന നിർമ്മിച്ചിട്ടില്ല.

37 മുണ്ടനോട്ട് മാധവൻെറ വീട്ടിൻെറ മൻഭാഗത്തു്നിന്ന് വളവ് വരെയുള്ള P. W. D. റോഡിൻെറ തെക്കുഭാഗത്തു് കാന നിർമ്മിച്ചിട്ടില്ല.

38 വരവൂർ മുള്ളൂർക്കര P. W. D റോഡിൽ (VI-ാം വാർഡിൽ) മൂന്ന് പാലങ്ങൾ പുതുക്കി പണിത് വീതി കൂട്ടിയിട്ടില്ല.

## വാർഡ് VII

39 പാലക്കൽ റോഡ് അററകുററ പണി ചെയ്തു് ടാർ ചെയ്യിട്ടില്ല. (70 മീററർ നീളമേയുള്ളൂ)

40 വരവൂർ ഹൈസ്കൂളിൻെറ മുന്നിൽ നിന്ന് പാലക്കൽ ജംഗ്ഷൻ ഭാഗത്തേക്ക് പോകുന്ന B. S. S. റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. ഈ റോഡിലേക്ക് കപ്പിംങ്ങാട്ട് മനപടിയിൽ നിന്നും മാത്യു മാസ്റ്റർ, നീലകണ്ഠൻ എന്നിവരുടെ വീടിൻെറ മുൻഭാഗത്തു് കൂടി പോകുന്ന റോഡ് ബന്ധിപ്പിക്കണം. പാലക്കൽ അമ്പലത്തിൽ നിന്ന് തെക്കോട്ട് മാണിഞ്ഞാലിൽ വരെയുള്ള വെള്ള ചാൽ സഞ്ചാരയോഗ്യമാക്കി റോഡാക്കി രൂപാന്തരപ്പെടുത്തണം.

41 വരവൂർ P. W. D റോഡിൽ നിന്നും മെകോവിൽ ശിവക്ഷേത്ര റോഡ്, പാപ്പാൻ തോട്ടിൽ, പാലം കെട്ടി 9-ാംവാർഡിലെ നടത്തറ റോഡുമായി ബന്ധിപ്പിക്കുക. വരവൂർ P W. D റോഡിൽനിന്നും തട്ടാൻ പ്രഭാകരൻെറ വീടിൻെറ മൻവശത്തു കൂടെ പോകുന്ന റോഡ് B. S. S. റോഡുമായി ബന്ധപ്പെടുത്തിയിട്ടില്ല.

42 ചങ്കരത്ത്കുന്ന് കോളനി റോഡ്_രാമൻകുളങ്ങര റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കിയിട്ടില്ല.

43 കപ്പിളിങ്ങാട്ട് മനപടിയിൽനിന്നും, പാലസ്കൂൽ റോഡിൽ എത്തുന്ന പടിഞ്ഞാക്കരപടി വഴി പോകുന്ന റോഡ് മെററൽ ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടില്ല.

44 വരവൂർ തളി ലിൻക് റോഡ് (രാമൻകുളങ്ങര അയ്യപ്പൻ റോഡ്) ടാർ ചെയ്തു് ഗതാഗത യോഗ്യമാക്കിയിട്ടില്ല, ബസ്സ് റൂട്ടുകൾ അനുവദിച്ചിട്ടില്ല.

45 ബസ്സുകളുടെ ഫെയർ സ്റ്റേജുകൾ, വരവൂർ വഴി ഓടുന്ന ട്രാൻസ്പോർട്ട് ബസ്സിൻെറ ഫെയർ സ്റ്റേജാക്കി പുനഃനിർണ്ണയം ചെയ്യുക.

46 7-ാംവാർഡിൽ പഞ്ചായത്ത് റോഡും, സ്ഥലവും കയ്യേറിയിട്ടുണ്ട്. ഒഴിപ്പിച്ചിട്ടില്ല.

47 സ്വകാര്യ വ്യക്തികൾ റീ സർവ്വേയെ തുടർന്ന് കൈവശമാക്കിയിട്ടുള്ള റോഡിൻെറ ഭാഗം ഒഴിപ്പിച്ചെടുക്കുക. വില്ലേജ് ഓഫീസിൻെറ സമീപത്തു കൂടി പടിഞ്ഞാട്ട് C. G. മേനോൻെറ വീടിനടുത്തേക്ക് പോകുന്ന റോഡ് ഗതാഗതയോഗ്യമല്ല.

## വാർഡ് VIII

48 കമരപ്പനാൽ കൈതക്കളം വഴി കാഞ്ഞിരശേരിക്ക് പോകുന്ന റോഡ് വാഹന ഗതാഗതയോഗ്യമല്ല.

49 ഒമ്പതാം വാർഡിലെ സബ്സെൻറർ ഭാഗത്തുനിന്നും കമ്മുള്ളിയിലേക്ക് പോകുന്ന റോഡ് മെററൽ ചെയ്ത് ഗതാഗത യോഗ്യമല്ല.

50 കമ്മുള്ളിപാടത്തുനിന്നും തുടങ്ങി വലിയകാട് വഴി അത്തിക്കച്ചാൽ റോഡിൽ എത്തുന്ന റോഡ് മെററൽ ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടില്ല. (മുതലാം കുന്ന് കമ്മുള്ളി റോഡ്)

51 കമ്മുള്ളിപാടത്ത് എത്തിനില്ക്കുന്ന റോഡ് ഫോറസ്റ്റ് ക്വാർട്ടേഴ്സിൻെറ ഭാഗത്ത് എത്തിച്ചിട്ടില്ല.

52 സ്കൂൾ കമരപ്പനാൽ റോഡിൽ നിന്നും വാടാംകുളം വഴി പോകുന്ന റോഡ് ഗതാഗതയോഗ്യമല്ല റോഡിൻെറ പടിഞ്ഞാറുവശത്ത് ഒരു തോടിൻെറ പടിഞ്ഞാറുഭാഗം കല്ലുകൊണ്ട് കെട്ടിയിട്ടുണ്ട്. തോടിൻെറ കിഴക്കുഭാഗം കല്ലുകൊണ്ട് കെട്ടിയിട്ടില്ല.

53 വാടാകുളം കയററത്തിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് കരണിങ്ങാട്ടിൽ പടിവരെ എത്തി നിൽക്കുന്ന റോഡ് ഒഴൂർ പടിക്കൽ, ഞെട്ടുണ്ണി കോളനിയിലേക്ക് പോകുന്ന റോഡുമായി ബന്ധിപ്പിക്കുക ഗതാഗതയോഗ്യമാക്കുക.

54 വാടാംകുളം കയററത്തിൽ നിന്നും വലത്തോട്ട് തിരിയുന്ന റോഡ് ഞെട്ടുണ്ണികോളനി റോഡുമായി ബന്ധിക്കുന്നതു് ഗതാഗതയോഗ്യമല്ല. ഞെട്ടുണ്ണി കോളനി റോഡിൽ ഒരു സ്ലൂയിസ് നിർമ്മിക്കുണം.

55 നായരങ്ങാടി റോഡിൽ നിന്നും തുമരക്കുന്ന്കോളനി വഴി കൈതക്കളം റോഡിലേക്കുമുട്ടുന്ന റോഡ് നിർമ്മിക്കാനായി പഞ്ചായത്തിന് കിട്ടിയ സ്ഥലത്ത് റോഡ് നിർമ്മിച്ചിട്ടില്ല.

5 കോട്ടക്കുന്ന് കോളനി റോഡ്, നായരങ്ങാടി-തുമരക്കുന്ന് കോളനി റോഡ്, P.W.D. റോഡിൽനിന്നും ലക്ഷംവീട് കോളനിയിലേക്ക് പോകുന്ന റോഡ്, P. W. D. റോഡിൽ നിന്നും ചെമ്പിക്കുന്ന് കോളനിയിലേക്ക് പോകുന്ന റോഡ് എന്നിവ ഗതാഗത യോഗ്യമല്ല.

57 P. W. D. റോഡിൽ നിന്നും, H. S. സാംബവ കോളനിയിലേക്കുള്ള റോഡിലേക്ക് വാഹനങ്ങൾ ഇറക്കുന്നതിനായി റാംപ് ഇല്ല.

58 കമ്മുള്ളിപാടത്ത് എത്തി നിൽക്കുന്ന റോഡ് ദേശമംഗലം പഞ്ചായത്തിൽ പള്ളം ഭാഗത്ത് ഫോറസ്റ്റ് അതിർത്തിയിൽ എത്തി നിൽക്കുന്ന റോഡുമായി ബന്ധിപ്പിച്ചിട്ടില്ല.

59 ദേശമംഗലത്തേക്കുള്ള അത്തിക്കച്ചാൽ റോഡിൻെറ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്തണം.

## വാർഡ് IX

60 വെട്ടുകാട് കോളനി റോഡ് ഗതാഗതയോഗ്യമല്ല.

61 നീർക്കോലിമുക്ക് മാങ്ങോട്ട് റോഡ് ടാർ ചെയ്യുക.

62 കാഞ്ഞിപ്പാടം ഹൈസ്കൂൾ റോഡ് ടാർ ചെയ്യുക.

63 പലകച്ചിറമുക്ക് റോഡ് ഗതാഗതയോഗ്യമല്ല.

64 നായരങ്ങാടിയിൽ നിന്നും പുതുശേരി കുളത്തിലേക്കുള്ള റോഡ് ഗതാഗതയോഗ്യമല്ല.

65 കാർളിമുക്ക് മദ്രസ്സയുടെ മുമ്പിൽ കൂടി പോകുന്ന റോഡ് സ്കൂൾ റോഡുമായി ബന്ധിച്ച് ഗതാഗത യോഗ്യമല്ല.

66 വെട്ടുകാട് കോളനി റോഡിൽ നിന്നും ഫോറസ്റ്റ് അതിർത്തിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമല്ല

67 കാഞ്ഞിപാടം റോഡിലെ പാലം പണിയുക. പാപ്പാൻ തോട്ടിൽ പാലവും നിർമ്മിച്ച് ഏഴാം വാർഡിലെ മെതൃക്കോവിൽ ശിവക്ഷേത്ര റോഡുമായി ബന്ധിപ്പിക്കുക എന്നിവ ചെയ്തിട്ടില്ല.

68 മനസ്സുലക്കളം പരിസരത്തുനിന്നും പടിഞ്ഞാറോട്ടു പോകുന്ന മടത്തിലാംകുന്ന് റോഡ് ഗതാഗതയോഗ്യമല്ല.

69 1017 കോളനിയുടെ തെക്കുഭാഗത്തുള്ള റോഡ് ഗതാഗതയോഗ്യമല്ല.

70 ഒമ്പതാം വാർഡിൻെറ ഭാഗമായ ചുള്ളിയിലേക്ക് ഗതാഗത സൗകര്യം ഇല്ല.

71 നീർക്കോലിമുക്ക് മുതൽ കാഞ്ഞിപ്പാടം വരെ (കുളത്തിൽപടി) റോഡ് നിർമ്മിച്ചിട്ടില്ല.

72 കുമരപ്പനാൽ മദ്രസയുടെ മുന്നിൽ കൂടി പോകുന്ന റോഡ് അത്തിക്കച്ചാൽ റോഡുമായി ബന്ധിപ്പിച്ചിട്ടില്ല.

73 എല്ലാ റോഡുകൾക്കും കാനകൾ നിർമ്മിച്ചിട്ടില്ല.

74 അത്തിക്കച്ചാൽ റോഡിൽനിന്ന് കൊങ്ങത്ത്പറമ്പ് കോളനി വഴി പോകുന്ന റോഡ് കമ്മുള്ളി റോഡ്മായി ബന്ധിപ്പിച്ചിട്ടില്ല.

75 റോഡ് കയ്യേററം കർശനമായി തടയുന്നില്ല.

## സാധ്യതകൾ

### വാർഡ് I

1 കോഴിക്കുന്ന് കോളനിറോഡ് എരുമപ്പെട്ടി പഞ്ചായത്തതിർത്തി വരെ വളരെ മുമ്പ് തന്നെ അവർ ടാർ ചെയ്തിട്ടുണ്ട്. വരവൂർ പഞ്ചായത്തതിർത്തിയിലുള്ള കോഴിക്കുന്ന് കോളനി റോഡ് ടാർ ചെയ്ത് എരുമപ്പെട്ടി റോഡുമായി ബന്ധിപ്പിച്ചാൽ ഈ ഭാഗത്തെ ആളുകൾ ബന്ധപ്പെടുന്ന എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ, ഹൈസ്കൂൾ, ആസ്പത്രി, രജിസ്ട്രാർഓഫീസ്,

ബാങ്കുകൾ, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലേക്ക് വളരെ ദൂരക്കുറവ് അനുഭവപ്പെടുന്നതാണ്. ഇതിലെ ബസ്സ് സർവ്വീസ് ആരംഭിക്കാനും സാദ്ധ്യതയുണ്ട്. സുമാർ രണ്ട് കിലോമീററോളമേ ഈ റോഡിന് നീളം വരുന്നുള്ളൂ.

2 തിരുമിററക്കോട് പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന നെല്ലിക്കുന്ന് കോളനി റോഡ് ഗതാഗത യോഗ്യമാക്കിയാൽ ജനങ്ങൾക്ക് വളരെ സൗകര്യമാണ്.

3 പൊന്നുകുന്ന് കോളനി എട്ടാംമാററ് റോഡ് ഗതാഗതയോഗ്യമാക്കേണ്ടതാണ്. ഇപ്പോൾ വാഹനങ്ങൾക്ക് പോകാൻ സൗകര്യമില്ല.

4 കോഴിക്കുന്ന് കോളനി റോഡ് എട്ടാമാററ് റോഡുമായി ബന്ധിപ്പിക്കണം. (കാവുങ്ങൽ റോഡ്)

5 തിച്ചൂർ ജംഗ്ഷൻ അമ്പലനട റോഡിൽ തടസ്സമായി നിൽക്കുന്ന പെട്ടിക്കടകൾ നീക്കം ചെയ്യേണ്ടതാണ്.

6 ഓംകുന്ന് കോളനി റോഡ് വാഹന ഗതാഗതത്തിന് സൗകര്യമില്ലാത്തതിനാൽ വീതികൂട്ടി ഗതാഗതയോഗ്യമാക്കാവുന്നതാണ്.

7 ചെല്ലി റോഡ് ഗതാഗതയോഗ്യമാക്കേണ്ടത് ആവശ്യമാണ്.

8 തിച്ചൂർ അമ്പലത്തിന് തെക്കുഭാഗത്തുള്ള വഴി വീതി കൂട്ടണം.

9 പഞ്ചായത്തിലെ മററു ഭാഗങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് തിച്ചൂർ നിന്നും ചേലൂർ, തളി, വരവൂർ വഴി തൃശ്ശൂർ, തിരുവില്വാമല, പാലക്കാട്, കുന്നംകുളം ഭാഗത്തേക്ക് K.S.R.T.C., സ്വകാര്യ ബസ്സ് സർവ്വീസ് ആരംഭിക്കേണ്ടതാണ്, ഇപ്പോൾ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഈ രംഗത്തുണ്ട്.

## വാർഡ് III

10 ചേലൂർ ചിറ ഇട്ടോണം റോഡ്, തളി വിരുട്ടാണം റോഡ്, അത്തിക്കുന്ന് റോഡ് എന്നിവ ഗതാഗത യോഗ്യമാക്കിയാൽ ജനങ്ങൾക്ക് കൂടുതൽ സൗകര്യമാവും.

11 കുന്നംകാട് കോളനി റോഡ് ഗതാഗതയോഗ്യമാക്കണം

12 വിരുട്ടാണംറോഡ് പാറപ്പുറം റോഡിലേക്ക് ബന്ധിപ്പിക്കണം.

13 തളിയിൽ നിന്നും പുറപ്പെടുന്ന ചില ബസ്സുകൾ വിരുട്ടാണം വഴി ഇട്ടോണം വന്ന് പോകാൻ സൗകര്യപ്പെടുത്തേണ്ടതാണ്.

14 ഗുരുവായൂർ, നെല്ലുവായ്, തളി, വരവൂർ വഴി ഷൊർണ്ണൂർക്ക് ട്രാൻസ്പോർട്ട് ബസ്സ് ആരംഭിച്ചാൽ വളരെയധികം ആളുകൾക്ക് പ്രയോജനം കിട്ടുന്നതാണ്.

15 ചേലൂർ ബാലവാടിയിലേക്ക്, ചേലൂർ ഇട്ടോണം റോഡിൽ നിന്നും റോഡ് സൗകര്യം ഉണ്ടാക്കേണ്ടതാണ്.

16 വിരുട്ടാണം കോളനി റോഡ് ചെറിങ്കന്നൂർ വഴി, ചേലൂർ പള്ളി മുതൽ കൊററുപുറം വഴി ഇട്ടോണത്തേക്ക് പോകുന്ന റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം.

17 പാറങ്ങാട്ട് പടി മുതൽ ചേറമ്പാല പടി വരേയും, കുഞ്ഞിക്കാളി ടീച്ചറുടെ പടിവരേയുമുള്ള റോഡുകൾ നിർമ്മിക്കണം. അതിൽ ആവശ്യമായ സ്ഥലങ്ങളിൽ പാലം നിർമ്മിയ്ക്കണം.

18 മഠത്തിൽപടി, പാറപ്പുറം റോഡ്, കുണ്ടന്നൂർ പടി മുതൽ P.W.D. റോഡുവരെയുള്ള റോഡ്, മേക്കോണം എറിഞ്ഞിങ്ങാട്ട്പടി റോഡ് എന്നിവ വേണ്ടത്ര സഞ്ചാരയോഗ്യമാക്കേണ്ടത് ആവശ്യമാണ്.

19 നാലാം വാർഡിനേയും അഞ്ചാം വാർഡിനേയും ബന്ധിപ്പിക്കുന്ന രാമൻചിറ മുതൽ കൊററുപുറത്തേക്കുള്ള റോഡ് ഇല്ലാത്ത സ്ഥലങ്ങളിൽ റോഡുകൾ നിർമ്മിക്കുകയാണെങ്കിൽ ആ പ്രദേശത്തെ ജനങ്ങൾക്ക് ഉപകാരപ്രദമാകും.

20 അയ്യപ്പൻ പടി മുതൽ പെരുങ്കുന്ന് കോളനിയിലേക്ക് പുതിയ റോഡുകൾ നിർമ്മിച്ച് ബന്ധിപ്പിക്കേണ്ടതാണ്.

## വാർഡ് V

21 പുണ്ടയിൽറോഡ്, രണ്ടാംവാർഡ് പാറപ്പുറം റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കേണ്ടതാണ്.

22 നടുവട്ടം പള്ളി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

23 അഞ്ചാം വാർഡിനേയും നാലാം വാർഡിനേയും ബന്ധിപ്പിക്കുന്ന കൊററുപുറം രാമൻചിറ റോഡ് നിർമ്മിക്കുക.

24 അഞ്ചാം വാർഡും, നാലാം വാർഡും തമ്മിൽ യോജിപ്പിക്കുന്ന കച്ചേരിപ്പാലം റോഡ് ഉണ്ടാക്കി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

25 വാഴക്കപ്പറമ്പ് കോളനി റോഡ് ഗതാഗതയോഗ്യമാക്കണം.

26 ഉത്തരംകുളത്തിലേക്ക് പുതുതായി റോഡ് നിർമ്മിക്കണം.

27 ശാരമോരം പടിയിൽ നിന്ന് കീഴ്പാടം പോകുന്ന വഴി പാടത്തേക്ക് ട്രാക്ടർ കൊണ്ടുപോകുന്നതിന് സൗകര്യപ്പെടുന്നവിധത്തിൽ ഉപയോഗയോഗ്യമാക്കണം.

28 കൊററുപുറം മയിലാടികുന്ന് റോഡ് ഗതാഗതയോഗ്യമാക്കണം.

29 പൊതുശ്മശാനത്തിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

30 ഒലിച്ചി റോഡ് കൊററുപുറം റോഡുമായി ബന്ധിപ്പിക്കുകയും ഗതാഗതയോഗ്യമാക്കുകയും ചെയ്യണം

31 ഗുരുവായൂർ, നെല്ലുവായ്, നടുവട്ടം, വരവൂർ വഴി പാലക്കാട്ടേക്ക് ഒരു K. S. R. T. C. ബസ്സ് റൂട്ട് അനുവദിക്കേണ്ടതാണ്.

32 തളി, നടുവട്ടം, കൊററുപുറം വഴി തൃശൂരിലേക്ക് സ്വകാര്യ ബസ് റൂട്ട് അനുവദിക്കണം.

33 കൊററുപുറം മുളംകുന്ന് കോളനിറോഡ് ഗതാഗതയോഗ്യമാക്കണം.

## വാർഡ് VI

34 കക്കാട്ട്കുന്ന് കോളനി റോഡ്, ലക്ഷംവീട് കോളനി റോഡ്, ആ പശ്ശേരിമുക്ക് റോഡ്, ഇരുളംകുന്ന് റോഡ്, തെക്കുംമുറി കോളനി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം. കക്കാട് കോളനിയിൽ തെക്കേകുന്ന് റോഡ് നിർമ്മിക്കണം.

35 പൊട്ടക്കാളക്കുന്ന് റോഡ്, പുളിക്കൽകുണ്ട് റോഡ് വരവൂർ മുസ്ലീംപള്ളിയുടെ സമീപത്തുനിന്ന് വരവൂർ അംഗൻവാടി വരെയുള്ള റോഡ്, മുണ്ടനാട്ട് പീടികയിൽ സെയ്താലിയുടെ വീടിൻെറ സമീപത്ത് കൂടെ പോകുന്ന റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം. ഇതിൽ പുളിക്കൽകുണ്ട് റോഡ് നിർമ്മിക്കേണ്ടതാണ്.

36 വരവൂർ വളവിൽ നിന്ന് മുള്ളൂർക്കര റോഡിൽ പണി പൂർത്തിയാകാത്ത കാന നിർമ്മിക്കേണ്ടതാണ്.

37 മുണ്ടനാട്ട് മാധവൻെറ വീടിൻെറ മുൻഭാഗത്ത് വളവുവരെയുള്ള P. W. D. റോഡിൻെറ തെക്കുഭാഗത്ത് കാന നിർമ്മിക്കണം.

38 വരവൂർ മുള്ളൂർക്കര P W. D. റോഡിൽ (ആറാം വാർഡിൽ) മൂന്ന് പാലങ്ങൾ പുതുക്കി പണിയുകയും വീതി കൂട്ടുകയും വേണം.

39 എഴുന്നൂറ് മീററോളം നീളമുള്ള പാലക്കൽ റോഡ് അററകുററ പണികൾ ചെയ്ത് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

40 വരവൂർ ഹൈസ്കൂളിൻെറമുന്നിൽ നിന്ന് പാലക്കൽ ജംഗ്ഷൻ ഭാഗത്തേക്ക് പോകുന്ന B. S. S. റോഡ് വീതി കൂട്ടി ഗതാഗത യോഗ്യമാക്കുകയും, ഈ റോഡിലേക്ക് കുപ്പിങ്ങാട്ട് മനപടിയിൽ നിന്നും നീലകണ്ടൻ, മാത്യുമാസ്റ്റർ എന്നിവരുടെ വീടിന് മുൻഭാഗത്തുകൂടി പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കി ബന്ധിപ്പിക്കുകയും വേണം. പാലക്കൽ അമ്പലത്തിൽ നിന്ന് തെക്കോട്ട് മാണി ഞാൽ വരെയുള്ള വെള്ളച്ചാൽ റോഡാക്കി മാററി ഗതാഗതയോഗ്യമാക്കണം.

41 വരവൂർ P W. D. റോഡിൽ നിന്നും മെതുക്കോവിൽ ശിവക്ഷേത്ര റോഡ്, പാപ്പാൻ തോട്ടിൽ പാലം കെട്ടി ഒമ്പതാം വാർഡിലെ നടുത്തറ റോഡുമായി ബന്ധിപ്പിക്കേണ്ടതാണ്. വരവൂർ P. W. D. റോഡിൽനിന്നും തട്ടാൻ പ്രഭാകരൻെറ വീടിൻെറ മുൻവശത്തുകൂടെ പോകുന്ന റോഡ് ഗതാഗത യോഗ്യമാക്കി B. S. S. റോഡുമായി ബന്ധപ്പെടുത്തണം.

42 ചങ്കരത്ത് കുന്ന് കോളനി റോഡ്, രാമൻകുളങ്ങര റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.

43 കുപ്പിങ്ങാട്ട് മനപ്പടിയിൽ നിന്നും പാലസ്കൂൾ റോഡിൽ എത്തുന്ന പടിഞ്ഞാക്കര പടി വഴി പോകുന്ന റോഡ് മെററൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

44 വരവൂർ_തളി ലിങ്ക് റോഡ് (രാമൻകുളങ്ങര അയ്യപ്പൻകാവ് റോഡ്) ടാർ ചെയ്ത ഗതാഗതയോഗ്യമാക്കുകയും ബസ്സ്റൂട്ടുകൾ അനുവദിക്കുകയും ചെയ്യണം.

45 ബസ്സുകളുടെ ഫെയർസ്റ്റേജുകൾ, വരവൂർ വഴി ഓടിക്കൊണ്ടിരിക്കുന്ന ട്രാൻസ പോർട്ട് ബസ്സിൻെറ ഫെയർസ്റ്റേജാക്കി പുനർ നിർണ്ണയം ചെയ്യേണ്ടതാണ്.

46 ഏഴാം വാർഡിൽ പഞ്ചായത്ത് റോഡും, സ്ഥലവും കയ്യേറിയിട്ടുള്ളത് ഒഴിപ്പിച്ചെടുക്കേണ്ടതാണ്.

47 സ്വകാര്യ വ്യക്തികൾ റീസർവ്വേയെ തുടന്ന് കൈവശമാക്കിയിട്ടുള്ള റോഡിൻെറ ഭാഗങ്ങൾ ഒഴിപ്പിച്ചെടുക്കണം. വില്ലേജ് ഓഫീസിൻെറ സമീപത്തുകൂട്ടി പടിഞ്ഞാട്ട് സി ജി മേനോൻെറ വീടിനടുത്തേക്ക് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കണം.

## വാർഡ് VIII

48 കുമരപ്പനാൽ കൈതക്കുളം വഴി കാഞ്ഞിരശേരിക്ക് പോകുന്ന റോഡ് വാഹന ഗതാഗതയോഗ്യമാക്കണം

49 ഒമ്പതാം വാർഡിലെ സബ്സെൻറർ ഭാഗത്തുനിന്നും കമ്മുള്ളിയിലേക്ക് പോകുന്ന റോഡ് മെററൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

50 കമ്മുള്ളി പാടത്തു നിന്നും തുടങ്ങി വലിയകാട്വഴി അത്തിക്കച്ചാൽ റോഡിൽ എത്തുന്ന റോഡ് മെററൽ ചെയ്ത് ഗതാഗത യോഗ്യമാക്കണം. (മുതിലാംകുന്ന് കമ്മുള്ളി റോഡ്)

51 കമ്മുള്ളി പാടത്ത് എത്തിനില്ക്കുന്ന റോഡ് ഫോറസ്റ്റ് ക്വാർട്ടേഴ്സിൻെറ ഭാഗത്ത് എത്തിക്കണം.

സ്കൂൾ കുമരപ്പനാൽ റോഡിൽ നിന്നും വാടാംകുളംവഴി പോകുന്ന റോഡ് ഗതാഗത യോഗ്യമാക്കണം. റോഡിൻെറ പടിഞ്ഞാറ് വശത്തുള്ള തോടിൻെറ പടിഞ്ഞാറ്ഭാഗം ഒരു സ്വകാര്യ വ്യക്തിയുടെ അതിർത്തിയായതിനാൽ നേരത്തെ കല്ലുകൊണ്ട് കെട്ടിയിട്ടുണ്ട് കിഴക്കുഭാഗവും കല്ലുകൊണ്ട് കെട്ടുകയാണെങ്കിൽ മഴക്കാലത്ത് റോഡ് പൊട്ടിപ്പോകാതിരിക്കാൻ നല്ലതാണ്. റോഡിന് ഉറപ്പുകൂട്ടുന്നതിനും സഹായിക്കും

വാടാംകുളം കയററത്തിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് കരണിങ്ങാട്ടിൽ പടി വരെ എത്തിനിൽക്കുന്ന റോഡ് ഒഴൂർ പടിക്കൽ, ഞെട്ടുണ്ണി കോളനിയിലേക്കു പോകുന്ന റോഡുമായി ബന്ധിപ്പിച്ചാൽ ആ പ്രദേശത്തുകാർക്ക് വളരെ സഹായകമാകും.

വാടാകുളം കയററത്തിൽ നിന്നും വലത്തോട്ട് തിരിയുന്ന റോഡ് ഞെട്ടുണ്ണി കോളനി റോഡുമായി ബന്ധിക്കുന്നത് ഗതാഗതയോഗ്യമാക്കണം അവിടെ പുതുതായി ഒരു കലുങ്ക് നിർമ്മിച്ച് ഗതാഗത സൗകര്യമുണ്ടാക്കണം.

നായരങ്ങാടി റോഡിൽ നിന്നും തുമരക്കുന്ന് കോളനി വഴി കൈതക്കുളം റോഡിലേക്ക് മുട്ടുന്ന റോഡ് നിർമ്മിക്കാനായി പഞ്ചായത്തിന് കിട്ടിയ സ്ഥലത്ത് റോഡ് നിർമ്മിക്കണം.

കോട്ടക്കുന്ന് കോളനി റോഡ്, നായരങ്ങാടി—തുമരക്കുന്ന് കോളനി റോഡ്, P. W. D. റോഡിൽ നിന്നും ലക്ഷംവീട് കോളനിയിലേക്ക് പോകുന്ന റോഡ്, P. D. W. റോഡിൽ നിന്നും ചെമ്പിക്കുന്ന് കോളനിയിലേക്ക് പോകുന്ന റോഡ് എന്നിവ ഗതാഗത യോഗ്യമാക്കണം.

P. W. D. റോഡിൽ നിന്നും H S. സാംബവ കോളനിയിലേക്കുള്ള റോഡിലേക്ക് വാഹനങ്ങൾ ഇറക്കുന്നതിനായി റാംപ് നിർമ്മിക്കേണ്ടതാണ്.

കമ്മുള്ളി പാടത്ത് എത്തിനിൽക്കുന്ന റോഡ് ദേശമംഗലം പഞ്ചായത്തിൽ പള്ളം ഭാഗത്ത് ഫോറസ്റ്റ് അതീർത്തിയിൽ എത്തിനിൽക്കുന്ന റോഡുമായി ബന്ധിപ്പിക്കണം.

ദേശമംഗലത്തേക്കുള്ള അത്തിക്കച്ചാൽ റോഡിൻെറ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തി ഗതാഗത യോഗ്യമാക്കണം.

## വാർഡ് IX

60 വെട്ടുകാട് കോളനി റോഡ് ഗതാഗത യോഗ്യമാക്കണം.

61 നീർക്കോലിമുക്ക് മങ്ങോട്ട് റോഡ് ടാർ ചെയ്യണം.

62 കാഞ്ഞിപ്പാടം ഹൈസ്കൂൾ റോഡ് ടാർ ചെയ്യണം.

63 പലകച്ചിറ മുക്ക് റോഡ് ഗതാഗത യോഗ്യമാക്കണം

64 നായരങ്ങാടിയിൽ നിന്നും, പുതുശ്ശേരി കുളത്തിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കണം.

65 കാർളിമുക്ക് മദ്രസ്സയുടെ മുമ്പിൽക്കൂടി പോകുന്ന റോഡ് സ്കൂൾ റോഡുമായി ബന്ധിച്ച് ഗതാഗത യോഗ്യമാക്കണം.

66 വെട്ടുകാട് കോളനി റോഡിൽ നിന്നും ഫോറസ്റ്റ് അതിർത്തിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കണം.

67 കാഞ്ഞിപ്പാടം റോഡിലെ പാലം പണിയുകയും, പാപ്പാൻ തോട്ടിൽ പാലം നിർമ്മിച്ച് ഏഴാം വാർഡിലെ മെതുക്കോവിൽ ശിവക്ഷേത്ര റോഡുമായി ബന്ധിപ്പിക്കുകയും ചെയ്യണം.

68 മനസ്സൽ കുളം പരിസരത്തുനിന്നും പടിഞ്ഞാറോട്ട് പോകുന്ന മഠത്തിലാംകുന്ന് റോഡ് ഗതാഗതയോഗ്യമാക്കണം.

69 1017 കോളനിയുടെ തെക്കുഭാഗത്തുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

70 ഒമ്പതാം വാർഡിൻെറ ഭാഗമായ ചുള്ളിയിലേക്ക് ഗതാഗത സൗകര്യം ഉണ്ടാക്കണം.

71 നീർക്കോലി മുക്ക് മുതൽ കാഞ്ഞിപ്പാടം വരെ (കുളത്തിൽപടി) റോഡ് നിർമ്മിക്കണം.

72 കുമരപ്പനാൽ മദ്രസ്സയുടെ മുന്നിൽ കൂടി പോകുന്ന റോഡ് അത്തിക്കച്ചാൽ റോഡുമായി ബന്ധിപ്പിക്കണം.

73 പഞ്ചായത്തിലെ എല്ലാ റോഡുകൾക്കും കാനകൾ നിർമ്മിക്കണം.

74 അത്തിക്കച്ചാൽ റോഡിൽനിന്ന് കൊങ്ങത്ത്പറമ്പ് കോളനി വഴി പോകുന്ന റോഡ് കമ്മുള്ളി റോഡുമായി ബന്ധിപ്പിക്കണം.

75 റോഡ് കയ്യേററം തടയേണ്ടതാണ്.

## സഹകരണ മേഖല

''എല്ലാവർക്കും വേണ്ടി ഓരോരുത്തരും ഓരോരുത്തർക്കും വേണ്ടി എല്ലാവരും'' എന്ന തത്ത്വമാണല്ലൊ സഹകരണപ്രസ്ഥാനം. സമൂഹത്തിന്റെ സമൂലപരിവർത്തനത്തിന് സഹകരണപ്രസ്ഥാനം അളവററ സംഭാവനകൾ ചെയ്തിട്ടുണ്ട് ഈ രംഗത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ പുരോഗതിയുടെ അലയടികൾ നമ്മുടെ രാജ്യത്തും യഥാസമയം എത്തിയിട്ടുണ്ട്. ജനങ്ങളുടെ കൂട്ടായ്മയിലൂടെയാണ് നാം സ്വാതന്ത്ര്യം നേടിയതുപോലും. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം കേരളത്തിൽ നിലവിൽവന്ന ഭരണകൂടങ്ങൾ തങ്ങളുടെ നയസമീപനങ്ങൾക്ക് വിധേയമായി ഈ രംഗത്തെ ''തൻകുഞ്ഞ്പൊൻകുഞ്ഞ്'' എന്ന്കരുതിയതിനാൽ ഈ മേഖല അതിന്റേതായ അർത്ഥത്തിൽ വളർന്നില്ല. ഉദാഹരണമായി കശുവണ്ടികുത്തക-സംഭരണം ചിലകാലങ്ങളിൽ നടത്തും. ചിലകാലങ്ങളിൽനടത്തുന്നില്ല. അതുപോലെ പലിശനിരക്ക് റിസർവ് ബാങ്കിന്റെ തീരുമാനത്തിന് വിധേയമാകുന്നതും ചെറുകിട സഹകരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. സഹകരണസംഘങ്ങളുടെ ഭരണകാലവധി 5-ൽനിന്ന് 3-വർഷമായി കുറച്ചതും ഓഡിററ്ഫീസ് നിരക്കിന്റെ വർദ്ധനവും, ഡിപ്പോസിററിന്റെകുറവും, വായ്പ യഥാസമയത്ത് തിരിച്ചടക്കാത്ത അവസ്ഥയും കാർഷികസഹകരണ സംഘങ്ങളുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണ്. അതുപോലെ ജനങ്ങളെയാകെത്തന്നെ വിവിധ സഹകരണ മേഖലയുടെ കൊടിക്കീഴിൽ അണിനിരത്താൻ കഴിയാത്തതും ഈ രംഗത്തെ ഒരു പോരായ്മയാണ്

വരവൂർ ഗ്രാമപഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഏകസ്ഥാപനം വരവൂർ കാർഷിക സഹകരണ സംഘമാണ്. ഈ സ്ഥാപനം അതിന്റെ പ്രാരംഭദശയിലെ ചില പ്രശ്നങ്ങളിൽ നിന്ന് ഇപ്പോൾ മുക്തി നേടിയെങ്കിലും ഡെപ്പോസിററിൽ കാര്യമായ വദ്ധനയുണ്ടാകാത്തത് ഒരു പ്രശ്നമായി ഇപ്പോഴും തുടരുന്നുണ്ട്. വളം മുതലായ സ്ററോക്കുള്ള ചരക്കുകളിൽ കാലാകാലങ്ങളിൽ മാറിമാറിവരുന്ന സക്കാരുകൾപ്രഖ്യാപിക്കുന്ന വില നിലവിലുള്ള അനിശ്ചിതത്വം സാമ്പത്തിക നഷ്ടവും വിവിധയിനം വായ്പകൾ കൊടുക്കുന്നതിന് ജില്ലാസഹകരണ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും ഈ സ്ഥാപനത്തിന്റെ പ്രശ്നങ്ങളാണ്.

കാർഷിക മേഖല വിട്ട് മററു മേഖലകളിലൊന്നും ഈ പഞ്ചായത്തിൽ സഹകരണസംഘങ്ങളില്ല. കൊട്ടനെയ്ത്ത്, ബീഡി നിർമ്മാണം, തുന്നൽപരിശീലന കേന്ദ്രം, ക്ഷീരോല്പാദനം, പാചകരംഗം, കെട്ടിട നിർമ്മാണം, ഫർണിച്ചർ ഉല്പാദനം മുതലായ പല മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങൾ വളത്തിയെടുക്കാവുന്നതാണ്.

അതുപോലെ നിലവിലുള്ള കാർഷിക സഹകരണ സംഘം അതിന്റെ പ്രവർത്തനമേഖല വിപുലപ്പെടുത്തികൊണ്ട് ലാഭം മാത്രം ലക്ഷ്യമാക്കാതെ സേവനരംഗത്തേക്ക് ഇറങ്ങിച്ചെന്നാൽ ഇന്നുള്ള ബലാരിഷ്ടതകൾ തരണം ചെയ്യാനാകും.

## സഹകരണമേഖല പുഷ്ടിപ്പെടുത്താൻ ഗ്രാമസഭ നിർദ്ദേശങ്ങൾ

### വാർഡ് 1

തൊഴിൽരഹിതരുടെ സഹകരണസംഘം രൂപീകരിച്ച് വാർഡിലെ വികസന പ്രവർത്തനങ്ങൾ അവരെ ഏല്പിക്കണം

വാർഡിൽ രൂപീകരിക്കുന്ന സഹകരണ സംഘത്തിന്റെ കീഴിൽ വിവിധ വ്യാവസായിക കാർഷിക പ്രവർനങ്ങൾ ഏറെറടുത്ത് നടത്താൻ സഹായിക്കുക.

### വാർഡ് 2

വരവൂർ പഞ്ചായത്തിന്റെ നിലവിലുള്ള സഹകരണ സംഘത്തിന്റെ കീഴിൽ കാർഷികോല്പന്നങ്ങൾ വിററഴിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

### വാർഡ് 3

സഹകരണ സംഘങ്ങൾ രൂപീകരിച്ച് മത്സ്യ കൃഷി നടത്തണം. കൊട്ടനെയ്ത്ത് സഹകരണസംഘം സ്ഥാപിച്ച് ഈററ, മുള എന്നിവ കൊണ്ടുള്ള പനമ്പ്, കൊട്ട, മുറം തുടങ്ങിയവയും പ്ലാസ്റ്റിക്ക് കെയിൻ ഉപയോഗിച്ചു കൊട്ട, കസേര ഇവ നിർമ്മിക്കുകയും ചെയ്യുക.

വരവൂർ സഹകരണ സംഘത്തിന്റെ കീഴിൽ തളിയിൽ ഒരു കട നിർമ്മാണശാല ആരംഭിക്കുക.

സഹകരണസംഘം രൂപീകരിച്ച് മെററൽ ഉടക്കുന്ന യൂണിററ്, ഹോളോ ബ്രിക്സ് നിർമ്മാണ യൂണിററ് എന്നിവ തുടങ്ങുക.

ബീഡിത്തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണസംഘങ്ങൾ രൂപീകരിക്കുക.

സഹകരണ സംഘം വഴി പൊതുവിതരണ കേന്ദ്രം ആരംഭിക്കുക.

### വാർഡ് 4

സഹകരണ സംഘങ്ങളെ നല്ല നിലയിൽ പ്രവർത്തിക്കുവാൻ എല്ലാ ജനങ്ങളുടേയും സഹായം ഉറപ്പുവരുത്തുക. മററ് ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപം സഹകരണ സംഘത്തിലേക്ക് മാററാൻ ബോധവല്ക്കരണം നടത്തുക.

സംഘത്തിന്റെ കീഴിൽ പച്ചക്കറി, മത്സ്യം, മാംസം, പാൽ മുതലായവയുടെ വിപണ കേന്ദ്രങ്ങൾ ആരംഭിക്കുക.

നിക്ഷേപതുക ചെറുകിട കൃഷിക്കാക്കും ചെറുകിട കച്ചവടക്കാക്കും കുറഞ്ഞ പലിശക്ക് വായ്പ കൊടുക്കാൻ സംവിധാനം ഉണ്ടാക്കുക. സംഘത്തിന്റെ കീഴിൽ ഒരു റബ്ബർ മാർക്കററിങ്ങ് സൊസൈററി തുറക്കുക.

### വാർഡ് 5

സഹകരണ മേഖലയിൽ ഒരു റബ്ബർ മാർക്കററിംഗ് സൊസൈററി തുടങ്ങുക സഹകരണമേഖലയിൽ ബീഡി വ്യവസായം ആരംഭിക്കുക സഹകരണ അടിസ്ഥാനത്തിൽ ക്ഷീരവ്യവസായം സ്ഥാപിക്കുക നാളികേരം, അടക്ക, കുരുമുളക് എന്നിവക്ക് ന്യായവില ലഭിക്കുവാൻ മാർക്കററിംഗ് സൊസൈററികൾ സ്ഥാപിക്കുക. പച്ചക്കറി സംഭരണ വിപണനകേന്ദ്രം സൊസൈററിയുടെ കീഴിൽ ആരംഭിക്കുക.

### വാർഡ് 6

നിലവിലുള്ള സഹകരണ സംഘത്തിൽ നിന്നുള്ള കാർഷിക വായ്പയുടെ തുക വർദ്ധിപ്പിക്കുക.

കാർഷിക വായ്പകളിൽ പലിശക്ക് സബ്സിഡി നൽകിയിരുന്നത് വീണ്ടും നടപ്പിലാക്കുക.

വരവൂർ വില്ലേജിൽ ഒരു ക്ഷീര സഹകരണ സംഘം സ്ഥാപിക്കുക.

കാർഷികേതര മേഖലകളിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

### വാർഡ് 7

വരവൂർ സഹകരണ സംഘത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുക.

തൊഴിൽരഹിതരായ വനിതകളുടെ സഹകരണ സംഘം രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബീഡിനിർമ്മാണം തുടങ്ങിയവ നടത്തുക. ക്ഷീര സഹകരണസംഘങ്ങൾ ആരംഭിക്കുക.

ഈ പഞ്ചായത്തിലെ പാചകവിദഗ്ദരെ സഹകരണാടിസ്ഥാനത്തിൽ സംഘടപ്പിച്ച് ഏഴാംവാർഡ് കേന്ദ്രമാക്കി സഹകരണസംഘം ആരംഭിക്കണം.

### വാർഡ് 8

സഹകരണസംഘം സ്ഥാപിച്ച് കൊട്ടനെയ്ത്ത് കേന്ദ്രം ആരംഭിക്കണം.

ബീഡിത്തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിക്കണം. ക്ഷീര സഹകരണ സംഘം സ്ഥാപിക്കണം.

### വാർഡ് 9

സഹകരണസംഘം വഴി സബ്സിഡി നൽകി കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക.

ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

വരവൂർ സഹകരണ സംഘത്തിന്റെ ബ്രാഞ്ച് കുമരപ്പനാലിൽ ആരംഭിക്കുക.

കാർഷികോല്പന്നങ്ങൾ സഹകരണ സംഘം ശേഖരിച്ച് വിററഴിക്കുക.

മലഞ്ചരക്ക് സഹകരണസംഘം വഴി ശേഖരിച്ച് വിപണനം നടത്തുക.

## പരിഹാര മാർഗ്ഗങ്ങൾ

നിലവിലുള്ള കാർഷിക സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ മേഖലയിലേക്ക് കടന്നുചെല്ലണം. അതിനായി സംഘത്തിന്റെ ബ്രാഞ്ചുകൾ കുമരപ്പനാൽ, തളി എന്നിവിടങ്ങളിൽ ആരംഭിക്കണം.

സംഘത്തിൽ മാവേലിസ്റ്റോർ ആരംഭിക്കണം. സൊസൈററി വഴി കാർഷികോപകരണങ്ങൾ വിററഴിക്കണം. കൈക്കോട്ട്, മമ്മട്ടി, പിക്കാസ്, അരിവാൾ, കുട്ട, കപ്പി, കയർ എന്നിവ വില്പന നടത്തണം. സൊസൈററി വഴി കാർഷികോല്പന്നങ്ങളും പച്ചക്കറിയും സംഭരിച്ച് വിററഴിച്ച് കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുവാൻ സഹായിക്കുക. വളം, കീടനാശിനികൾ, കാലിത്തീററ, തുണിത്തരങ്ങൾ ഇവ സായാഹ്നങ്ങളിൽ ലഭ്യമാക്കുക. റബ്ബർ ഉല്പന്നങ്ങൾ സൊസൈററി വഴി വാങ്ങി വില്പന നടത്തുക.

അടക്ക മാർക്കററിംഗ് സൊസൈററിയിലൂടെ ഏർപ്പെടുത്തുക നിത്യോപയോഗ സാധനങ്ങളും സ്റ്റേഷനറി വസ്തുക്കളും അടക്കമുള്ള കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം മുഖേന നടത്തുക. കൂടുതൽ അംഗങ്ങളെ ചേർക്കുകയും പരമാവധി നിക്ഷേപം ഉയർത്തുകയും ചെയ്യുക., നിക്ഷേപപദ്ധതിയിലേക്ക് 'daily door to door collection' സമ്പ്രദായം ഏർപ്പെടുത്തി സൊസൈററിയെ ജനങ്ങളുമായി അടുപ്പിച്ച് നിക്ഷേപം വർദ്ധിപ്പിക്കുക.

ബീഡി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളെ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സഹകരണസംഘം രൂപീകരിക്കുകയും ബീഡി നിർമ്മാണത്തിനാവശ്യമായ മെററീരിയൽസ് ലഭ്യമാക്കുകയും ബീഡി വിററഴിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുകയും ചെയ്യാവുന്നതാണ്.

തൊഴിൽരഹിതരായ പെൺകുട്ടികൾക്ക് സഹകരണ സംഘങ്ങൾ രൂപീകരിച്ച് റെഡിമെയ്ഡ് ഗാർമെൻറ് നിർമ്മാണകേന്ദ്രം ആരംഭിക്കാവുന്നതാണ്. ഇതിനുള്ള സാമ്പത്തിക സഹായം വ്യവസായകേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

പട്ടികജാതിക്കാരുടെ പരമ്പരാഗത തൊഴിലായ കൊട്ട നിർമ്മാണം സഹകരണ സംഘം രൂപീകരിച്ച് വിപുലീകരിക്കാവുന്നതും ഈററ, മുള എന്നിവ ലഭ്യമാക്കുകയും, ഉല്പന്നങ്ങൾ വിററഴിക്കാനും ഉതകുന്ന തരത്തിൽ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്യുക.

ഒരു പാട് പാചകവിദഗ്ദരും പാചക തൊഴിലാളികളും അധിവസിക്കുന്ന പ്രദേശമായതിനാൽ അങ്ങനെയുള്ളവരെ സംഘടിപ്പിച്ച പാചകത്തൊഴിലാളി സേന രൂപീകരിക്കാവുന്നതാണ്. പാചകത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കി ഈ സ്ഥാപനത്തെ വികസിപ്പിക്കാവുന്നതാണ്.

കെട്ടിടനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കെട്ടിടനിർമ്മാണം ഏറെറടുക്കാവുന്നതാണ്.

ഇങ്ങനെ വിവിധ മേഖലയിലെ കൂട്ടായ്മയിലൂടെ ഈ പഞ്ചായത്തിന്റെ സഹകരണ മേഖല പോഷിപ്പിക്കാവുന്നതാണ്.

## വിഭവ സമാഹരണം

വരവൂർ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. ജനസംഖ്യയിൽ ഏതാണ്ട് എഴുപതുശതമാനവും കൃഷിപണി മുഖ്യതൊഴിലായോ, ഭാഗീകമായോ ചെയ്യുവരുന്നു. ശേഷിച്ച ജനസംഖ്യയിൽ അഞ്ചുശതമാനം സ്ഥാപനങ്ങളായി കച്ചവടം ചെയ്യുവരുന്നു. അഞ്ചുശതമാനം ഇടനിലക്കാരായി, മൊത്തമായും ചില്ലറയായും കരാറടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ വാങ്ങിച്ച് കച്ചവടം നടത്തുന്നു. പത്തുശതമാനത്തോളം കാർഷിക മേഖലയിൽ ഉടമസ്ഥരായ കൃഷിക്കാരുടെ ജോലിയിൽ സഹായിക്കുന്ന കർഷകത്തൊഴിലാളികളാണ്. ബാക്കി അഞ്ചുശതമാനം ഭാഗീകമായി തൊഴിലുള്ളവരും, ശേഷിച്ച അഞ്ചുശതമാനം യാതൊരുവിധ തൊഴിലില്ലാത്തവരായും ഉണ്ട്. ഭാഗീക തൊഴിലാളികളിൽ കൃഷിപണി, വീട് നിർമ്മാണം, പാചക കല, ക്ഷേത്രവാദ്യകല തുടങ്ങിയ വിവിധ ജോലികളിൽ ഏർപ്പെടുന്നവരാണ്. കുറഞ്ഞ ഭൂമിയുള്ള കൃഷിക്കാർതന്നെ ഭാഗീകമായി തൊഴിലിൽ ഏർപ്പെടുന്നവരും ഉണ്ട്.

പുതിയ പഞ്ചായത്ത് സംവിധാനത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിന് വിട്ടുതന്നിട്ടുണ്ട്.

- പ്രാഥമികാരോഗ്യകേന്ദ്രം
- കൃഷിഭവൻ
- പ്രൈമറി സ്കൂൾ
- മൃഗസംരക്ഷണ കേന്ദ്രം
- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്
- അംഗൻവാടികൾ

പഞ്ചായത്തിലെ പ്രധാന ധനകാര്യസ്ഥാപനങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വരവൂർ ബ്രാഞ്ച് (തളിയിൽ സ്ഥിതിചെയ്യുന്നു), വരവൂർ സർവ്വീസ് സഹകരണ സംഘം എന്നിവയാണ്.

വിദേശത്ത് ജോലി ചെയ്യുന്നവർ ഏകദേശം മുന്നൂറ് ആണ്. ഇവരിൽ നിന്നും നാട്ടിലേക്കയക്കുന്ന ധനം ഈ പഞ്ചായത്തിൻെറ പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ്. എന്നാൽ ഇത് നാടിൻെറ വികസന പ്രക്രിയയെ സഹായിക്കുന്നില്ല. കെട്ടിടനികുതി, തൊഴിൽനികുതി ലൈസൻസ്ഫീസ്, വസ്തുകൈമാററനികുതി, സർക്കാർ ഗ്രാൻറ് എന്നിവയാണ്. എന്നാൽ വസ്തു കൈമാററനികുതി കാലാകാലങ്ങളിൽ ലഭ്യമല്ലാത്തതിനാൽ ഈ വരുമാനം മുൻകൂട്ടിക്കണ്ട് വരവിനത്തിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. പഞ്ചായത്തിൻെറ വരവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 1,2,എന്നിവയിലുണ്ട്. ചെലവിനങ്ങൾ പട്ടിക 3,4,5 എന്നിവയിൽ കാണിച്ചിട്ടുണ്ട്.

പഞ്ചായത്ത് പുനർവിഭജനസമയത്ത്,ഈ പഞ്ചായത്തിലുൾപ്പെട്ടിരുന്നതും, കൂടുതൽവിഭവസമാഹരണ സാദ്ധ്യതയുണ്ടായിരുന്നതുമായ മുള്ളൂർക്കരപ്രദേശം ഉൾപ്പെടുത്തികൊണ്ട്പുതിയ മുള്ളൂർക്കര പഞ്ചായത്ത് രൂപം കൊള്ളുകയും അതിൻെറഫലമായി വരവൂർ പഞ്ചായത്ത് വരുമാനസാദ്ധ്യതകളില്ലാത്ത ഒന്നായിതീരുകയുംചെയ്തു. സർക്കാർ ആപീസുകൾ തുലോം കുറവായതുകൊണ്ടും, ഫാക്ററികൾ തീരെ ഇല്ലാത്തതുകൊണ്ടും തൊഴിൽ നികുതിയിനത്തിലുള്ള വരുമാനം വളരെ കുറവാണ്. സിനിമാതിയ്യററർ ഒന്നുപോലുമില്ലാത്ത പഞ്ചായത്തായതിനാൽ വിനോദനികുതിയിനത്തിലും വരുമാനം തീരെയില്ല. അതുകൊണ്ടുതന്നെ സർക്കാരിൽ നിന്നുള്ള ധനസഹായം ഗണ്യമായ തോതിൽ വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ഈ പഞ്ചായത്തിൻെറ വികസന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയൂ.

മനുഷ്യാദ്ധ്വാനം വിഭവമായി സമാഹരിക്കാൻ സാദ്ധ്യതകളുള്ള ഒരുപഞ്ചായത്താണ്ഇത്. യുവതി യുവാക്കളിൽ പലരും പുതിയ വികസന പ്രക്രിയയിൽ തങ്ങളുടെ അദ്ധ്വാനം നൽകാൻതയ്യാറാണ്.

# പ്രശ്നങ്ങൾ - ഗ്രാമസഭകളിൽ നിന്ന്

### വാർഡ് 1

1 വികസന പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളുടെ ശ്രമദാനവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിന് ബോധവൽക്കരണംനടത്തുക.

2 വരവൂർ സഹകരണസംഘം കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തണം ഇതിൽനിന്നും കിട്ടുന്ന ലാഭം വിഭവമായെടുക്കാം.

### വാർഡ് 2

3 വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് സന്നദ്ധ സംഘടനകൾ രൂപീകരിക്കുക.

### വാർഡ് 3

4 ഗ്രാമവികസന ബോർഡിൻെറ സഹായത്തോടെ തളിയിൽ സിനിമാശാല, ഷോപ്പിങ്ങ്കോംപ്ലക്സ്, കല്ല്യണമണ്ഡപം എന്നിവ പണിതു് വരുമാനംഉണ്ടാക്കാം

### വാർഡ് 4

5 ശ്രമദാനം സംഘടിപ്പിക്കുക ശ്രമദാനം ചെയ്യുമ്പോൾ സാമ്പത്തകിശേഷിയുള്ളവരെ കൊണ്ട്ഭക്ഷണം,മുതലായ ചിലവുകൾ ചെയ്യാൻ പ്രേരിപ്പിക്കുക.

6 പണികൾക്ക് ആവശ്യമായ വസ്തുക്കൾ മൊത്തമായോ, കുറഞ്ഞതോതിലോ എത്തിച്ച് പണി ചെയ്തുതരാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുക.

7 വിദേശ മലയാളികളിൽ നിന്നും വിഭവസമാഹരണത്തിന് ശ്രമിക്കുക.

**വാർഡ് 5, 6**

8 നിലവിലുള്ള സർവ്വീസ് സഹകരണ സംഘത്തിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി സഹകരണ ബാങ്കായി ഉയർത്തുക.

**വാർഡ് 7**

9 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വരവൂർ ബ്രാഞ്ചിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഏഴാം വാർഡിലേക്ക് മാററി സ്ഥാപിക്കുക.

10 പഞ്ചായത്തതിർത്തിയിൽ പാർക്ക് ചെയ്യുന്ന ടാക്സി വാഹനങ്ങളിൽ നിന്നും പാർക്കിംഗ്ഫീസ് പിരിക്കുക.

11 വളർത്തുനായ്ക്കളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് നികുതി ഏർപ്പെടുത്തുക.

12 വിദേശ മലയാളികളെ ബോധവൽക്കരിച്ച് വിദേശത്തു നിന്നും എത്തുന്ന പണത്തിന്റെ ഒരു ഭാഗം വികസന പ്രവർത്തനത്തിന് ഉപയോഗിക്കാവുന്ന രീതിയിൽ നിക്ഷേപിക്കാൻ ആവശ്യമായ പദ്ധതി തയ്യാറാക്കുക.

13 ഷോപ്പിങ്ങ് കോംപ്ലക്സ്, സിനിമ തിയ്യേററർ, കമ്മ്യൂണിററി ഹാൾ, ബസ്സ് സ്റ്റാൻറ് എന്നിവയുടെ നിർമ്മാണം.

14 സന്നദ്ധസംഘടന രൂപീകരിച്ച് വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

15 പാരലൽ കോളേജുകളും, ട്യൂഷൻ സെൻററുകളും രജിസ്റ്റർ ചെയ്ത് നികുതി ഏർപ്പെടുത്തുക.

16 സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പററാത്ത നിർമ്മാണ തൊഴിലാളികൾ, മററു തൊഴിൽ മേഖലയിലെ ജീവനക്കാർ എന്നിവക്ക് തൊഴിൽനികുതി ഏർപ്പെടുത്തുക.

17 പരസ്യ നികുതി ഏർപ്പെടുത്തുക.

18 വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ഫീസീടാക്കുക.

**വാർഡ് 8**

19 സന്നദ്ധസംഘടനകൾ രൂപീകരിച്ച് വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉണ്ടാക്കുക.

**വാർഡ് 9**

20 ജലസേചനസൗകര്യം വർദ്ധിപ്പിച്ച് കാർഷികോല്പാദനം വർദ്ധിപ്പിക്കുക.

21 സന്നദ്ധസംഘടന രൂപീകരിക്കുക.

**സാധ്യതകൾ**

1 വികസന പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തി ശ്രമദാനവും, സാമ്പത്തിക സഹായവും ലഭ്യമാക്കാം.

2 വരവൂർ സഹകരണസംഘത്തിൽ കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വില്പനനടത്തുന്ന കേന്ദ്രം ആരംഭിച്ച് ലാഭം വിഭവമായി സമാഹരിക്കാം.

3 സന്നദ്ധ സംഘടനകളുടെ രൂപീകരണം വികസന പ്രവർത്തനങ്ങൾക്ക് സഹായകമാകും.

4 ഗ്രാമവികസന ബോർഡിന്റെ സഹായത്തോടെ സിനിമാശാല, ഷോപ്പിങ്ങ്കോംപ്ലക്സ്, കല്ല്യാണമണ്ഡപം എന്നിവ പണിതാൽ കൂടുതൽവരുമാനമുണ്ടാകുമോ എന്ന പരിശോധിക്കാവുന്നതാണ്. ഗ്രാമവികസന ബോർഡിന് അടക്കേണ്ട മുതലും പലിശയും യഥാസമയം അടക്കുന്നതിന്നു് ഒരുവരുമാനം കിട്ടുകയാണെങ്കിൽ മാത്രമേ ഈ സംരംഭം വിജയിക്കുകയുള്ളു.

5 ശ്രമദാനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സാമ്പത്തിക ശേഷിയുള്ള വരെക്കൊണ്ട് ശ്രമദാനി ചെയ്യുന്നവർക്ക് ഭക്ഷണം മുതലായ ചെലവുകൾ ചെയ്യിക്കാൻ പ്രേരിപ്പിക്കാവുന്നതാണ്.

6 ചെയ്യുന്ന പണികൾക്ക് ആവശ്യമായ വസ്തുക്കൾ മൊത്തമായോ, കുറഞ്ഞ തോതിലോ എത്തിച്ച് പണി ചെയ്തു തരാൻ താല്പര്യമുള്ള വ്യക്തികളിൽ നിന്നു് സ്പോൺസർഷിപ്പ് സ്വീകരിക്കാവുന്നതാണ്.

7 വിദേശ മലയാളികളുടെ വരുമാനത്തിന്റെ ഒരു ഭാഗം വിഭവ സമാഹരണത്തിന് കിട്ടുന്നതിനായി ബോധവൽക്കരണം നടത്തണം.

8 സഹകരണ സംഘത്തെ കൂടുതൽ അംഗങ്ങളെ ചേർത്തു് മൂലധനം സ്വരൂപിക്കാം.

9 സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻ കൂറിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വരവൂരിലെ എല്ലാവർക്കും സൗകര്യപ്പെടുന്ന ഏഴാംവാർഡിലേക്ക് മാററി സ്ഥാപിക്കേണ്ടതാണ്.

10 പഞ്ചായത്ത് അതിർത്തിയിൽ പാർക്ക് ചെയ്യുന്ന ടാക്സിവാഹനങ്ങൾക്ക് പാർക്ക്ചെയ്യാൻ സൗകര്യമുണ്ടാക്കി പാർക്കിംഗ് ഫീസ് പിരിക്കാവുന്നതാണ്.

11 വളർത്തു നായ്ക്കൾക്ക് ഫീസ് ഏർപ്പെടുത്താം

12 വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ വിദേശ മലയാളികളുടെ സമ്പാദ്യത്തിന്റെ ഒരു ഭാഗം നിക്ഷേപിക്കുന്നതിനു് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യാം.

13 ഷോപ്പിങ്ങ് കോംപ്ലക്സ്, സിനിമ തിയ്യേററർ, കമ്മ്യൂണിററി ഹാൾ, ബസ്സ് സ്റ്റാൻറ് എന്നിവയുടെ നിർമ്മാണം കൊണ്ട് വിഭവ സമാഹരണം നടത്താൻ പററുമോ എന്നു് പരിശോധിക്കാം.

14 സന്നദ്ധസംഘടനകൾ രൂപീകരിച്ച് വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയും.

15 പാരലൽ കോളേജ്, ട്യൂഷൻ സെൻറർ എന്നിവ രജിസ്റ്റർ ചെയ്ത് കുട്ടികളുടെയും, അദ്ധ്യാപകരുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതാണ്.

16 സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പററാത്ത നിർമ്മാണത്തൊഴിലാളികൾ, മററ് തൊഴിൽ മേഖലയിലെ ജീവനക്കാർ എന്നിവരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാം.

17 പഞ്ചായത്തിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഏർപ്പെടുത്താം.

18 വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ഫീസീടാക്കാം.

19 കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ പ്രേരിപ്പിക്കണം.

20 സന്നദ്ധസംഘടനകൾ രൂപീകരിച്ച് വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ ബോധവല്ക്കരണം നടത്താവുന്നതാണ്.

21 ഇന്ദിരാ വികാസ് പത്രത്തിലൂടെ നിക്ഷേപിക്കുന്ന പണത്തിന്റെ നല്ലൊരുവിഹിതം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. പഞ്ചായത്ത് കമ്മററിയുടെ നേതൃത്വത്തിൽ വ്യാപകമായ നിക്ഷേപ സമാഹരണം ഈ തുറയിൽ ഉണ്ടാക്കാൻ കഴിയണം. മഹിളാ പ്രധാൻ ഏജൻറിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഇത് സഹായകമാകും.

22 സന്നദ്ധ പ്രവർത്തനവും, പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയും വികസന പ്രവർത്തനത്തിന്റെ ഒരു പ്രധാന സ്രോതസ്സായിമാററാം. പഞ്ചായത്തിലെ എല്ലാതലത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും അദ്ധ്വാനമായോ പണമായോ ശേഖരിക്കാൻ കഴിയണം. എല്ലാം പഞ്ചായത്ത് ചെയ്ത്തരണം എന്ന ജനങ്ങളുടെ കാഴ്ച്ചപ്പാടിനു് മാററം വരണം. ജനകീയപ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആവേശം ഇത്തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയണം.

## പട്ടിക 1

## വരവ് സംബന്ധിച്ച വിവരങ്ങൾ 1995—96

| | ഇനം | വരവ് | ശതമാനം |
|---|---|---|---|
| 1 | കെട്ടിട നികുതി | 82836—00 | |
| 2 | തൊഴിൽ നികുതി | 47900 - 00 | |
| 3 | വിനോദ നികുതി | — | |
| 4 | ലൈസൻസ് ഫീസ് | 2851—00 | |
| 5 | വസ്തു കൈമാററ നികുതി | 70525—00 | 100% |
| 6 | സർക്കാർ ഗ്രാൻറ് | 850274—.0 | |
| 7 | ഡെപ്പോസിററ് | 5300 - 00 | |
| 8 | മററുള്ളവ | 15678—85 | |
| | ആകെ | 1075364—85 | |

## പട്ടിക 2

## ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995—96

| | ഇനം | ചെലവ് | ശതമാനം |
|---|---|---|---|
| 1 | ഭരണം | 404310-75 | 37 6% |
| 2 | പൊതു മരാമത്ത് | 279973-00 | 26.3% |
| 3 | വിദ്യാഭ്യാസം | 201-00 | 1.8% |
| 4 | ജലവിതരണം | 3384-00 | 31.5% |
| 5 | ഓടകളും പൊതുജനാരോഗ്യം | 1110-00 | 10.3% |
| 6 | തെരുവ് വിളക്കുകൾ | 58175-00 | 54.1% |
| 7 | മററുള്ളവ | 19815-00 | 18.4% |
| | ആകെ | 766968-75 | |

## പട്ടിക 3

### വരവൂർ ഗ്രാമപഞ്ചായത്ത്

### പഞ്ചായത്ത് വരുമാനം (വാർഷിക വർദ്ധന നിരക്ക്

| വർഷം | തുക | വാർഷിക വർദ്ധന നിരക്ക് |
|---|---|---|
| 1991 – 92 | 412799 85 | |
| 1992 93 | 425269—15 | 29.3 % |
| 1993—94 | 507222—80 | 16.2 % |
| 1994 - 95 | 266866—7 | (—) 47.3 % |
| 1995—96 | 223802—85 | (—) 16.1 % |

## പട്ടിക 4

### (അൺടൈഡ് ഫണ്ട്)

| വർഷം | പൊതുവിൽ | Sep | ആകെ | വാർഷിക വർദ്ധന നിരക്ക് |
|---|---|---|---|---|
| 1990–91 | | | 225000–00 | |
| 1991–92 | 196000–00 | 59000–00 | 247000.00 | 89% |
| 1992–93 | 201500–00 | 56000–00 | 257500–00 | 38.9% |
| 1993–94 | 192200–00 | 70000–00 | 262200–00 | 19.8% |
| 1994–95 | 272700–00 | 76000–00 | 348700–00 | 24.8% |
| 1995–96 | 245540–00 | 106400 00 | 351940–00 | 9.2% |

## പട്ടിക 5

### ജെ. ആർ. വൈ. പദ്ധതിയിലെ കഴിഞ്ഞ 5 വർഷത്തെ ചെലവ്

| വർഷം | തുക | ജനറൽ | ശതമാനം | പട്ടികജാതി / പട്ടികവർഗ്ഗം | ശതമാനം |
|---|---|---|---|---|---|
| 1991—92 | 528618 | 449325 | 85% | 79293 | 15% |
| 1992—93 | 408828 | 347504 | 85 % | 61324 | 15% |
| 1993—94 | 470867 | 400237 | 85% | 70630 | 15% |
| 1994—95 | 317467 | 266281 | 88.5% | 51186 | 11.5% |
| 1995—96 | 390629 | 259229 | 74.6% | 131400 | 25.4% |
| | 2116409 | 1722576 | 81.9% | 393833 | 18.1% |

അനുബന്ധം. 2

വരവൂർ ഗ്രാമപഞ്ചായത്ത്

ഭൂമിസംബന്ധിച്ചവിവരങ്ങൾ. (Ref. A. രജിസ്റ്റർ, BT രജിസ്റ്റർ) പട്ടിക 6

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | | | | | ഉടമസ്ഥന്മാരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിന് മുകളിൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1. വിലക്കാട് | 843.84 | 265.12 | 1686.35 | — | 2795.31 | 180 | 289 | 273 | 268 | 186 | 108 | 31 |
| 2. വരവൂർ | 1488.23 | 485.86 | 845.60 | 17.27 | 2836.96 | 274 | 331 | 453 | 389 | 302 | 227 | 54 |
| 3. തിച്ചൂർ | 936 - | 478 - | 452 - | — | 1866 - | 386 | 568 | 364 | 237 | 138 | 65 | 53 |
| *. കാഞ്ഞിരക്കോട് | 36 | | | 9 | | | | 10 | 24 | 2 | | |
| ആകെ | 3268.07 | 1228.98 | 2983.95 | 17.27 | 7498.27 | 840 | 1188 | 1110 | 894 | 626 | 400 | 138 |

# വരവൂർ ഗ്രാമപഞ്ചായത്ത്

പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ. (Ref. പുറമ്പോക്ക് രജിസ്റ്റർ. പട്ടിക. 7

| വില്ലേജിന്റെ പേര് | മറ്റു | വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വഴി (പ്രധാന) | തോട് | റിസർവ്വ് വനം | സംരക്ഷിത വനം | കുളം | റോഡ് | തരിശ് | കിണർ | കളിസ്ഥലം | ശ്മശാനം | പാറ | മിച്ചഭൂമി | ഗ്രാമം വഴി പതിച്ച സ്ഥലം | സർക്കാർ ആശുപത്രി | പഞ്ചാ. വക കെട്ടിടം | ഗവ. ഹൈസ്കൂൾ, UP സ്കൂൾ | മാർക്കറ്റ് | ആകെ |
| 1 | | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1. ചിറക്കോട് | | 38.61 | 22.52 | 1542.69 | 1-10 | 10.64 | 9.92 | 45.31 | 0.64 | 0.05 | 0.96 | 3.41 | 9.40 | 1.08 | – | – | – | – | 1686.33 |
| 2. വരവൂർ | | 327.00 | 20.00 | 542.68 | – | 5.00 | 26.00 | 19.00 | 0.17 | 0.99 | – | 2.25 | – | – | 1-00 | 0.55 | 5.08 1.06 | 2.00 | 952.78 |
| 3. തിച്ചൂർ | 230 | [illegible] | 12.00 | 174.00 | | 10.00 | 13.00 | – | – | – | – | – | – | – | – | – | – | – | 439.00 |
| ആകെ. | 230 | 365.61 | 54.52 | 2259.37 | 1-10 | 25.64 | 48.92 | 64.31 | 0.81 | 1.04 | 0.96 | 5.66 | 9.40 | 1.08 | 1.00 | 0.55 | 6.14 | 2.00 | 3078.11 |